
# TRICHUR ARCHDIOCESAN BULLETIN

2024 ഏപ്രിൽ | വാല്യം: 91 | ലക്കം: 04




തോമസിന്റെ സംശയം (യോഹ 20, 27)



26-ാം
ചരമവാർഷികം

# മാർ ജോസഫ് കുണ്ടുകുളം

തൃശ്ശൂർ അതിരൂപത പ്രഥമ മെത്രാപോലീത്ത
ജനനം 16.09.1917
മരണം 26.04.1998

Trichur
Archdiocesan
Bulletin
TAB

ESTD:1934

ഏപ്രിൽ 2024
ലക്കം: 04 | വാല്യം: 91



*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Daijo Poruthur**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം


| | |
|---|---|
| സർക്കുലർ | 04 |
| സന്ദേശം | 11 |
| കച്ചേരിക്കാര്യം | 16 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 19 |
| സഹായമെത്രാന്റെ പരിപാടികൾ | 20 |
| നാളാഗമം | 22 |
| നാമകരണ നടപടികൾ | 27 |
| വൈദികർ | 31 |
| സന്യസ്തർ | 34 |
| വി. എവുപ്രാസ്യാ മിഷൻ | 38 |
| തീർത്ഥകേന്ദ്രം | 39 |
| സാമ്പത്തിക കാര്യാലയം | 40 |
| വിശ്വാസ പരിശീലനം | 41 |
| സ്ഥാപനങ്ങൾ | 45 |
| സംഘടനകൾ | 69 |

# 1 ഇടയലേഖനം

## മാർ ആൻഡ്രൂസ് താഴത്ത്

666/ 2024 / 07.03.2024 PL-1

ഈശോയിൽ ബഹുമാനപ്പെട്ട വൈദികരേ,
സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ,
വത്സലമക്കളേ,

**1. ആമുഖം**

സഭയും ലോകവും പലതരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്ന പശ്ചാത്തലത്തിലാണ് 'പ്രത്യാശയുടെ തീർത്ഥാടകർ' (Pilgrims of Hope) എന്ന മുദ്രാവാക്യവുമായി ഫ്രാൻസിസ് മാർപാപ്പ 2024ലെ മംഗളവാർത്തക്കാലം മുതൽ 2026ലെ ദനഹാ വരെയുള്ള കാലഘട്ടത്തെ ജൂബിലിവർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. ഈ ചൈതന്യത്തോടെ പീഡാനുഭവസ്മരണയിൽ ഉയിർപ്പുഞായറിന്റെ സന്തോഷത്തിലേക്കും 2025ലെ ജൂബിലി ആഘോഷത്തിലേക്കും നമുക്ക് പ്രവേശിക്കാം. ഈ അവസരത്തിൽ (1) സിനഡാത്മകതയെ കുറിച്ചുള്ള സിനഡിന്റെ (2021 – 24) മാർഗ്ഗരേഖയുടെയും (Synod Synthesis Report 2023 October) (2) ഏഷ്യയിലെ മെത്രാൻമാരുടെ സമിതി നൽകിയ രേഖയുടെയും (FABC Bangkok Document, March 2023) (3) ഭാരത കത്തോലിക്ക

മെത്രാൻസമിതി നൽകിയ സന്ദേശത്തിന്റെയും (CBCI Final Statement, February 2024) (4) സീറോ മലബാർ മെത്രാൻമാരുടെ സിനഡ് നൽകിയ വിവിധ സർക്കുലറുകളുടെയും (5) കെ.സി.ബി.സി. ആഹ്വാനം ചെയ്ത സഭാനവീകരണ കാലഘട്ടത്തിലെ (2022–2025) യുവജനവർഷ (2024) കർമ്മപദ്ധതികളുടെയും വെളിച്ചത്തിൽ, നമ്മുടെ അതിരൂപതയിൽ മുൻഗണനകൊടുത്തു ചർച്ച ചെയ്യുകയും കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ട ഏതാനും കാര്യങ്ങൾ അറിയിക്കാനാണ് ഞാൻ ഈ ഇടയലേഖനം നിങ്ങൾക്കെഴുതുന്നത്.

**2. വെല്ലുവിളികളും സാധ്യതകളും**

എക്കാലത്തെയുമെന്നപോലെ സഭ ഇന്നും വളരെയധികം വെല്ലുവിളികൾ നേരിടുന്നുണ്ട്. വെല്ലുവിളികളെ സാധ്യതകളായിക്കണ്ട് അവ വച്ചുനീട്ടുന്ന സഹനങ്ങളെ ഏറ്റെടുക്കാൻ നമുക്ക് സാധിക്കണം. കുരിശില്ലാതെ കിരീടമില്ല. മനുഷ്യനെ രക്ഷിക്കാൻ ഈശോ സ്വീകരിച്ച മാർഗം ദൈവവചനപ്രഘോഷണത്തിന്റെയും, പീഡാസഹനത്തിന്റെയും, കുരിശുമരണത്തിന്റെയും, ഉത്ഥാനത്തിന്റേതുമാണ്. ഈ കാലഘട്ടത്തിലെ പ്രതിസന്ധികൾ തിരിച്ചറിഞ്ഞാലേ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് അവയെ തരണംചെയ്തു പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി വിജയത്തിലേക്ക് നീങ്ങുവാൻ നമുക്ക് സാധിക്കൂ. ഇന്ന് നാം നേരിടുന്ന വെല്ലുവിളികളുടെ പ്രധാന മേഖലകൾ സൂചിപ്പിക്കട്ടെ.

**3. വിശ്വാസ പ്രതിസന്ധി**

വർഗീയതയുടെയും, നിരീശ്വരത്വത്തിന്റെയും, മൗലിക വാദത്തിന്റെയും, ലൗകായികതയുടെയും, നിസ്സംഗതയുടെയും മറ്റും പശ്ചാത്തലത്തിൽ വിശ്വാസപ്രതിസന്ധികൾ സീമാതീതമായിക്കൊണ്ടിരിക്കുന്നു. സഭയെ നശിപ്പിക്കാൻ അകത്തുനിന്നും പുറത്തുനിന്നും സഭാശത്രുക്കൾ കർമ്മനിരതരാകുന്നുണ്ട്. അടുത്തകാലത്ത് കാണപ്പെടുന്ന മതപീഡനം, മതംമാറ്റനിരോധന നിയമത്തിന്റെ ദുരുപയോഗം, മതമില്ലാത്ത ജീവന്റെ പ്രോത്സാഹനം തുടങ്ങിയവ ഉദാഹരണങ്ങളാണ്. സഭാംഗങ്ങളെ വിഭജിച്ച് നശിപ്പിക്കാൻ പല പദ്ധതികളും നടക്കുന്നു. ശക്തവും കാലോചിതവുമായ വിശ്വാസപരിശീലനവും കൂട്ടായ്മാപരിപോഷണവും ആവശ്യമായി രിക്കുന്നു. ഈശോ ഉദ്ബോധിപ്പിച്ചതുപോലെ വചനത്തിൽ നിലനിൽക്കലാണ് (യോഹ. 8: 31–32) ഇതിന്റെ പരിഹാരമാർഗ്ഗം.

**4. കുടുംബത്തകർച്ച**

ഇന്ന് ഏറ്റവുമധികം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നത് നമ്മുടെ കുടുംബങ്ങളിലാണ്. അന്യംനിന്നു പോയിക്കൊണ്ടിരിക്കുന്ന

ഒരു സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. മക്കളില്ലാത്തവരും, വിവാഹം കഴിക്കാൻ സാധിക്കാത്തവരും, വിവാഹം വേണ്ടെന്നു വയ്ക്കുന്നവരും, വിവാഹബന്ധം വേർപ്പെടുത്തുന്നവരും ഏറിവരുന്നു. ചെറുപ്പക്കാരിൽ പലരും വിദേശത്തേക്ക് കുടിയേറുന്നതിനാൽ പ്രായമായവരുടെ സമൂഹമായി നാം മാറിക്കൊണ്ടിരിക്കുന്നു. കുടുംബങ്ങളിൽ നിന്ന് ആരംഭിക്കേണ്ട വിശ്വാസജീവിതം താറുമാറായിക്കൊണ്ടിരിക്കുന്നു. അതിനാൽ കുടുംബകേന്ദ്രീകൃത അജപാലനത്തിന് ഇന്ന് ഏറ്റവുമധികം പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു. വലിയ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കാനും നാട്ടിൽതന്നെ ജോലി ലഭിക്കാൻ സഹായിക്കാനും, പ്രായമായവർക്ക് തുണയേകാനും നമുക്കു പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

**5. നാം തീർത്ഥാടകർ**

മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ ഭൂമിയിൽ തീർത്ഥാടകനായാണ് ഈശോ അവതീർണനായത്. ദൈവത്തോടുള്ള സമാനത കണക്കിലെടുക്കാതെ അവിടുന്ന് തന്നെത്തന്നെ ശൂന്യനാക്കി മനുഷ്യസ്വഭാവം സ്വീകരിച്ചത് (ഫിലി. 2: 6–8) മനുഷ്യവർഗ്ഗത്തെ രക്ഷിച്ച് അവരെ സ്വർഗ്ഗപിതാവിന്റെ ഭവനത്തിലെത്തിക്കാനാണ് (യോഹ. 14: 6). അവിടുന്ന് ആത്മാവിനാൽ നയിക്കപ്പെട്ട് സുവിശേഷം അറിയിക്കുകയും, രോഗികളെ സുഖപ്പെടുത്തുകയും, പിശാചുക്കളെ ബഹിഷ്കരിക്കുകയും, കർത്താവിന് പ്രീതികരമായ വത്സരം പ്രഖ്യാപിക്കുകയും (ലൂക്ക 4: 18), ദൈവരാജ്യ സ്ഥാപനത്തിനായി (മർക്കോ. 1: 15) പീഡകൾ സഹിച്ച് മരിച്ച് ഉയിർക്കുകയും ചെയ്തു (ലൂക്കാ 24:47). നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണെന്നുള്ള ചിന്ത നമുക്കുണ്ടാകണം (ഫിലി. 3:20). വിഭൂതി തിരുകർമ്മത്തിൽ കാണുന്ന നോമ്പുകാല ചൈതന്യമായ, പ്രാർത്ഥനയുടെയും, പശ്ചാത്താപത്തിന്റെയും, പരിഹാരത്തിന്റെയും, പരസ്നേഹത്തിന്റെയും, മാനസാന്തരത്തിന്റെയും, ജീവിതനവീകരണ ത്തിന്റെയും, മനോഭാവം നമുക്കുണ്ടാകണം. നാം പാലയൂർ മഹാതീർത്ഥാടനം നടത്തുന്നത് ‘‘എന്റെ കർത്താവേ; എന്റെ ദൈവമേ’’ (യോഹ. 20: 28) എന്നുദ്ഘോഷിച്ച തോമാശ്ലീഹയുടെ ചൈതന്യത്തോടെയായിരിക്കണം. 2024 മാർച്ച് 17നു നടക്കുന്ന പാലയൂർ മഹാതീർത്ഥാടനത്തിൽ ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**6. പ്രവാസികൾ**

സഭാംഗങ്ങളിൽ പലരും ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവാസികളായിട്ടാണ് കാണപ്പെടുന്നത്. നമ്മുടെ അതിരൂപതയിൽ നിന്നും പുറത്തുപോയി പ്രവാസികളായി കഴിയുന്നവരെ അടുത്ത

റിയുന്നതിനായി അധികം വൈകാതെ ഒരു പ്രവാസിസംഗമം നടത്തണമെന്ന് ആഗ്രഹിക്കുന്നു. പ്രവാസജീവിതത്തിന് ഭാവാത്മ കവും നിഷേധാത്മകവുമായ വശങ്ങളുണ്ടെന്ന് നമുക്കറിയാം. എന്നാൽ കാലത്തിന്റെയും, സാഹചര്യങ്ങളുടെയും സൂചനകൾ തിരിച്ചറിഞ്ഞ് വിവേകത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇന്ന് നമ്മുടെ സമുദായത്തിൽ നിന്നു വളരെയേറെ യുവജനങ്ങൾ, പ്രത്യേകിച്ചും പന്ത്രണ്ടാം ക്ലാസ് കഴിയുന്നതോടുകൂടി, ഇന്ത്യയിൽ നിന്നു പുറത്തേക്ക് പോകുന്നതായി മനസ്സിലാക്കുന്നു. പഠനത്തി നുള്ള വലിയ സാധ്യതകൾ നമ്മുടെ നാട്ടിൽതന്നെ ഉണ്ടായിരിക്കെ വലിയ സംഖ്യ ചെലവു ചെയ്താണ് പലരും ഇത്തരത്തിൽ പഠ നത്തിനായി പുറത്തേക്ക് പോകുന്നത്. ഇങ്ങനെ പോകുന്നവരുടെ അവസ്ഥയെ കുറിച്ചുള്ള പല റിപ്പോർട്ടുകളും ആകുലപ്പെടുത്തു ന്നവയാണ്. പഠനത്തിനും ജോലിക്കുമായി വിദേശരാജ്യങ്ങളിലേക്ക് പോകുന്നവർ അവിടെയുള്ള സീറോ മലബാർ വൈദികരോടും സഭാസംവിധാനങ്ങളോടും ബന്ധം പുലർത്തുന്നത് അവരുടെ ആത്മീയവും ഭൗതികവുമായ സുരക്ഷിതത്വത്തിനും വളർച്ചയ്ക്കും സഹായകരമായിരിക്കും. ഇതിനായി, നാട്ടിൽ നിന്നും പോകുന്നതിനു മുമ്പ് വികാരിയച്ചനിൽ നിന്നും മറ്റും, പോകുന്ന സ്ഥലത്തെ കുറിച്ചും അവിടുത്തെ സംവിധാനങ്ങളെ കുറിച്ചുമുള്ള വിവരങ്ങൾ ശേഖരി ക്കുകയും അവിടുത്തെ വൈദികരുമായി ബന്ധപ്പെടുകയും ചെയ്യുന്നത് ഉപകാരപ്രദമായിരിക്കും.

നമ്മുടെ നാട്ടിൽ നിന്നും ഇത്തരത്തിൽ വിദേശത്തേക്കു പോകുന്നവർ പറയുന്ന ഒരു പ്രധാന കാരണം നാട്ടിൽ ജോലി സാധ്യതകൾ കുറവാണ് എന്നതാണ്. അത് ഒരു പരിധിവരെ ശരിയാണെങ്കിലും നാട്ടിലുള്ള സാധ്യതകൾ ഉപയോഗിക്കുന്നില്ല എന്നതും വസ്തുതയാണ്. ഭരണരംഗത്തും, രാഷ്ട്രീയരംഗത്തും, സാമൂഹിക-സാംസ്കാരിക-വ്യവസായിക-കാർഷിക രംഗങ്ങളിലും നിന്നും മറ്റും നാം ഒഴിഞ്ഞുമാറുന്നത് സമുദായത്തെ വളരെ ദോഷകരമായി ബാധിക്കുന്നുണ്ട്. അതിനാൽ കഴിഞ്ഞകാലങ്ങളിൽ രാഷ്ട്രനിർമിതിയിൽ ആനുപാതികമായി ഏറ്റവും മുന്നിൽ നിന്നു പ്ര വർത്തിച്ച സമുദായമെന്ന നിലയിൽ നാം വീണ്ടും കർമനിരത രാകേണ്ടിയിരിക്കുന്നു.

**7. യുവജനങ്ങൾ**

കേരളസഭാനവീകരണ കാലഘട്ടത്തിന്റെ (2022-2025) ഭാഗമായി 2024 യുവജനവർഷമായി ആചരിക്കുകയാണ്. 'കണ്ണിൻ കനിവ്, കരളിൻ കനല്, കാലിൻ ചിറക്' എന്ന മുദ്രാവാക്യവുമായി വിവിധ പരിപാടികൾക്ക് കെ.സി.ബി.സി. ആഹ്വാനം ചെയ്തിട്ടുണ്ട്.

നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും യുവജനങ്ങളെ അണിനിരത്തി അവരുടെ വിശ്വാസദൃഢതയ്ക്കും ഭൗതികവും കുടുംബപരവുമായ കെട്ടുറപ്പിനും ഉതകുന്ന പരിപാടികൾ ആസൂത്രണം ചെയ്യാൻ ആഹ്വാനം ചെയ്യുന്നു. കഴിഞ്ഞ വർഷം നമ്മുടെ അതിരൂപതയിലെ അനേകം ഇടവകകളിൽ യുവജന സംഗമങ്ങൾ നടത്തുകയുണ്ടായി. സഭയുടെ അത്മായ നേതൃത്വപ രിശീലന പരിപാടികളാണ് ഈ വർഷം അതിരൂപതയുടെ യുവജന പ്രേഷിതത്വവിഭാഗം വിഭാവനം ചെയ്തിരിക്കുന്നത്. അതിലേക്ക് യൂത്ത് മിനിസ്ട്രി ടീമിനോട് സഹകരിക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

**8. ഡിജിറ്റൽ ലോകം**

ആധുനികമാധ്യമങ്ങൾ മനുഷ്യജീവിതശൈലിതന്നെ മാറ്റിമറിച്ചു കൊണ്ടിരിക്കുകയാണ്. ലോകസമാധാനത്തിനുള്ള ഫ്രാൻസിസ് മാർപാപ്പയുടെ 2024ലെ സന്ദേശത്തിന്റെ വിഷയമായി എടുത്തിരിക്കുന്നത് 'നിർമ്മിതബുദ്ധിയും സമാധാനവും' (Artificial Intelligence and Peace) എന്നതാണ്. 2024ലെ CBCI പ്ലീനറി സമ്മേളന ത്തിന്റെ ഒരു പ്രധാന ചർച്ചാവിഷയവും ഇതുതന്നെയായിരുന്നു. നിർമ്മിതബുദ്ധി തുടങ്ങിയ പുതിയ സാങ്കേതികവിദ്യകളെ മനുഷ്യ നന്മയ്ക്കായി ഭാവാത്മകവും ധാർമികവുമായി ഉപയോഗിക്കാൻ നാം പഠിക്കുകയും പരിശ്രമിക്കുകയും വേണം. റോമിലെ 2023ലെ സിനഡുസമ്മേളനത്തിൽ സൂചിപ്പിച്ചതുപോലെ ഡിജിറ്റൽ ലോക ത്തിന്റെ സുവിശേഷവത്ക്കരണത്തിന് (Evangelization of the Digital World) ഇന്നു നാം, പ്രത്യേകിച്ചു യുവജനങ്ങൾ പ്രാധാന്യം കൊടു ക്കേണ്ടിയിരിക്കുന്നു. ഇടവകതലത്തിൽതന്നെ ഈ പ്രക്രിയ ആരംഭി ക്കണം.

**9. പ്രേഷിത തീക്ഷ്ണത**

മാറിമറിയുന്നതും പ്രവാസത്തിലേക്ക് നീങ്ങുന്നതുമായ നമ്മുടെ കാലഘട്ടത്തിലെ സഭ ഇന്ന് പലപ്പോഴും നിലനിൽപ്പിനു (Maintenance Church) മാത്രമായി തത്രപ്പെടുകയാണെന്ന് നിരീ ക്ഷണങ്ങളുണ്ട്. സഭ സ്വഭാവത്താലെ പ്രേഷിതയാണ് (Ad Gentes, 2; മത്താ. 28: 1920). അതിനാൽ പ്രേഷിതപ്രവർത്തനത്തിന് നാം ഊന്നൽ കൊടുക്കേണ്ടിയിരിക്കുന്നു. നമ്മുടെ അതിരൂപത ഏറ്റെടു ത്തിരിക്കുന്ന ഷംഷാബാദ് രൂപതയിലെ വിശാഖപട്ടണം മേഖലയിലെ സെന്റ് ഏവുപ്രാസ്യാ മിഷനെ പ്രത്യേകം പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. പലരുടെയും സഹായത്തോടെ അവിടെ നമ്മുടെ വൈദികരുടെ നേതൃത്വത്തിൽ നിർമ്മിച്ച കൊച്ചുദൈവാലയം മാർച്ച് 26നു മാർ ടോണി നീലങ്കാവിൽ പിതാവ് ആശീർവദിക്കുന്നു

എന്ന സന്തോഷവാർത്ത ഞാൻ നിങ്ങളെ അറിയിക്കട്ടെ. തുടർന്നും വിശാഖപട്ടണം മിഷനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**10. പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കുക**

നമ്മുടെ പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കാനുള്ള ആഹ്വാനവുമായി 2015ൽ ഫ്രാൻസിസ് മാർപാപ്പ പ്രസിദ്ധീകരിച്ച 'ലൗദാത്തോ സി' എന്ന ചാക്രികലേഖനത്തിന്റെ രണ്ടാം ഭാഗം 2022 ഒക്ടോബർ 4നു പ്രസിദ്ധീകരിക്കുകയുണ്ടായി. ഭൂമിയെ സംരക്ഷിച്ചില്ലെങ്കിൽ മനുഷ്യവർഗംതന്നെ നാശത്തിലേക്ക് നീങ്ങുമെന്നതിൽ സംശയമില്ല. FABC, CBCI, സിനഡ് തുടങ്ങിയ സമിതികൾ ഭൂമിയെ സംരക്ഷിക്കാനുള്ള പദ്ധതികൾ ഓരോ വ്യക്തിയും, കുടുംബവും, ഇടവകയും, രൂപതയും ആവിഷ്കരിക്കണമെന്ന് ഉദ്ബോധിപ്പിച്ചിട്ടുണ്ട്. അതിനാൽ 'പ്രകൃതി സുരക്ഷിത ഭവനങ്ങളും ഹരിതഇടവകകളും (Eco Friendly Homes and Green Parishes) എങ്ങനെ രൂപീകരിക്കാൻ സാധിക്കുമെന്ന് ചിന്തിക്കാനും അതിനായി പ്രവർത്തിക്കാനും ആഹ്വാനം ചെയ്യുന്നു.

**11. നമ്മുടെ നാടിനായി പ്രാർത്ഥിക്കാം**

2024 ഫെബ്രുവരിയിൽ നടന്ന CBCI പ്ലീനറി സമ്മേളനം, ഇന്ത്യയിലെ ഇന്നത്തെ സാമൂഹ്യരാഷ്ട്രീയസാംസ്കാരിക സ്ഥിതി ഗതികളെക്കുറിച്ച് വിലയിരുത്തുകയുണ്ടായി. തെരഞ്ഞെടുപ്പ് അടുത്തുവരുന്ന സാഹചര്യത്തിൽ, 2024 മാർച്ച് 22 വെള്ളിയാഴ്ച്ച നമ്മുടെ രാജ്യത്തിനു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാദിനമായി ആചരിക്കാൻ ഇന്ത്യയിലെ മെത്രാൻ സമിതി ആഹ്വാനം ചെയ്തിരിക്കുകയാണ്. അതേകുറിച്ചുള്ള നിർദ്ദേശങ്ങൾ ഇടവകകളിലേക്കു അയച്ചിട്ടുണ്ട്. ഇന്ത്യയുടെ മനോഹരമായ ഭരണഘടന അഭംഗുരം കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ നിലനിൽപ്പിന് ആവശ്യമാണ്. ഭരണഘടന ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യം, ന്യൂനപക്ഷ അവകാശങ്ങൾ എന്നിവ സംരക്ഷിക്കപ്പെടണം. രാജ്യസ്നേഹത്തോടെ വികസന പ്രക്രിയയിൽ നാം ഒത്തുചേരണം. വോട്ടവകാശം എല്ലാവരും വിനിയോഗിക്കണം. ഭാരതത്തിനും ഭാരതസഭയ്ക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

**12. സിനഡാത്മകതയെ കുറിച്ചുള്ള സിനഡ്**

2023 ഒക്ടോബറിൽ നടന്ന മെത്രാന്മാരുടെ സിനഡിന്റെ തുടർച്ചയായി 2024 ഒക്ടോബറിൽ സിനഡാത്മകതയെ കുറിച്ചുള്ള സിനഡിന്റെ രണ്ടാം ഭാഗം റോമിൽ വച്ചു നടക്കുന്നു. അതിന്റെ വിജയത്തിനായി നമുക്കു പ്രാർത്ഥിക്കാം. കൂട്ടായ്മ, പങ്കുവയ്ക്കൽ,

പ്രേഷിതത്വം എന്ന മുദ്രാവാക്യവുമായി ശ്രവിക്കുക, പങ്കുവയ്ക്കുക, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടു വിവേചിച്ചറിയുക എന്ന സിനാഡാത്മക ശൈലി സ്വായത്തമാക്കാൻ നമുക്കു പരിശ്രമിക്കാം.

**13. സീറോ മലബാർ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാം**

സീറോ മലബാർ സഭയുടെ പുതിയ മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് നമ്മുടെ അതിരൂപതാംഗവും മുൻ സഹായമെത്രാനുമായ അഭിവന്ദ്യ റാഫേൽ തട്ടിൽ മെത്രാപ്പോലീത്തയാണെന്നത് നമുക്കു വളരെ അഭിമാനാർഹമാണ്. പിതാവിനുവേണ്ടി നാം പ്രത്യേകം പ്രാർത്ഥിക്കണം. സീറോമലബാർ സഭ ഇന്നു വളരെയേറെ പ്രതിസന്ധികളും, വെല്ലുവിളികളും നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ സഭയുടെ കൂട്ടായ്മയ്ക്കും വളർച്ചയ്ക്കും വേണ്ടി നാം ആത്മാർത്ഥമായി പ്രാർത്ഥിക്കണം. സഭയുടെ ഉള്ളിൽ കടന്ന് സഭാംഗങ്ങളെ വിഭജിച്ച് സഭയെ നശിപ്പിക്കുക എന്നതാണ് സഭാശത്രുക്കളുടെ ഗൂഢലക്ഷ്യം. മാർപാപ്പയുടെ ആഹ്വാനം സ്വീകരിച്ച് സിനഡുപിതാക്കന്മാരോട് ചേർന്നു സഭാകൂട്ടായ്മയിൽ നിലനിൽക്കാൻ നമുക്ക് പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം.

**14. ഉപസംഹാരം**

മാർത്തോമശ്ലീഹയിൽ നിന്നു വിശ്വാസം സ്വീകരിച്ച, 2000 കൊല്ലത്തെ പാരമ്പര്യമുള്ള നമ്മുടെ സഭ, ഭാരതത്തിന്റെ സഭ തന്നെയാണ്. കർത്താവിന്റെ പീഢാസഹനത്തിന്റെയും, മരണത്തിന്റെയും, ഉത്ഥാനത്തിന്റെയും ഓർമ്മയാചരിക്കുന്ന ഈ കാലഘട്ടത്തിൽ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്നതുപോലെ, നമുക്കു പ്രത്യാശയുടെ തീർത്ഥാടകരാകാം. പലതരത്തിൽ ദരിദ്രരായ ജനത്തിനു പ്രത്യാശനല്കുന്ന തരത്തിലുള്ള സഹായങ്ങൾ നൽകുവാൻ നമുക്കു സാധിക്കട്ടെ. മലയിലെ പ്രസംഗത്തിൽ കാണുന്നതുപോലെ, നോമ്പുകാല ചൈതന്യമായ, ധർമ്മദാനം, ഉപവാസം, പ്രാർത്ഥന (മത്താ. 6) എന്നിവ നമ്മുടെ ജീവിത ശൈലിയാകട്ടെ ആഗതമാകുന്ന പെസഹാകാലഘട്ടത്തിന്റെയും ഉയിർപ്പു ഞായറിന്റെയും ദൈവാനുഗ്രഹങ്ങൾ ഞാൻ നിങ്ങൾക്കേവർക്കും ആശംസിക്കുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## 2 MESSAGE

**MOST REV. DR. ANTONYSAMY**

*on the occasion of Palayur Grand Pilgrimage*
*held on 17th March 2024*

### PILGRIMS OR TOURISTS?

Dear respected His Grace Mar Thazhath Andrews, Metropolitan Archbishop of Trichur, His Grace Archbishop Emeritus Jacob Thoomkuzhy, Mar Tony Neelamkavil, Auxiliary Bishop of Trichur, Fr. Joseph Vaikkadan, Convenor, esteemed bishops, priests, religious, and my dear People of God,

It is indeed a privileged honour to be a part of the Palayur Grand Pilgrimage 2024 and I sincerely thank His Grace Mar Thazhath Andrews for his cordial invitation. Though Chennai and Palayur are physically separated by some 650-odd kilometres, our two Archdioceses have a strong historical and spiritual connection - thanks to our father of faith, St. Thomas. Both our Archdioceses, of Trichur and of Madras-Mylapore have had the unique honour of welcoming St. Thomas, the Apostle, the esteemed privilege of being evangelized by his apostolic witness, and the common vocation to march in our pilgrimage of faith

inspired by his life and martyrdom.

The Palayur Grand Pilgrimage 2024 coincides with the synodal pilgrimage of the Universal Catholic Church. Since October 2021, we have been walking together in the path of synodality, envisioning a Church on the move; a Church constituted of pilgrim people marching and journeying together. As attested by the book of Acts, before the early disciples were even called ‘Christians’, they were first identified as people of the hodos or people of the way (9.2, 19:9, 22:4). This pilgrimage is a powerful reminder of our identity and mission to walk the way, to become true pilgrims. Both the synodal path and this Palayur Grand Pilgrimage invite us to embrace this dynamism of ‘walking together’ as our modus operandi (way of functioning as Church) and our modus vivendi (way of life). In other words, our identity and mission are defined in terms of our common pilgrimage.

For our reflection this evening, I would like to evoke a question that is central to our Palayur and our synodal pilgrimages, how is a pilgrim different from a tourist? A tourist is also on the move just like a pilgrim. How is his journey then different from a pilgrimage?

**1. The intention: Tourists wish to Escape, Pilgrims wish for Experiences**

William Cavanagh, a renowned American theologian in his insightful 2011 book article entitled Migrations of the Holy writes, that a pilgrim and a tourist have a different relationship with time and space. A tourist travels to take a break from his daily work, to help distract his mind off things. His journey is a vacation and he flees to the peripheries of the world in search of an exotic experience that can help him satisfy his senses and escape the monotony of his daily routine. A pilgrim on the other hand does not intend to flee his daily life but to discover the deeper meaning of his life. He is on a quest for the truth. He walks not to exotic destinations but towards the centre of his universe, which is God. He is drawn by a sense of sacredness. While a tourist walks to take a break from his world, a pilgrim walks to search for the meaning of his world in the eyes of God.

The intention of a pilgrim is not to escape the routine or to get a change of scenery. It is about setting on a sacred journey in

which God is encountered through places, people and situations. A tourist wishes to gather memories, discover new places, learn interesting facts, take photographs and accumulate souvenirs. The questions that inspire a pilgrim are more fundamental: who am I? Where am I going? What is the purpose of my life? The pilgrim intends to gain insights and discern new truths about God, the world and himself. As pilgrims, we have a goal or destination to which we are headed. We are not stranded like an exile. Neither do we wander like a tourist. Our Christian tradition defines a pilgrim as someone who sets out in search of God, desiring to meet him, and wanting to hear his word. Christ is the only and ultimate goal of our pilgrimage.

**2. The Resources: Tourists want Comfort, Pilgrims want Conversion**

Who is a true pilgrim? The word pilgrim is derived from the Latin peregrinus, which in turn comes from 'per ager', meaning walking "through the field". A pilgrim abandons the comfort of our concrete National Highways and Autobahns to step into uncertain, irregular, and even dangerous paths of the rural countryside. A tourist uses all resources available to him to reach his destination as efficiently and comfortably as possible. He follows a meticulously pre-planned itinerary and is well equipped to deal with all possible situations: bad weather, lack of accommodation, etc. However, ultimately, carrying too much only impedes our progress and frustrates the realization of our goals. The path of a pilgrim, on the contrary, is not pre-defined. The priority of a pilgrim is not comfort but conversion. He walks trusting not in his possessions but in God. To be a true pilgrim, one needs to travel light. He must be moved by a true spirit of wisdom to know the things that truly matter.

In the gospels, Jesus invites his disciples to take nothing with them for their journey: no money bag, no sack, not even sandals. Why? It is to help us realize that in our pilgrimage of Christian discipleship, the greatest resource is not what we carry, but the providence of God who accompanies us in this pilgrimage. While a tourist is restricted by his luggage, a pilgrim has the freedom and power to move whenever and wherever he is called. This freedom enables a pilgrim to be open to enriching encounters and even new friendships. A tourist tries to avoid crowded places. On the contrary,

a pilgrim rejoices to join his fellow pilgrims. Whether in a group or not, the pilgrim does not travel alone. The pilgrim is open to encounters with others that build relationships. The tourist may find companionship, but the pilgrim experiences community. Pilgrims profit from sharing their personal faith stories.

**3. The End result: Tourists gather Photographs, Pilgrims retain Presence**

The tourist accumulates photographs of places visited, and souvenirs bought from gift shops. Ultimately, these are all that remain to remind him of the journey. A pilgrim on the other hand is transformed from within. This transformation remains with him and orients his new life. The pilgrim returns home converted, transformed, and changed. He realises that his pilgrimage is not over but that his whole life can be a pilgrimage. Brother Roger Schutz, who is the founder of the Taizè Movement in France for youngsters from all Churches, once said, "We are pilgrims on earth, a pilgrimage of trust. In this way daily life can become a pilgrimage. At the end of every pilgrimage, we will discover that God was always at work and that it was he who pushed us to take the road. We will regain confidence in him, in our routine. We will learn to make our daily lives a pilgrimage".

The Bible is a record of fascinating pilgrimages. From Adam to Saint Paul and beyond, the history of salvation has been nothing but a pilgrimage in which God walks with His entire creation. This presence of God in the pilgrimage of human history leads us on the path from asat (falsehood) to sat (truth); from tamas (darkness) to jyotis (light); and from mrutyu (death) to amrtam (immortality). God was our co-pilgrim and walking partner in the garden of Eden, He walked the path of the Exodus in the pillar of cloud by day and the pillar of fire by night, and He continued marching with His people through judges, kings, prophets, and leaders, wanting to draw the entire creation to his presence and the path of salvation. This salvation history of God's pilgrimage with creation has taught us that the fruit of our pilgrimage is God's presence. Our destiny is not a distant promise waiting on the horizon. It is God, who is already marching with us in our present journey here and now. God does not await us at the peak of snow-capped mountains! He walks with us holding our hands on the path to the renewal of the whole creation.

**Conclusion:**

In summary, therefore, we have underlined three main differences between tourists and

pilgrims:

- Tourists wish to Escape, Pilgrims wish for Experiences
- Tourists want Comfort, Pilgrims want Conversion
- Tourists gather Photographs, Pilgrims retain Presence

Our Father of Faith, St. Thomas was a true pilgrim not a tourist.

1. He walked the path of discipleship to follow Jesus in search of the meaning of his life. In this pilgrimage, through his God experience, he discovered his true vocation.

2. He did not want seats of power or comforts like the sons of Zebedee but he wanted to walk the Way of the Cross. He declares, "Let us also go, that we may die with Him" (John 11:16).

3. St. Thomas walked the path of mission carrying not photographs but the presence of God through his life and mission.

Philosopher Gabriel Marcel defined the human person using the old Latin adage. Every human is homo viator: a travelling man. In other words, every human being is by definition a being in motion, a being on the move, a changing being. The question is, are we travelling as tourists or as pilgrims? Is this Palayur Grand Pilgrimage of Trichur going to make us permanent pilgrims? Is the Synodal pilgrimage of the Universal Church going to convert us from tourists to pilgrims? May this pilgrimage help us treasure our Experience of the divine, walk the path of conversion and realise the presence of God who accompanies us in our pilgrimage of faith and life.

**MOST REV. DR. ANTONYSAMY**

Archbishop of Madras – Mylapore

& Vice –President CBCI

# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**
**ഏപ്രിൽ 2024**

**ഏപ്രിൽ5 : ആദ്യവെള്ളി**
: വേദസാക്ഷികളുടെ തിരുനാൾ
(സകല വിശുദ്ധരുടെയും തിരുനാൾ)
7 : ഉയിർപ്പ് രണ്ടാം ഞായർ (പുതുഞായർ)
14 : ഉയിർപ്പ് മൂന്നാം ഞായർ
21 : ഉയിർപ്പ് നാലാം ഞായർ
24 : വി. ഗീവർഗ്ഗീസ്
25 : വി. മർക്കോസ് സുവിശേഷകൻ
28 : ഉയിർപ്പ് അഞ്ചാം ഞായർ
: മാർ അദ്ദായി
29 : സിയന്നായിലെ വി. കത്രീന

**2. ഏപ്രിൽ മാസത്തെ പരിപാടികൾ**
ഏപ്രിൽ 1-6: ദൈവവിളിവാരം & ദൈവവിളിക്യാമ്പ്
11 : ഇന്റർകൂരിയ മീറ്റിംഗ്
17 : ആലോചനസമിതി യോഗം (10:30 am)
: സ്ഥാപന ഡയറക്ടർമാരുടെ യോഗം (02:30 pm)
22 : കൊച്ചച്ചന്മാരുടെ യോഗം (10:00 am)

3. വൈദികക്ഷേമനിധി:

സ്ഥാപനങ്ങളിലും, കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക്‌വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31-ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും, കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

4. പട്ടങ്ങൾ:

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2024 മാർച്ച് 23 ശനിയാഴ്ച്ച കാറോയ,

ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

**a) മ്ശംശാനപ്പട്ടം**

| | | | |
|---|---|---|---|
| 1. | അക്കരപറമ്പിൽ ലിൻസൺ | പുറനാട്ടുകര | (മേരിമാത) |
| 2. | അക്കരപ്പട്ട്യേക്കൽ ജീസ് | പുറനാട്ടുകര | (മേരിമാത) |
| 3. | അക്കരപ്പട്ട്യേക്കൽ ജോഫിൻ | ആമ്പക്കാട് | (മേരിമാത) |
| 4. | ചെമ്മണ്ണൂർ ജീസ്മോൻ | പേരകം | (മേരിമാത) |
| 5. | ചെറുതാണിക്കൽ പ്രിൻസ് | വെട്ടുക്കാട് | (മേരിമാത) |
| 6. | ചെറുതാണിക്കൽ ഫ്രാങ്കോ ഫ്രോണിസ് വെട്ടുക്കാട് | | (കോട്ടയം) |
| 7. | കാട്ടിപറമ്പൻ ക്ലിൻസൺ | പുല്ലഴി | (പൂന) |
| 8. | കുന്നപ്പിള്ളിൽ തേജസ്സ് | ഭരത | (ആലുവ) |
| 9. | കുരുതുകുളങ്ങര ലിവിൻ | മണ്ണുത്തി | (എലുരു) |
| 10. | മാങ്ങൻ അജിൽ | പെരിങ്ങോട്ടുകര | (കോട്ടയം) |
| 11. | മഞ്ഞളി ക്രിസ്റ്റോ | കത്തീഡ്രൽ | (മേരിമാത) |
| 12. | ഒലക്കേങ്കിൽ ബ്രിൽവിൻ | പാവറട്ടി | (കോട്ടയം) |
| 13. | പാണേങ്ങാടൻ ക്ലിന്റ് | കരുമത്ര | (മേരിമാത) |
| 14. | പട്ട്യേക്കൽ ആൽവിൻ | പുറനാട്ടുകര | (മേരിമാത) |
| 15. | തെക്കേക്കര ജാക്സൺ | പുറനാട്ടുകര | (മേരിമാത) |

**b) ഹെവുപ്പദ്യാക്ക്നപ്പട്ടം**

| | | | |
|---|---|---|---|
| 1. | ഐനിക്കൽ ജോബിൻ | പെരിഞ്ചേരി | (മേരിമാത) |
| 2. | അപ്പക്കോട്ട് എഡ്വിൻ | പഴയന്നൂർ | (ആലുവ) |
| 3. | ഐനിക്കൽ നോബിൾ | ചിറക്കൽ | (മേരിമാത) |
| 4. | ബ്രഹ്മകുളം ജോസഫ് | മണലൂർ കിഴക്ക് | (മേരിമാത) |
| 5. | ചാഴൂർ അമൽ | മണലൂർ കിഴക്ക് | (കോട്ടയം) |
| 6. | എലുവത്തിങ്കൽ സാന്റിയോ | ചെവ്വൂർ | (മേരിമാത) |
| 7. | പെല്ലിശ്ശേരി ഏക്ടൻ | അമ്മാടം | (മേരിമാത) |
| 8. | തറയിൽ ജിജോ | മങ്ങാട് | (മേരിമാത) |
| 9. | താഴത്ത് നിഥിൻ | തലോർ | (മേരിമാത) |

**c) കാറോയപ്പട്ടം**

| | | | |
|---|---|---|---|
| 1. | ആലപ്പാട്ട് അൽജോ | കൊട്ടേക്കാട് | (മേരിമാത) |
| 2. | അരുകാക്കൽ പ്രിൻസ് | വേലൂപ്പാടം | (മേരിമാത) |
| 3. | ചിറ്റിലപ്പിള്ളി റോൺബിൻ | ആമ്പക്കാട് | (മേരിമാത) |
| 4. | എടക്കൂടൻ ക്രിസ്റ്റി | വല്ലച്ചിറ | (മേരിമാത) |

| | | | |
|---|---|---|---|
| 5. | കൂത്തൂർ ആൽബിൻ | വെളുത്തൂർ | (ആലുവ) |
| 6. | നെല്ലിക്കൽ ഫിബിൻ | വാണിയമ്പാറ | (കോട്ടയം) |
| 7. | പുലിക്കോട്ടിൽ സ്നോബിൻ | ബ്രഹ്മകുളം | (മേരിമാത) |
| 8. | പുത്തൂർ ഐനിക്കൽ ഫെബിൻ | പഴുവിൽ | (ആലുവ) |
| 9. | വട്ടക്കാട്ടുശ്ശേരി സിറിൽ | പീച്ചി | (മേരിമാത) |
| 10. | വെള്ളറ നിതിൻ | കാവീട് | (മേരിമാത) |
| 11. | വെള്ളിയാംകുളത്ത് ആൽബിൻ | വെട്ടുക്കാട് | (മേരിമാത) |
| 12. | വെട്ടിയാടൻ അജാക്സ് | നെന്മണിക്കര | (കോട്ടയം) |
| 13. | ചിറമ്മൽ എലോയ് | പാവറട്ടി | (റോം) |

**5. പാലയൂർ മഹാതീർത്ഥാടനം:**

2024 മാർച്ച് 17-ന് ആയിരുന്നു ഈ വർഷത്തെ പാലയൂർ മഹാ തീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ സഹകരിച്ച ഏവർക്കും പ്രത്യേകം നന്ദി.

**6. കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**7. വൈദികനിയമനം**

1. ഫാ. കിടങ്ങൻ ജോൺ - നടത്തുവികാരി മാന്ദാമംഗലം; സാധുത 2024 ഫെബ്രുവരി 14 മുതൽ മാർച്ച് 15 വരെ.
2. ഫാ. ചിറയത്ത് ഡെന്നി - കോർഡിനേറ്റർ ഡിഗ്രി വിദ്യാർത്ഥികൾ ഒഴിവായി; സാധുത 2024 ഫെബ്രുവരി 7 മുതൽ.
3. ഫാ. ചിരിയങ്കണ്ടത്ത് പ്രിൻസ് - കോർഡിനേറ്റർ ഡിഗ്രി വിദ്യാർത്ഥികൾ കൂടി; സാധുത 2024 ഫെബ്രുവരി 7 മുതൽ.
4. ഫാ. ആലപ്പാട്ട് ഫ്രാൻസിസ് - ചികിത്സാവധി; സാധുത 2024 ഫെബ്രുവരി 15 മുതൽ.
5. ഫാ. ആലപ്പാടൻ ഫിജോ - നടത്തുവികാരി നെഹ്രുനഗർ കൂടി; സാധുത 2024 ഫെബ്രുവരി 15 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

**APRIL 2024**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 2 | Tue | Morning | Holy Mass @ Marymatha Major Seminary |
| 4 | Thu | Evening | Episcopal Ordination of Thomas Mayhew, Indore |
| 5 | Fri | Full Day | Episcopal Ordination of Thomas Mayhew, Indore |
| 6 | Sat | Morning | Episcopal Ordination of Thomas Mayhew, Indore |
| | | | Golden Jubilee of Fr. Davis Pattath @ Jerusalem Retreat Centre |
| 8 | Mon | Morning | Seminary Formators' Meeting @ Minor Seminary |
| | | Afternoon | "Anugraha Prabhashanam" @ Abba Retreat Centre |
| 9 | Tue | Morning | Holy Mass @ SH of Mary's Convent, Kandassamkadavu |
| | | Evening | Blessing of FIAT's exhibition @ Jerusalem Retreat Centre |
| 10 | Wed | Morning | Seminar Inauguration @ Vimala College |
| | | Afternoon | General Synaxis of CSC Sisters @ Kolazhy |
| 11 | Thu | Day time | Inter Curia Meeting @ Irinjalakkuda |
| 12 | Fri | Morning | Holy Mass @ Animation Centre, Amballur |
| | | Afternoon | Navathi Celebrations @ LF L.P. School, Ponnor |

| | | | |
|---|---|---|---|
| 13 | Sat | Morning | Fifth child’s Baptism @ Mariapuram |
| | | Day Time | Pastoral Council |
| 15 | Mon | Evening | Palakkad Eparchial Assembly Inauguration @ Yuvakshethra |
| 16 | Tue | Evening | JMMC Trust Meeting |
| 17 | Wed | Morning | Consulters Meeting |
| | | Afternoon | Institution Directors’ Meeting |
| 18 | Thu | Day Time | Selection Camp @ Minor Seminary |
| 22 | Mon | Morning | Meeting with Assistant Priests |
| 25 | Thu | Evening | Silver Jubilee concluding ceremony @ Kundukulam Grace Home |
| 26 | Fri | Evening | Deepika Apex Meeting @ Mount St. Thomas |
| 27 | Sat | Morning | Solemn Holy Communion @ Dolours Basilica |
| | | Afternoon | Parents’ Meet of the brothers for Vestition |

## ENGAGEMENTS

**APRIL 2024**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Mon | Morning | Holymass @ MMMS |
| 03 | Wed | Morning | Fourth Child Baptism @ Thalore |
| 05 | Fri | Morning | Holymass @ Animation Centre |
| | | Afternoon | MMB Provincial House, Mariapuram |
| 07 | Sun | Afternoon | Holymass & Thirunnal Kodiyettam @ Pazhuvil |

| | | | |
|---|---|---|---|
| 08 | Mon | Morning | Kooduthurakkal @ Vylathoor |
| | | Afternoon | Formators Meeting @ ABH |
| 09 | Tue | Morning | Thalikode Provincial Synaxis Election |
| | | | ABA Leaders Formation Camp |
| 10 | Wed | Morning | SABS Final Profession |
| 11 | Thu | Morning | Inter- Curia Meeting |
| 12 | Fri | Morning | Junior CLC Leaders Formation Camp |
| | | Morning | FIAT Mission Congress @ Jerusalaem Retreat Centre |
| 13 | Sat | Afternoon | Class @ DBCLC |
| | | | Fourth Child Baptism @ Mariapuram |
| 15 | Mon | Morning | Fourth Child Baptism @ Vadookkara |
| 16 | Tue | Evening | Jubilee Trust Meeting |
| 17 | Wed | Morning | Selection Camp, Holymass @SMMS |
| | | | Consultors' Meeting |
| | | | Institution Directors' Meeting |
| 18 | Thu | Morning | Vestition @ SABS Chettupuzha |
| 19 | Fri | Morning | Trust Meeting @ STC |
| 20 | Sat | Evening | Kooduthurakkal & Holymass @ Pavaratty |
| 22 | Mon | Morning | Meeting of Asst. Priests |
| 26 | Fri | Morning | Mar Joseph Kundukulam Death Anniversary Holy Mass @ Lourdes Cathedral |
| 27 | Sat | Morning | Solemn Holy Communion @ Lourdes Cathedral |
| | | Afternoon | Baptism @ Manakody |
| | | Evening | Parents Meet of brothers preparing for Vestition |
| 28 | Sun | Morning | Holy Communion @ Pazhayannur |
| 29 | Mon | Morning | Fourth Child Baptism and Holy Communion @ Olarikkara |
| 30 | Tue | Morning | Fourth Child Baptism @ Kodannur |



# നാളാഗമം

## ഫെബ്രുവരി 2024

1-7. അഭിവന്ദ്യ പിതാക്കന്മാർ സി. ബി. സി. ഐ. മീറ്റിംഗിൽ പങ്കെടുത്തു.

6. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സി.ബി. സി.ഐ.യുടെ പ്രസിഡന്റായി തുടർച്ചയായി രണ്ടാം തവണയും തിരെഞ്ഞെടുക്കപ്പെട്ടു.

8. അഭിവന്ദ്യ പിതാക്കന്മാർ കോഴിക്കോട് രൂപത മെത്രാൻ മാർ വർഗീസ് ചക്കാലയ്ക്കൽ പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

9. ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. ഫാ. ജോർജ് പ്ലാശ്ശേരി സി. എം. ഐ. യുടെ മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് അഭിവന്ദ്യ പിതാക്കന്മാർ കാർമ്മികത്വം വഹിച്ചു. ആർത്താറ്റ് ഹോളി ക്രോസ് സ്കൂളിന്റെ രജത ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

10. ദൈവശാസ്ത്ര വിദ്യാപീഠത്തിന്റെ അവാർഡ് ദിനം ഡി.ബി.സി.എൽ. സി.യിൽ വച്ച് അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഹോളി ഫാമിലി സന്യാസിനി സമൂഹത്തിന്റെ തൃശ്ശൂർ നവജ്യോതി പ്രൊവിൻസിന്റെ സിനാക്സിസിന്

ഒരുക്കമായി ഒളരി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് അവരോട് സംസാരിച്ചു. അതിനുശേഷം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽവെച്ച് ഹെൽപ്പേഴ്സ് ഓഫ് മേരി സന്യാസിനിസമൂഹത്തിലെ സിസ്റ്ററുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. മേരിമാതാ മേജർ സെമിനാരിയിൽവെച്ച് പറോക്ക് സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടന്ന തിയോളജി അവാർഡ് ഡേയിൽ സമ്മാനവിതരണം നടത്തി. വൈകുന്നേരം വെള്ളാറ്റഞ്ഞൂർ ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. തുടർന്ന് വെട്ടുക്കാട് ഇടവകയുടെ സുവർണ്ണ ജുബിലി ആഘോഷത്തിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

11. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചിറ്റാട്ടുകര ഇടവകയിലെ നവീകരിച്ച ചക്കാന്തറ കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം നടത്തി. തുടർന്ന് ചൂണ്ടൽ സെന്റ് ജോസഫ് ആശുപത്രിയുടെ പുതിയ ബ്ലോക്ക് വെഞ്ചിരിച്ചു. വൈകുന്നേരം പോപ്പ് പോൾ മേഴ്സി ഹോമിന്റെ വാർഷികാഘോഷത്തിൽ പങ്കുചേർന്നു. നിര്യാതനായ ബഹു. ഫാ. സെബാസ്റ്റ്യൻ തുരുത്തേലച്ചന് അനുശോചനമർപ്പിച്ചുകൊണ്ട് പാലാ എം.എസ്.ടി ഭവനത്തിൽവെച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് വിഭൂതി തിരുക്കർമ്മങ്ങൾക്ക് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ മുഖ്യകാർമ്മികനായി. തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസിലിക്കായിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വിഭൂതി തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം പാലയൂർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ദൈവാലയത്തിലെ വി. കുർബാനയർപ്പിച്ച് വ്രതാരംഭകൂട്ടായ്മയ്ക്ക് കാർമ്മികത്വം വഹിച്ചു.

13. അതിരൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കായി ഒരുക്കുന്ന നേതൃത്വപരിശീലന പരിപാടിയുടെ ഉദ്ഘാടനം അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഫാമിലി അപ്പോസ്റ്റൊലേറ്റിൽ വച്ചു നിർവഹിച്ചു.

    അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

13. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

14. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ മഡോണ മൈനർ

സെമിനാരി സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പള്ളിക്കുന്ന് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

15. സ്കൂൾ സിസ്റ്റേഴ്സിന്റെ സെന്റ് ഫ്രാൻസിസ് പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റർ സോണിയയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്കു അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു.

    അതിരൂപതയിലെ വൈദികരുടെ മാസധ്യാനത്തിലും തുടർന്നുള്ള വൈദികസമ്മേളനത്തിലും അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു.

16. നോമ്പിലെ വെള്ളിയാഴ്ചകളിൽ വൈകീട്ട് തൃശ്ശൂർ വ്യാകുല മാതാവിൻ ബസിലിക്കയിൽ നിന്നും പാലയൂർ വരെയുള്ള ജാഗരണ പദയാത്ര അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു.

17. ഡി.ബി.സി.എൽ.സി.യിൽ വച്ചു നടന്ന കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ സുവർണ ജൂബിലി സമാപനസമ്മേളനത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

18. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ മുറ്റിച്ചൂർ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചതിനുശേഷം പള്ളിഭൂമിയിൽ കൃഷിചെയ്ത തണ്ണിമത്തന്റെ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കിള്ളിമംഗലം ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. വെങ്ങിണിശ്ശേരിയിൽ എഫ്. സി. സി. സന്ന്യാസിനി സമൂഹത്തിലെ ബഹു. സി. ഫ്ളോറസിന്റെ മൃതസംസ്ക്കാര ശുശ്രൂഷ നടത്തി.

18–22. ബാങ്കോക്കിൽ വച്ചു നടന്ന ഏഷ്യൻ മെത്രാന്മാരുടെ (FABC) സമ്മേളനത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

19–20. വൈദികരുടെ പരിശീലന പ്രോഗാമിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു.

21. സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ഡിഗ്രി വിദ്യാർത്ഥികൾക്കായി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. കുർബാനയർപ്പിച്ചു.

22. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പൊന്നൂക്കര ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. പഴുവിൽ, ഫൊറാന കൗൺസിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. സോഫ്റ്റ്വെയർ ഡെവലപ്പേഴ്സ് മീറ്റീംഗിൽ പ

ങ്കെടുത്തു.

24. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പാലയൂർ മഹാതീർത്ഥാടനത്തെ സംബന്ധിക്കുന്ന യോഗത്തിൽ പങ്കെടുത്ത് ഓഫീസ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുവില്വാമല, സെന്റ് പോൾസ് ഗുരുകുലം സന്ദർശിച്ച് വി. കുർബാനയർപ്പിച്ചു. പാലയൂർ തീർത്ഥാടനത്തിന് ഒരുക്കമായ യോഗത്തിൽ പങ്കെടുത്തു.

25. കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപത സംഘടിപ്പിച്ച സമുദായ ജാഗ്രത സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. കാരിത്താസ് ഇന്ത്യയുടെ സംസ്ഥാന തല 'ലെന്റെൻ കാമ്പെയി'ന്റെ ഉദ്ഘാടനവും പോസ്റ്റർ പ്രകാശനവും അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്കയിൽ വച്ചു നിർവഹിച്ചു. സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിൽ പിതാവിന് തൃശ്ശൂർ പൗരാവലി ടൗൺഹാളിൽ വച്ചു നല്കിയ സ്വീകരണത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പെരിങ്ങാട് ഇടവകയിൽ വി. കുർബാനയർപ്പിച്ചു.

26. മാർ റാഫേൽ തട്ടിൽ പിതാവിന് തൃശ്ശൂർ സെന്റ് തോമസ് കോളേജ് നല്കിയ സ്വീകരണ യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. സാന്ത്വനവും നാഷണൽ NGO കോൺഫെഡറേഷനും ചേർന്ന് 50% സാമ്പത്തിക സഹായത്തോടെ നടത്തുന്ന ലാപ്ടോപ്പ് വിതരണത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സെന്റ് തോമസ് കോളേജിൽ വച്ചു നിർവഹിച്ചു. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് വൈകീട്ട് എരുമപ്പെട്ടി ഫൊറോന പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്തു. മേരിമാത സെമിനാരി പ്രൊഫസർ ഫാ. ജോസഫ് തലോടിയുടെ യാത്രയയപ്പു സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജിൽ റിട്ടയർമെന്റ് യോഗത്തിൽ പങ്കെടുത്തു. തുടർന്ന് സ്ഥലം മാറിയ വൈദികർക്കായി ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തിയ യോഗത്തിൽ പങ്കെടുത്തു.

27. രാവിലെ അതിരൂപതാ കേന്ദ്രത്തിൽ വച്ചു നടന്ന അതിരൂപത ഉപദേശക സമിതിയോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചയ്ക്ക് വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ യോഗത്തിൽ പങ്കെടുത്തു.

28. തിരൂർ സീയോൺ കോൺവെന്റിലെ സിസ്റ്റർ റൊഡെറിക് എഫ്. സി. സി. യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്കു അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. പുതുക്കാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ ആമ്പല്ലൂരിൽ വച്ചു നടന്ന 'ആബാ 2024' ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.


28-29 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കർണ്ണാടകയിൽവെച്ച് എൻ ബി സി എൽ സിയുടെ ഗവേർണിംങ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

പത്രോസ് അജപാലകൻ

**യേശു ശിമയോൻ പത്രോസിനോടു ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനെ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?**

**(യോഹ 21, 15)**

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ആദരവിനാൽ മാർച്ച് മാസത്തിലെ രണ്ടാം ശനിയാഴ്ച ആചരണം ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് 09.03. 2024 ൽ ആചരിക്കുകയുണ്ടായി. കുന്നംകുളത്തുള്ള കുണ്ടുകുളങ്ങര വിൽബി വിൽസൺ ആന്റ് ഫാമിലി ഏറ്റെടുത്ത് നടത്തിയ ഈ ദിനാചരണത്തിന്റെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികനായത് ഷേൺസ്റ്റാട്ട് സന്യാസസമൂഹത്തിലെ ബഹു. ആൻസൺ കോഴിക്കാടൻ അച്ചനായിരുന്നു. വി. യൗസേപ്പിതാവിന്റെ മരണത്തിരുനാളിന് അടുത്തൊരുങ്ങുന്ന ഈ ദിവസങ്ങളിൽ ധന്യനായ ഊക്കനച്ചന് വി. യൗസേപിതാവിനോടുണ്ടായിരുന്ന ഭക്തിയെ ആധാരമാക്കി ബഹു. ആൻസനച്ചൻ തിരുവചന സന്ദേശം നൽകി. മാതൃപിതൃവാത്സല്യം ചെറുപ്രായത്തിലെ നഷ്ടമായതിനാൽ വി.

യൗസേപ്പിനോട് കുഞ്ഞു ജോണിന് വലിയ സ്നേഹമായിരുന്നെന്നും, തന്റെ വളർച്ചയിൽ പിന്നീടത് 'എന്റെ യൗസേപ്പിതാവേ' എന്ന സ്വാതന്ത്ര്യത്തോടെ വിളിക്കാനുള്ള ഹൃദയഅടുപ്പത്തിലേക്ക് എത്തിച്ചേരുവാൻ ഇടയാക്കിയെന്നുമുള്ള ധന്യനായ ജോണച്ചന്റെ ഉദ്ധരണികളാൽ ബഹു. ആൻസനച്ചൻ ഏവരെയും ബോധ്യപ്പെടുത്തുകയും ചെയ്തു. വി. കുർബാനയ്ക്കുശേഷം ബഹു. ആൻസൺ അച്ചൻ തന്നെ നയിച്ച ദിവ്യകാരുണ്യ ആരാധന ദൈവജനത്തിന് വേറിട്ടൊരു അനുഭവമായിത്തീർന്നു.


വെസ്റ്റ് ചാലക്കുടി നിത്യസഹായ മാതാ ഇടവക വികാരി ബഹു. ഫാ. ജോൺ തെക്കേത്തല, അസിസ്റ്റന്റ് വികാരി ബഹു. ഫാ. ആന്റണി കോടങ്കണ്ടത്ത് എന്നിവരുടെ സാന്നിധ്യം ആദ്യാവസാനം തിരുകർമ്മങ്ങൾക്ക് അനുഗ്രഹമായിമാറി. മുഞ്ഞേലിയിൽ നിന്നും കാതികുടത്തും നിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സാണ് ജപമാലയ്ക്ക് നേതൃത്വം നൽകിയത്. നിത്യസഹായ മാതാ ചർച്ച് വെസ്റ്റ് ചാലക്കുടി, സെന്റ് മേരിസ് ചർച്ച് കാതികുടം എന്നിവിടങ്ങളിൽ നിന്നുള്ള ധാരാളം ഇടവക ജനങ്ങളും രണ്ടാം ശനിയാചരണത്തിൽ പങ്കെടുത്ത് പ്രാർത്ഥി ക്കുകയുണ്ടായി. 14 പള്ളി സന്ദർശനവുമായി ബന്ധപ്പെട്ട് വിവിധ ഇടവകകളിൽ നിന്നുള്ള ദൈവജനത്തിന്റെ സാന്നിധ്യം കൂടെ ആയപ്പോൾ അഭൂതപൂർവ്വമായ തിരക്കാണ് അനുഭവപ്പെട്ടത്. ചൊവ്വന്നൂർ ഇടവക വികാരി ബഹു. ഫാ. തോമസ് ചൂണ്ടൽ ഏവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

**ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ഈസ്റ്റർ ചിന്തകൾ**

ഞായറാഴ്ച പ്രഭാതത്തിൽ, മഹത്വപൂർണ്ണവും വൈദ്യുത പ്രകാശത്തെ വെല്ലുന്ന തേജസ്സുറ്റതുമായ യേശുവിന്റെ ആത്മാവ് കല്ലറയിൽ പ്രവേശിക്കുന്നു. അത് ആ ദിവ്യശരീരത്തിൽ പ്രവേശിച്ച് അതിനെ പ്രഭാപൂരിതമാക്കുന്നു; അക്ഷയത്വവും അമർത്യതയും ലഘുത്വവും പ്രദാനം ചെയ്യുന്നു. ഉദിച്ചുയരുന്ന സൂര്യനെപ്പോലെ കല്ലറയിൽനിന്നും അവിടുന്ന് പുറത്തുവരുന്നു. അപ്പോൾ മാലാഖമാരും വിശുദ്ധരും പാടി:- ഇതാ, ദൈവപുത്രൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു.

യേശുവിന്റെ ഉയിർത്തെഴുന്നേറ്റ ശരീരവും കുത്തിമുറിവേല്പിക്കപ്പെട്ട ശരീരവും തുലനം ചെയ്യുക!! മുറിവുകളും ചതവുകളുമെല്ലാം പോയി. തത്സ്ഥാനത്ത് അനുഗ്രഹങ്ങളും സൗന്ദര്യവും നിറഞ്ഞു. എന്റെ ആത്മാവിനെയും സൗന്ദര്യപൂർണ്ണമാക്കുക, അവൾ, ഉയിർത്തെഴുന്നേറ്റ യേശുവിന്റെ മണവാട്ടിയായിരിക്കട്ടെ.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



(വി. കുർബാനയെപ്പറ്റിയുള്ള വിചിന്തനങ്ങളുടെ തുടർച്ച)

1907 മുതൽ 1916 വരെ ഐർലണ്ടിനുവേണ്ടിയുള്ള ചീഫ് സെക്രട്ടറിയായി ബ്രിട്ടീഷ് ഗവൺമെന്റിൽ സ്ഥാനം വഹിച്ചിരുന്ന അഗസ്റ്റിൻ ബിറെല്ലിനോട് ഒരാൾ ചോദിച്ചു. 'ഇരുട്ടറകളും, അഗ്നിയും, വാളുമുണ്ടായിട്ടും എന്തുകൊണ്ടാണ് ഐറിഷ് ജനത വിശ്വസ്തരും ഊഷ്മളബന്ധങ്ങളുള്ളവരുമായത്' എന്ന്. അദ്ദേഹത്തിന്റെ ഉത്തരമിതായിരുന്നു: 'വി. കുർബാനയാണ് എല്ലാത്തിലും പ്രധാനം. വിവരിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും സങ്കീർണ്ണമാണെങ്കിലും വ്യക്തമായ വ്യത്യാസം കത്തോലിക്കാ പ്രൊട്ടസ്റ്റന്റ് രാജ്യങ്ങൾ തമ്മിലുണ്ട്. ഡബ്ലിനും (Dublin) എഡിൻബറോയും തമ്മിലുണ്ട്'.

വി. കുർബാനയിൽ സന്നിഹിതനാവുക എന്നതല്ല പ്രധാനം. അതിൽ സജീവ പങ്കുവഹിക്കുക എന്നതാണ്. 'യഥാർത്ഥ ക്രിസ്തീയ അരൂപിയുടെ പ്രഥമവും ഒഴിച്ചു കൂടാനാവാത്തതുമായ ഉറവിടം പരിശുദ്ധവും ആഘോഷപൂർവ്വകവുമായ സഭാരഹസ്യങ്ങളിലുള്ള സജീവ ഭാഗഭാഗിത്വമാണ് (1903se Tra le sollecitudini എന്ന രേഖയിൽ വി. പത്താം പീയൂസ് പാപ്പ).

കുറച്ചു പേർ മാത്രം ഭക്തിയോടെ സജീവമായി പങ്കെടുക്കുന്ന മാമ്മോദീസയും വിവാഹവും പോലെയുള്ള ഒരു കർമ്മമല്ല വി. കുർബാന. ഓരോരുത്തർക്കും വ്യക്തമായ പങ്കുള്ള സഭയുടെ കൂട്ടായ പ്രവൃത്തിയാണത്.

വൈദികർ ആവിഷ്ക്കരിക്കുന്ന ഒരു രംഗാവതരണമല്ല അത്. ഇത് ഒരു യഥാർത്ഥ കഥയാണ്. നമുക്കെല്ലാം പങ്കുവഹിക്കാനുള്ള നമ്മുടെ തന്നെ കഥയാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ മുഖ്യ പങ്കുവഹിക്കുന്നുണ്ടെങ്കിലും ഇത് വൈദികന്റെ കുർബാനയല്ല. ഇതു നമ്മുടെ കുർബാനയാണ്. ആകയാൽ എന്റെ കുർബാനയാണ്. ഇത് ഒരു സമൂഹ കർമ്മമായതിനാൽ അത് വ്യക്തിപരമായതുകൂടിയാണ്. കുർബാനയിൽ ആരും 'മൂകസാക്ഷികൾ' ആകരുത്. മാമ്മോദീസ മുദ്രയുടെ, പൊതുപൗരോഹിത്യത്തിന്റെ മുദ്രയുടെ അനുഗ്രഹമില്ലാത്തവരൊഴികെ.

കുർബാനയെപ്പറ്റി കൂടുതലായി മനസ്സിലാക്കുമ്പോൾ വി. കുർബാനയോടുള്ള ചില ക്രിസ്ത്യാനികളുടെ നിർജീവവും താല്പര്യരഹിതവുമായ സമീപനത്തിൽ വലിയ ദുഃഖം തോന്നുന്നു. വി. കുർബാന എന്തെന്നും അതിന്റെ അർത്ഥമെന്തെന്നും അവർക്ക് അറിയാമോ എന്ന് സംശയമാണ്. വി. കുർബാനയുടെ മഹത്വവും മനോഹാരിതയും അവർ അറിഞ്ഞിരുന്നെങ്കിൽ! എത്ര വലിയ അവസരമാണ് അവർ നഷ്ടപ്പെടുത്തുന്നത്.

ദൈവദാസൻ അന്തോണിയച്ചൻ ഈ ദിവ്യകാരുണ്യഭക്തി ജീവിച്ചവനാണ്. കുർബാന നമ്മുടെ ജീവിതത്തിന്റെ ശക്തികേന്ദ്രമായി എന്നും വിരാജിക്കട്ടെ.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. ബിനോയ് മഞ്ഞളി | 01 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 02 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 02 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി ഝ്യ. | 03 |
| ഫാ. ജീജോ വള്ളൂപ്പാറ | 04 |
| ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. കനേഡിയൻ തണ്ടാശ്ശേരി | 05 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 06 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 06 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 07 |
| ഫാ. സോബിൻ പായിക്കാട്ട് | 07 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജോഷി പറോക്കാരൻ | 09 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 10 |
| ഫാ. ഗോഡ്‌വിൻ എടക്കളത്തൂർ | 11 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 11 |
| ഫാ. ജോയി അടമ്പുകുളം | 12 |
| ഫാ. ലിജോ ചിരിയങ്കണ്ടത്ത് | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 13 |
| ഫാ. ലിവിൻ ചൂണ്ടൽ | 14 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 14 |
| ഫാ. ജോൺ മുളക്കൽ | 14 |
| ഫാ. സ്റ്റീഫൻ അറക്കൽ | 16 |
| ഫാ. മാത്യു ചാക്കേരി | 16 |
| ഫാ. തോമസ് വടക്കേത്തല | 16 |
| ഫാ. അലക്സ് മാപ്രാണി | 18 |
| ഫാ. ഡൈജോ പൊറുത്തൂർ | 18 |
| ഫാ. സെബി ചിറ്റാട്ടുകര | 19 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 19 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 19 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 20 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 21 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 22 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 22 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 24 |
| ഫാ. ജോബി കടപ്പൂരാൻ | 25 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 27 |
| ഫാ. ജിയോ ചെറടായി | 28 |
| ഫാ. മേജോ കോരെത് | 28 |
| ഫാ. ആന്റണി മേച്ചേരി | 28 |
| ഫാ. റിജോയ് തൈവളപ്പിൽ | 28 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 29 |
| ഫാ. ജിന്റോ ചൂണ്ടൽ | 29 |
| ഫാ. ജോബ് വടക്കൻ | 29 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 30 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 30 |

## നാമഹേതുക തിരുനാൾ

# FEAST DAY

| | |
|---|---|
| ഫാ. ജോജു ആളൂർ | 24 |
| ഫാ. സിജോ അരിക്കാട്ട് | 24 |
| ഫാ. അനു ചാലിൽ | 24 |
| ഫാ. ലിജോ ചാലിശ്ശേരി | 24 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 24 |
| ഫാ. ഡേവിസ് ചെറയത്ത് ഖ്യ. | 24 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 24 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 24 |
| ഫാ. ജിന്റോ ചൂണ്ടൽ | 24 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 24 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 24 |
| ഫാ. റോജോ എലുവത്തിങ്കൽ | 24 |
| ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ | 24 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 24 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 24 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 24 |
| ഫാ. ജോർജ്ജ് കോമ്പാറ | 24 |
| ഫാ. പ്രിന്റോ കുളങ്ങര | 24 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 24 |
| മോൺ. ജോർജ്ജ് മാനാടൻ | 24 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 24 |
| ഫാ. ജിഫി മേക്കാട്ടുകുളം | 24 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 24 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 24 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 24 |
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 24 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 24 |
| ഫാ. ജോഷി പറോക്കാരൻ | 24 |
| ഫാ. സോബിൻ പായിക്കാട്ട് | 24 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 24 |
| ഫാ. ജോജു പൊറുത്തൂർ | 24 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 24 |
| ഫാ. കനേഡിയൻ തണ്ടാശ്ശേരി | 24 |
| ഫാ. മനോജ് താണിക്കൽ | 24 |
| ഫാ. ജിയോ തരകൻ | 24 |
| ഫാ. വർഗ്ഗീസ് തരകൻ | 24 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 24 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 24 |
| ഫാ. ഷാജൻ തേർമഠം | 24 |
| ഫാ. ജോർജ്ജ് തേർമഠം | 24 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 24 |
| ഫാ. ജോർജ്ജ് വടക്കേത്തല | 24 |
| ഫാ. മിഥുൻ വടക്കേത്തല | 24 |
| ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി | 24 |
| ഫാ. വിനോയ് വാഴപ്പിള്ളി | 24 |

## ചരമദിനങ്ങൾ

# DEATH DAY

| | |
|---|---|
| ഫാ. പെരുമാട്ടിൽ ഗീവർഗ്ഗീസ് | 25.04.1895 |
| ഫാ. അമ്പുക്കൻ യോഹന്നാൻ | 19.04.1930 |
| ഫാ. മാളിയേക്കൽ തോമസ് | 16.04.1944 |
| ഫാ. കൊള്ളന്നൂർ മാത്യു | 27.04.1944 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 18.04.1962 |
| ഫാ. തട്ടിൽ സെബാസ്റ്റ്യൻ | 01.04.1963 |
| ഫാ. വലിയവീട്ടിൽ ജോസഫ് | 10.04.1972 |
| ഫാ. വാലികോടത്ത് ജോൺ | 24.04.1973 |
| ഫാ. കിഴക്കൂടൻ അബ്രാഹം | 28.04.1977 |
| ഫാ. അക്കര സേവ്യർ | 07.04.1978 |
| ഫാ. ബ്രഹ്മകുളം ഫ്രാൻസിസ് | 18.04.1982 |
| ഫാ. കാട്ടൂക്കാരൻ പോൾ | 16.04.1983 |
| ഫാ. ചാലക്കൽ ജോൺ | 14.04.1991 |
| മോൺ. അടമ്പുകുളം ജേക്കബ് | 11.04.1993 |
| മോൺ. ചാലിശ്ശേരി ഇഗ്നേഷ്യസ് | 11.04.1997 |
| ഫാ. ചിറമ്മൽ ഫ്രാൻസിസ് | 18.04.1997 |
| ഫാ. വടക്കൻ സിറിയക് | 26.04.2017 |
| ഫാ. എടയാൽ ചാക്കോ | 14.04.2018 |
| ഫാ. ചിറ്റിലപ്പിള്ളി റാഫേൽ | 07.04.2019 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 22.04.2021 |
| ഫാ. ചെറയത്ത് ജേക്കബ് | 30.04.2021 |
| ഫാ. തൈക്കാട്ടിൽ ജേക്കബ് | 30.04.2021 |
| ഫാ. ഐനിക്കൽ ആന്റണി | 17.04.2022 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**ഫെബ്രുവരി 2024**

**എസ്.എ.ബി.എസ്.**

ഫെബ്രുവരി 2ന് സമർപ്പിതദിനം ആചരിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ സോഫി പെരേപ്പാടൻ കുട്ടനല്ലൂർ ഭവനസമൂഹത്തിൽ ഔദ്യോഗിക സന്ദർശനം നടത്തി. Vocation and Faith Formation sâ SAF Meeting പ്രൊവിൻഷ്യൽ കൗൺസിലർ സി. ലിറ്റിൽ മരിയ തെക്കേക്കരയുടെ നേതൃത്വത്തിൽ നടത്തി. അമല ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ജൂലിയസ് അറയ്ക്കൽ, ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ റവ.ഫാ. റെന്നി മുണ്ടൻകുരിയൻ, ഒളരിക്കര ഇടവക വികാരി റവ.ഫാ. ജോയ് ചിറ്റിലപ്പിള്ളി എന്നിവരുടെ പൗരോഹിത്യ രജതജൂബിലി ഫെബ്രുവരി 4ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. Excellence, Empowering India Award ന് അർഹമായ തൃശൂർ നിർമ്മല മാതാ സെൻട്രൽ സ്കൂൾ പ്രിൻസിപ്പൾ സി. ലിൻസ മരിയ പാറേക്കാടനും സ്റ്റാഫിനും വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കും പ്രോവിൻസിന്റെ അഭിനന്ദനങ്ങൾ. ഫെബ്രുവരി 7 മുതൽ 5 ദിവസത്തേക്ക് ഇക്കഡോർ മിഷനിൽ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സിനായി സി. ജീൻ മേരി പൊറുത്തൂക്കാരൻ ഓൺ ലൈൻ നിയമാവലി ധ്യാനം നടത്തി. ഫെബ്രുവരി 9 മുതൽ 11 വരെ കാർമ്മൽ മിനിസ്റ്റിറി അംഗം ബ്ര. സോണിയുടെ നേതൃത്വത്തിൽ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ പ്രാർത്ഥനാ ദിനങ്ങളിൽ 47 സിസ്റ്റേഴ്സ് പങ്കെടുത്തു. ഫെബ്രുവരി 19 മുതൽ 22 വരെ പാവറട്ടി ഭവനസമൂഹത്തിൽ ബ. പ്രോവിൻഷ്യാളമ്മ ഔദ്യോഗിക സന്ദർശനം നടത്തി. ഫെബ്രുവരി 20 മുതൽ 28 വരെ ആസ്പിരൻസിന് ചെന്നായ്പാറയിൽ Exposure Programme നടത്തി. ഫെബ്രുവരി 22 മുതൽ 25 വരെ അമലയിലെ 150 ഓളം നേഴ്സിംഗ് വിദ്യാർത്ഥികൾക്കായി സി. എൽസീന കള്ളിവളപ്പിലിന്റെ നേതൃത്വത്തിൽ ധ്യാനം നടത്തി. വിവിധ ഭവന സമൂഹങ്ങളിൽ ഈ വർഷം എസ്.എസ്.എൽ.സി., പ്ലസ് ടു മറ്റ് പബ്ലിക്ക് പരീക്ഷകൾക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കായി തിരുമണിക്കൂർ ആരാധന നടത്തി. ഫെബ്രുവരി 24 മുതൽ 29 വരെ തൃശൂർ അതിരൂപത സംഘടിപ്പിച്ച സമുദായ ജാഗ്രതാ സമ്മേളനത്തിൽ വിവിധ ഭവന സമൂഹങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് സംബന്ധിച്ചു.

**സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസ്**

സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ് ഒറീസയിൽ കട്ടക്ക്-ഭുവനേശ്വർ രൂപതയിലെ ഒടുങ്ക ഗ്രാമത്തിൽ സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപന വെഞ്ചിരിപ്പ് നടന്നു. നവജ്യോതി പ്രൊവിൻസിന് കീഴിലുള്ള IFDF ന്റെ നേതൃത്വത്തിൽ അരണാട്ടുകര ലാലൂർ മേഖലയിൽ ഹോം മിഷൻ നടത്തി. IFDF സെന്റർ ഡെ യോട് അനുബന്ധിച്ച് വടൂക്കരയിൽ നടന്ന പ്രോഗ്രാമിൽ നവജ്യോതി പ്രൊവിൻഷ്യൽ സി.ജെസ്സിൻ തെരേസ് അധ്യക്ഷപദം വഹിച്ചു. നവജ്യോതി കോപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയിൽ നിന്നും റിട്ടയർ ആകുന്ന ടീച്ചേഴ്സിന് യാത്രയയപ്പുയോഗവും സ്കൂളുകളിലെ വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായ കുട്ടികൾക്കുള്ള ഷീൽഡ് വിതരണവും നടത്തപ്പെട്ടു. നവജ്യോതി പ്രൊവിൻസിന്റെ പതിനാറാമത്തെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി സി.ജെസ്സിൻ തെരേസ് തിരഞ്ഞെടുക്കപ്പെട്ടു. വികാർ പ്രൊവിൻഷ്യൽ സി.ഷെറിൻ മരിയ, രണ്ടാം കൗൺസിലർ സി.ജോസ്ഫിൻ, മൂന്നാം കൗൺസിലർ സി.ട്രീസ ആന്റോ, നാലാം കൗൺസിലർ സി.ജെസ്റ്റീന ജോസഫ്, ഓഡിറ്റർ സി.ലിറ്റ്സി വർഗ്ഗിസ്, ട്രഷറർ സി.ഷീന ജോസഫ്, സെക്രട്ടറി സി.മാഡ്ലിൻ എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട നവജ്യോതി പ്രൊവിൻഷ്യൽ ടീം തൃശൂർ ബിഷപ്പ് ഹൗസ് സന്ദർശിച്ച് അഭിവന്ദ്യ മാർ ആഡ്രൂസ് താഴത്ത് പിതാവിന്റെയും മാർ ടോണി പിതാവിന്റെയും അനുഗ്രഹ ആശീർവ്വാദം സ്വീകരിക്കുകയും സി.ബി.സി.ഐ. പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട മാർ ആൻഡ്രൂസ് പിതാവിന് പ്രൊവിൻഷ്യൽ കൗൺസിൽ അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്തു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട നവജ്യോതി പ്രൊവിൻഷ്യൽ ടീം ആലുവ പാക്സിൽ കപ്പൂച്ചിൻ ഫാദേഴ്സ് നടത്തുന്ന ധ്യാനത്തിൽ സംബന്ധിച്ചു.

**സി.എം.സി.**

ഫെബ്രുവരി 2 സമർപ്പിതദിനമായി ആചരിച്ചു. രോഗീദിനമായ ഫെബ്രുവരി 11 ന് ചൂണ്ടൽ സെന്റ് ജോസഫസ് ഹോസ്പിറ്റലിൽ പുതിയ ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും പ്രൊവിൻഷ്യൽ ടീമിന്റേയും സിസ്റ്റേഴ്സിന്റേയും സാന്നിധ്യത്തിൽ തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. സി.എം.സി. യുടെ 159-ാം സ്ഥാപനദിനമായ ഫെബ്രുവരി 13 ന് എല്ലാ ഭവനങ്ങളിലും ഈ നിയോഗാർത്ഥം ദിവ്യബലി അർപ്പിക്കുകയും ഒരു മണിക്കൂർ ആരാധന നടത്തുകയും ചെയ്തു. ഹോളി ചൈൽഡ്സ് ചെറളയം യു.പി. സ്കൂളിന്റെ Centenary അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ

ഉദ്ഘാടനം ചെയ്തു. ചൂണ്ടൽ സെന്റ് ജോസഫ് നേഴ്സിങ് സ്കൂളിൽ നടത്തിയ Lamp Lighting Ceremony യിൽ വികർ പ്രൊവിൻഷ്യൽ സി.സാലിപോൾ അധ്യക്ഷത വഹിച്ചു. വികർ പ്രൊവിൻഷ്യൽ സി. സാലിപോൾ കല്യാൺ നിർമ്മലോദയ മിഷനിലെ ഭവനങ്ങൾ സന്ദർശിച്ചു. ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന സി.എം.സി. മാനേജ്മെന്റിന്റെ കീഴിലുള്ള അദ്ധ്യാപിക – അനദ്ധ്യാപ കർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് യാത്രാമംഗളങ്ങൾ ആശംസിച്ചു. സ്വന്തം അച്ഛന് തന്റെ ലിവർ പകുത്തു കൊടുത്ത് മാതൃക നൽകിയ തൃശൂർ Sacred heart CGHSS ലെ +2 വിദ്യാർഥിനി ദേവനന്ദയെ ആദരിച്ചു. കൗൺസിലർ സി. മരിയറ്റിന്റെ നേതൃത്വ ത്തിൽ പ്രോവിൻസ്തലത്തിൽ സോഷ്യൽ ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് തൃശൂർ സെന്റ് മേരീസ് കോളേജിൽ വെച്ച് നടത്തി. ലേഡി വിക്ടറി ചിയ്യാരം, സെന്റ് പയസ് ടെൻത് വേലൂപാടം, സെന്റ് ജോൺ ഓഫ് ദി ക്രോസ് പുതുക്കാട്, ലിറ്റിൽ ഫ്ളവർ ചിയ്യാരം എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്ലിൻ കാനോ നിക സന്ദർശനം നടത്തി.

**എഫ്.സി.സി.**

മുട്ടുചിറ സെന്റ് അൽഫോൻസ കോൺവെന്റിൽ വെച്ച് നടത്തിയ പരിശീലനത്തിൽ നമ്മുടെ 4 പ്രീ- പോ സ്റ്റുല്ന്റ് സംബ ന്ധിച്ചു. 2013- 2023 കാലയളവിൽ അസ്സീസി പ്രോവിൻസിൽ നിന്ന് മരിച്ചുപോയ 122 സിസ്റ്റേഴ്സിന്റെ കുടുംബങ്ങളിൽ നിന്ന് രണ്ടു പേരെ വീതം ക്ഷണിച്ചുകൊണ്ട് ഫെബ്രുവരി 3-ാം തീയതി ശനി യാഴ്ച ഗുരുവായൂർ ലിസ്യുകോൺവെന്റിൽ വെച്ച് gathering നടത്തി. മരണമടഞ്ഞ സിസ്റ്റേഴ്സിനുവേണ്ടി റാസകുർബ്ബാന, ഒപ്പീസ് എന്നിവ അർപ്പിച്ച് പ്രാർത്ഥിക്കുകയും തുടർന്ന് ലിറ്റിൽ ഫ്ളവർ കോളേജ് ഹോസ്റ്റലിൽ ഒരുക്കിയ സ്നേഹവിരുന്നിൽ ഏവരും പങ്കുചേരുകയും ചെയ്തു. നമ്മുടെ ഭവനങ്ങളിലുള്ള A ഗ്രൂപ്പ് ചേടത്തിമാരുടെ ഒരു കൂട്ടായ്മ ഫെബ്രുവരി 6-ാം തീയതി മരത്താക്കര പ്രോവിഡൻസ് ഹോമിൽ വച്ച് നടത്തി. വിവിധ ഭവനങ്ങളിൽ നിന്ന് 16 ചേച്ചിമാർ ഇതിൽ പങ്കുചേർന്നു. ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന എല്ലാ അധ്യാപക - അനധ്യാപകർക്കായി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ യാത്രയയപ്പ് നൽകി. തൃശൂർ എം. ഐ ഓഡിറ്റോറിയത്തിൽ വച്ച് പ്രോവിൻസുതലത്തിൽ സംഘടിപ്പിച്ച അൽഫോൻസാ ഗാർഡന്റെ സമാപന സമ്മേളനത്തിൽ പ്രോവി ൻസിലെ വിവിധ സ്കൂളുകളിൽ നിന്നുമുള്ള ആനിമേറ്റേഴ്സും വിദ്യാർത്ഥികളും സംബന്ധിച്ചു. പടവരാട് പാവനാത്മ ഭവനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ലിറ്റിൽ മേരി കാനോനിക വിസീത്ത നടത്തി.

## ആദരാഞ്ജലികൾ



19/01/2024 സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യലേറ്റ് ഭവനാംഗമായ സി.വിജി സി.എച്ച്.എഫ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 21/01/2024 ന് അഭിവന്ദ്യ മാർ ആന്റണി ചിറയത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്ക്കാര കർമ്മം നടത്തപ്പെട്ടു.



17/02/2024 എഫ്.സി.സി വെങ്ങിണിശ്ശേരി പി.എച്ച് ഭവനാംഗമായ ബ. സി. ഫ്ളോറസ് (81) നിര്യാതയായി. 18/02/2024 ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.



27.02.2024 എഫ്.സി.സി തിരൂർ സിയോൻ റിന്യുവൽ സെന്റർ ഭവനാംഗമായ ബ. സി. റൊഡറിക് (89) നിര്യാതയായി. 28/02/2024 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതദേഹം സംസ്കരിച്ചു.

**സി. സോഫി പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

# വി. എവുപ്രാസ്യാ മിഷൻ
## (വിശാഖപട്ടണം – കുറുപ്പം)

**ആദ്യത്തെ പള്ളി ആശീർവദിച്ചു**

തൃശ്ശൂർ അതിരൂപതയും മാർ ആൻഡ്രൂസ് താഴത്ത് പിതാവും ധീരതയോട മുന്നിട്ടിറങ്ങിയ വിശാഖപട്ടണം-കുറുപ്പം വി. എവുപ്രാസ്യാ മിഷൻ വളരെ ഭംഗിയായി മുന്നോട്ടുപോകുന്നു. മിഷൻ പ്രദേശത്തെ ആദ്യത്തെ പള്ളി ഇവാഞ്ചലൈസേഷൻ കമ്മീഷൻ ചെയർമാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ആന്ധ്രയിലെ 'അരക്കു' ഗ്രാമത്തിൽ മാർച്ച് 26ന് ചൊവ്വാഴ്ച ആശീർവദിച്ചു. അതിനു നേതൃത്വം നൽകിയ ഡൺസ്റ്റൺ ഒലക്കേങ്കിൽ അച്ചനും സി. ലൂസിയുടെ നേതൃത്വത്തിലുള്ള ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സിനും പ്രത്യേകം അഭിനന്ദനങ്ങൾ. മറ്റൊരു ഗ്രാമത്തിൽ അടുത്ത പള്ളി പണിയാൻ ഡൺസ്റ്റൺ അച്ചൻ ഒരുങ്ങികൊണ്ടിരിക്കുന്നു.

ഫാ. യേശുദാസ്, ഫാ. ജിനു. സി. ദീപ്തി എന്നിവരുടെ നേതൃത്വത്തിൽ 'കുറുപ്പ്'ത്തെ വിവിധ ഗ്രാമങ്ങളിലും ഫാ. റോയ്സൺ, ഫാ. അഭിജിത്ത് എന്നിവരുടെ നേതൃത്വത്തിൽ 'വീരഘട്ടം' പ്രദേശങ്ങളിലും മിഷൻ പ്രവർത്തനങ്ങൾ തീഷ്ണതയോടെ നടക്കുന്നു. തൃശ്ശൂർ ക്ലാരിസ്റ്റ് അസ്സീസി പ്രോവിൻസിൽ നിന്ന് ബഹു. സിസ്റ്റേഴ്സ് വിശാഖപട്ടണം-കുറുപ്പം മിഷനിലേക്ക് പോകാൻ ഒരുങ്ങികൊണ്ടിരിക്കുന്നു.

മിഷൻ പ്രവർത്തനത്തിന്റെ ഈ പുതിയ കുതിപ്പിൽ ഉത്തേജനം പകരാൻ തൃശ്ശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും ഇടവകജനങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഈ വർഷത്തെ നോമ്പുകാല പരിത്യാഗത്തിന്റെ ഒരു പങ്ക് മിഷൻ പ്രവർത്തനത്തിന് കൊടുത്താൽ ഉപകാരപ്രദമായിരിക്കും. നമ്മുടെ പ്രാർത്ഥനയിലൂടെയും സംഭാവനകളിലൂടെയും മിഷൻ പ്രവർത്തനത്തെ നമുക്ക് സഹായിക്കാം.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
സെക്രട്ടറി,
ഇവാഞ്ചലൈസേഷൻ കമ്മീഷൻ

# സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം, പാലയൂർ

**27-ാം പാലയൂർ മഹാതീർത്ഥാടനത്തിന് മുന്നോടിയായി ബൈബിൾ കൺവെൻഷൻ സംഘടിപ്പിച്ചു.**

പാലയൂർ മഹാ തീർത്ഥാടനത്തിനോടനുബന്ധിച്ചുള്ള ഇരുപത്തിയഞ്ചാമത് ബൈബിൾ കൺവെൻഷന് ആരംഭം കുറിച്ചു. ജപമാലയോടു കൂടി ആരംഭിച്ച് വി കുർബാനക്ക് ശേഷം തൃശ്ശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ബൈബിൾ പ്രതിഷ്ഠ നടത്തി ഉദ്ഘാടനം നിർവഹിച്ചു. ജെറുസലേം ധ്യാന കേന്ദ്രം റെക്ടർ ഫാദർ ഡേവിസ് പട്ടത്ത് സി.എം.ഐ & ടീമിന്റെ നേതൃത്വത്തിലാണ് ബൈബിൾ കൺവെൻഷൻ നടന്നത്. സെന്റ് തോമസ് മേജർ ആർക്കിഎപ്പിസ്കോപൽ തീർത്ഥകേന്ദ്രം ആർച്ച് പ്രീസ്റ്റ് റവ ഡോ ഡേവിസ് കണ്ണമ്പുഴ, അസി വികാരി റവ. ഫാ. ഡെറിൻ അരിമ്പൂർ, ഫ.ാ സിജോ തയ്യാലക്കൽ CMI എന്നിവർ സംസാരിച്ചു. മാർച്ച് 10 ഞായറാഴ്ച ആരംഭിച്ച് അഞ്ച് ദിനങ്ങളയാണ് കൺവെൻഷൻ നടന്നത്. മാർച്ച് 14 വ്യാഴം ബൈബിൾ കൺവെൻഷന്റെ സമാപന ദിനത്തിൽ ജപമാലക്കും, ദിവ്യബലിക്കും ശേഷം തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ സമാപന സന്ദേശം നൽകി. മഹാതീർത്ഥാടനം കൺവീനർ ഷാജു താണിക്കൽ, കൺവെൻഷൻ കൺവീനർ തോമസ് ചിറമ്മൽ, പബ്ലിസിറ്റി കൻവീനർ എ.ൻ. കുരിയാക്കോസ്, തീർത്ഥകേന്ദ്രം സെക്രട്ടറി ബിജു മുട്ടത്ത്, ട്രസ്റ്റി സി എം ബാബു എന്നിവർ നേതൃത്വം നൽകി.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# സാമ്പത്തിക കാര്യാലയം

**കൈക്കാരന്മാരുടേയും കണക്കെഴുത്തുക്കാരുടേയും യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടെയും ഒരു സംയുക്തയോഗം 2024 മാർച്ച് 02 ന് ശനിയാഴ്ച 2.00 മണിക്ക് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുകയുണ്ടായി.ഏകദേശം 400 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ഫാ. വർഗീസ് കുത്തൂർ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാവ് മാർ ആൻഡ്രൂസ് താഴത്ത് യോഗം ഉദ്ഘാടനം ചെയ്തു. വിവിധ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് അഭിവന്ദ്യപിതാവ് മറുപടി നൽകി. പള്ളികളും മതസ്ഥാപനങ്ങളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Income Tax, GST, TDS എന്നീ നിയമങ്ങളെക്കുറിച്ച് Chartered Accountant ശ്രീ.ജോസഫ് കാങ്കപ്പാടൻ ക്ലാസ്സെടുത്തു. ഭൂമി, ഭൂനികുതി, കെട്ടിട നികുതി എന്നിവയെകുറിച്ച് അഡ്വ. രജിത് ആറ്റത്തറ വിശദീകരിച്ചു. ഫാ.സാജൻ വടക്കൻ സദസ്സിന് നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് ലഘു ഭക്ഷണത്തോടുകൂടി യോഗം സമാപിക്കുകയും ചെയ്തു.

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. സാജൻ വടക്കൻ**
അസി. ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവരുടെയും പരീക്ഷകളൊക്കെ തീർന്ന് അവധിയിലേക്ക് പ്രവേശിച്ചെന്നു കരുതുന്നു. എല്ലാ കുഞ്ഞുങ്ങൾക്കും ഒരുപാട് ഇഷ്ടമുള്ള സമയമാണല്ലോ അവധിക്കാലം. ക്ലാസുകളുടെയും ഹോംവർക്കിന്റെയും പരീക്ഷകളുടെയും ടെൻഷനൊന്നുമില്ലാതെ സന്തോഷത്തോടെ, സമാധാനത്തോടെ ആസ്വദിക്കാനുള്ള സമയം. ഈ അവധിക്കാലം എങ്ങനെ ചെലവഴിക്കണം എന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? കണ്ണടച്ചു തുറക്കുമ്പോഴേക്കും ഈ വെക്കേഷനും വെറുതെയങ്ങു തീർന്നു പോകുന്നത് ഒഴിവാക്കാൻ ചെറിയൊരു പ്ലാനിങ്ങെങ്കിലും നടത്തുന്നത് നല്ലതാണ്.

നിങ്ങളെല്ലാവരും ഒരു കാര്യം ഉറപ്പുവരുത്തണം: എല്ലാദിവസവുമുള്ള ദിവ്യബലി. ക്ലാസുകൾ ഉള്ളപ്പോൾ നേരത്തെ സ്കൂളിലേക്ക് എത്തേണ്ടതുകൊണ്ടും, ട്യൂഷനും സ്പെഷ്യൽ ക്ലാസുകളും മറ്റും ഉള്ളതുകൊണ്ടും പലർക്കും അതിന് സാധിച്ചു എന്ന് വരികയില്ല. എന്നാൽ അവധിക്കാലത്ത് എല്ലാ ദിവസവും വി. കുർബാനയ്ക്കു പോകുമെന്ന് പ്രതിജ്ഞ എടുക്കുക. അക്കാര്യം വീട്ടിൽ പറയുകയും വേണം. പാർക്കാനായി അമ്മ വീട്ടിലും മറ്റും പോകുന്നവർ അവിടെയുള്ള പള്ളിയിൽ വി. കുർബാനയ്ക്കു പോകാൻ മറക്കരുത്. നിങ്ങളുടെ കൂട്ടുകാരോടും ഇക്കാര്യം പറയണം. കൂടാതെ, വ്യക്തിപരമായി ഒരു ജപമാലയെങ്കിലും ചൊല്ലുന്നതു നല്ലതാണ്.

അവധിക്കാലത്തെ വലിയൊരു പ്രലോഭനമാണു മൊബൈലും, ടിവിയും. നമ്മെ എളുപ്പത്തിൽ വശീകരിക്കുന്നവയാണ് അവ. ശ്രദ്ധിച്ചില്ലെങ്കിൽ നമ്മൾ അവയുടെ അടിമകളായിത്തീരും. ഒരുപാടു സമയം പാഴായിപ്പോവുകയും ചെയ്യും. ദിവസത്തിൽ ഒരു നിശ്ചിത സമയം മാത്രമേ മൊബൈലോ, ടിവിയോ ഉപയോഗിക്കൂ എന്നു തീരുമാനമെടുക്കുക. അത് കൃത്യമായി പാലിക്കുക. മൊബൈലിൽ ഗെയിംസ് കളിച്ചിരിക്കാതെ കൂട്ടുകാരോടൊപ്പം കൂട്ടുകൂടാനും കളിച്ചുല്ലസിക്കാനും മറക്കരുത്. അടുത്തുള്ള ഗ്രൗണ്ടുകളോ, ടെറസ്സുകളോ, വിശാലമായ മറ്റു സ്ഥലങ്ങളോ ഇതിനായി പ്രയോജനപ്പെടുത്തുക. ശരീരത്തിന് ലഭിക്കുന്ന വ്യായാമം മനസ്സിന്റെ ആരോഗ്യത്തിന് പ്രധാനപ്പെട്ടതാണെന്ന് നിങ്ങൾക്കറിയാമല്ലോ.

മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് വായന. 'നിങ്ങൾ വായിക്കുന്നതെന്തോ അതാണ് നിങ്ങൾ' എന്നു പറഞ്ഞു കേട്ടിട്ടില്ലേ. അതുകൊണ്ട്, നല്ലവ തിരഞ്ഞെടുത്തു വായിക്കുക. ദിവസത്തിൽ അല്പസമയമെങ്കിലും ദൈവവചനമായ ബൈബിൾ വായിക്കുക. ജ്ഞാനത്തിന്റെ പുസ്തകത്തിൽ പറയുന്നു: 'എന്റെ വചനങ്ങളാൽ ശിക്ഷണം നേടുക, നിനക്കു ശുഭം വരും' (ജ്ഞാനം 6: 25). അതോടൊപ്പം, വിശുദ്ധരെ കുറിച്ചുള്ള പുസ്തകങ്ങളും വായിക്കുന്നത് വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കും. നിങ്ങൾക്കറിയാവുന്ന വൈദികരോടും, സിസ്റ്റേഴ്സിനോടും ചോദിച്ചാൽ ഇത്തരം പുസ്തകങ്ങൾ എളുപ്പത്തിൽ ലഭിക്കുമല്ലോ. പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് എഴുത്തുകാരനായ ജോസഫ് ആഡിസൺ പറഞ്ഞതുപോലെ: 'ശരീരത്തിന് വ്യായാമം എങ്ങനെയോ അങ്ങനെയാണ് മനസ്സിന് വായന'. പാഠപുസ്തകങ്ങൾക്ക് പുറമേയുള്ള വായനകൾ, ഉദാഹരണത്തിനു നല്ല കഥകളും നോവലുകളും നമ്മുടെ ഭാവനാശേഷിയും ചിന്താശേഷിയും വർദ്ധിപ്പിക്കും.

ചുരുക്കത്തിൽ, അവധിക്കാലത്തിലേക്ക് ചെറിയൊരു പ്ലാനിങ്ങോടുകൂടി, ഒരു ടൈംടേബിൾ ഉണ്ടാക്കിക്കൊണ്ടു പ്രവേശിക്കുക. എന്തൊക്കെ ചെയ്യണം എന്തൊക്കെ ചെയ്യരുത് എന്ന് ചിന്തിച്ചുറപ്പിക്കുക. അത് എവിടെയെങ്കിലും ഒന്ന് എഴുതി വയ്ക്കുന്നതും മുതിർന്നവരുടെ സഹായം തേടുന്നതും നന്നായി രിക്കും. അല്ലെങ്കിൽ ചിലപ്പോൾ ഈ അവധിക്കാലം വെറുതെയങ്ങു കടന്നു പോകും.

നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹപ്രദവും ഉപകാരപ്രദവുമായ ഒരു അവധിക്കാലം ആശംസിച്ചുകൊണ്ട് നിർത്തട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

കഴിഞ്ഞ അധ്യയനവർഷം വിശ്വാസപരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു. ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ബഹു. വൈദികർക്കും സമർപ്പിതർക്കും വിശ്വാസപരിശീലകർക്കും മാതാപിതാക്കന്മാർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത. വാർഷിക പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് സഹായിച്ചവർക്കും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തവർക്കും പ്രത്യേകം നന്ദി.

**1. Std. XII, ACC വാർഷിക പരീക്ഷാഫലം**

Std. XII & ACC പരീക്ഷാഫലം ഏപ്രിൽ 13 ന് അതിരൂപതാ വിശ്വാസ പരിശീലന സോഫ്റ്റ് വെയറിലും Blog-ലും പസിദ്ധീകരിക്കുന്നതാണ്. Blog Address: http://catechismtrichur.blogspot.in

**2. Basic C T C Course**

1st Batch April 19th to 21th and 2nd Batch 26th to 28th

Venue- DBCLC

വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തുടങ്ങി ഞായർ വൈകിട്ട് 4 മണിക്ക് അവസാനിക്കുന്നു. കോഴ്സ് ഫീസ് 400 രൂപ മാത്രം.

**3. Advanced C T C Course**

ഒരു ബാച്ച് മാത്രം 2 ഞായറാഴ്ചകളിലായി നടത്തുന്നു. ബേസിക് സി ടി സി യിൽ പങ്കെടുത്ത് 10 വർഷമെങ്കിലും കഴിഞ്ഞവരാണ് ഈ കോഴ്സിൽ പങ്കെടുക്കേണ്ടത്. കോഴ്സ് ഫീസ് 400 രൂപ മാത്രം.

Day -1 May 5 Day 2- May 12 കാലത്ത് 9.30 നു തുടങ്ങി വൈകിട്ട് 4 ന് അവസാനിക്കുന്നു. രണ്ട് ദിവസവും പങ്കെടുത്തവർക്ക് മാത്രമാണ് സർട്ടിഫിക്കറ്റ് ലഭിക്കുക. രജിസ്ട്രേഷൻ സോഫ്റ്റ് വെയർ മുഖാന്തിരം.

**4. Scholarship Examiation**

ഏപ്രിൽ 20 ശനിയാഴ്ച ഡി. ബി. സി. എൽ. സി. യിൽ വച്ച് രാവിലെ 10 മുതൽ 12 വരെ നടത്തുന്നു. 4, 7, 10 ക്ലാസ്സുകാർക്കാണ് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കുക. സ്കോളർഷിപ്പിനുള്ള കുട്ടികളെ ഒരുക്കിവിടേണ്ടതാണ്. ഹാൾ ടിക്കറ്റ് കൈവശം ഉണ്ടായിരിക്കേണ്ടതാണ്.

**5. Std. XII & ACC ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം**

പരീക്ഷാഫലം പ്രസിദ്ധീകരിച്ചശേഷം ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്ക് വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ഏപ്രിൽ 20 ആണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**6. ACC, XII Re-Examination, Improvement Examination**

1. Std. XII - April 27, Saturday : Time: 10 AM - 12 Noon
2. ACC - April 27, Saturday: Time: 02 PM - 5PM

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. Std. XII വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ഏപ്രിൽ 20 ആണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**7. പാഠപുസ്തകങ്ങൾ 2024 – 25 അധ്യയനവർഷം**

ഞായർ വിശ്വാസപരിശീലനം 11–ാം ക്ലാസ്സിലെ പാഠപുസ്തകത്തിന് മാറ്റമുള്ളതായി അറിയിക്കുന്നു. ACC-ക്ക് മൂന്നാമത്തെ സിലബസ്സ് ആണ് പ്രസ്തുത വർഷത്തിൽ പഠിപ്പിക്കേണ്ടത്. പുസ്തകങ്ങൾക്കായുള്ള ഓർഡർ മെയ് മാസം മുതൽ സ്വീകരിച്ചു തുടങ്ങും.

പ്രാർത്ഥനയോടെ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

## TRICHUR D B C L C

(Phone : 0487- 2333245, Mob : 9188131341)

**1. B.A. in Theology and Religious Studies (Three Years)**

സെക്കന്റ് സെമസ്റ്ററിലെ Theology of Trinity and Grace (Mar Tony Neelankavil), Theology of Eucharist (Rev. Dr. Sebastian Chalackal), Introduction to Pastoral Theology (Rev. Dr. Dijo Olakengil), Introduction to Islam (Rev. Dr. Vincent Kundukulam) എന്നീ ക്ലാസ്സുകൾ നടന്നു കൊിരിക്കുന്നു.

**2. Certificate Course in Theology (One Year)**

മാർച്ച് 03 ന് ഇതരമതങ്ങളോടുള്ള കത്തോലിക്കസഭയുടെകാഴ്ചപ്പാട് (Rev. Dr. Vincent Kundukulam), മാർച്ച് 24 ന് സാമൂഹിക നീതി (Rev. Dr. Saji Kanayankal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി 6 Months regular Theology Course, ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടക്കുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. സന്യസ്തർക്കു മാത്രം.

**4. Online Certificate Course in Theology (Two Years)**

ഈ Certificate Course-ൽ 120 പേരാണ് പങ്കെടുക്കുന്നത്. കാർമൽ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്നു.

**5. Catechumenate Course**

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള ഈ വിശ്വാസപരിശീലന കോഴ്സുകളിൽ അത്തരക്കാരെ ഇടവകകളിൽനിന്ന് പങ്കെടുപ്പിക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**6. Basic Bible Course (BBC)**

ഫെബ്രുവരി മാസം ക്ലാസ്സ് നയിച്ചവർ Rev. Dr. Dijo Olakkengil, Rev. Dr. Sr. Juliet CMC, Sri. Joseph Tharakan. ക്ലാസ്സുകൾ DBCLC യിൽ വച്ച് നടക്കുന്നു. ഞായറാഴ്ചകളിൽ 2 pm മുതൽ 5 pm വരെയാണ് ക്ലാസ്സ്

**7. Certificate Course on Guidance and Counselling**

- ഫെബ്രുവരി 25 ന് General Psychology (Rev. Dr. Alex Marottickal ),

മാർച്ച് 10 ന് Abnormal Psychology (Rev. Dr. Joby Kadappuran ), എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**റവ. ഡോ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**റവ. ഡോ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

**Excel Foundation Course**

2024 ജൂൺ 8-ാം തിയതി ആരംഭിക്കുന്ന Excel Foundation Course (8th std. to 12th std) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ഏപ്രിൽ 15-ാം തിയതി ആരംഭിക്കും. ഇടവകതലത്തിലും, സ്കൂൾ തലത്തിലും നടത്തിയ Excel Excellence Exam ൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് Excel Foundation Course ൽ അഡ്മിഷൻ എടുക്കാവുന്നതാണ്. പരീക്ഷയിൽ ഫസ്റ്റ്, സെക്കന്റ്, തേർഡ് കരസ്ഥമാക്കിയവർക്ക് ഫീസിൽ ഇളവ് ഉണ്ടായിരിക്കും. പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കും ഒരു ഇന്റർവ്യൂവിനുശേഷം ഈ കോഴ്സിൽ ചേരാവുന്നതാണ്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും, വെക്കേഷനുകളിലും, പൊതു അവധിദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും. സയൻസ്, സിവിൽ സർവ്വീസ്, പബ്ലിക്ക് സ്പീക്കിംഗ്, ഡിഫൻസ് സർവ്വീസ് കോഴ്സ് മുതലായ വിഭാഗങ്ങളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**CUET (Common University Entrance Test)**

2024 മെയ് മാസത്തിൽ അഖിലേന്ത്യ തലത്തിൽ നടക്കുന്ന CUET Exam നുള്ള കോച്ചിങ്ങ് ഏപ്രിൽ മാസം ആരംഭിക്കുന്നു. അഡ്മിഷൻ ആരംഭിച്ചു.

**K-TET (Kerala Teachers eligibility Test)**

K-TET Exam നുള്ള കോച്ചിങ്ങ് ഏപ്രിൽ 15-ാം തിയതി ആരംഭിക്കും. കാറ്റഗറി 1,2,3,4 (LP, UP, High School) ടീച്ചർമാർക്കുള്ള K-TET കോച്ചിങ്ങിന്റെ പതിനേഴാമത്തെ ബാച്ചാണ് ആരംഭിക്കുന്നത്. ഫെബ്രുവരി 5-ാം തിയതി മുതൽ രജിസ്ട്രേഷൻ ആരംഭിച്ചു.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ

പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

**സിവിൽ സർവ്വീസ് കോഴ്സ്**

സിവിൽ സർവ്വീസ് കോഴ്സ്, വീക്കെന്റ് ബാച്ച് DBCLC Excel Academy യിൽ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധിദിവസങ്ങളിലും രാവിലെ 10 മണിമുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. പ്ലസ്ടു, ഡിഗ്രി, പിജി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ബാച്ചിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. സിവിൽ സർവ്വീസ് കോഴ്സ്, ഡെയ്‌ലി ബാച്ച് ഉടനെ ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 9744941585/ 9847276657/ 7306952904

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

## മേരിമാതാ മേജർ സെമിനാരി

**യാത്രയയപ്പ്**

തത്വശാസ്ത്ര പഠനം ഈ വർഷം പൂർത്തിയാക്കുന്ന വൈദിക വിദ്യാർഥികൾക്ക് സെമിനാരി കുടുംബം ഫെബ്രുവരി 10 ന് യാത്രയയപ്പ് നൽകി. അന്നേദിവസം അർപ്പിക്കപ്പെട്ട സമൂഹബലിയിൽ റവ. ഫാ. സൈജോ തൈക്കാട്ടിൽ മുഖ്യകാർമ്മികനായി. ബഹുമാനപ്പെട്ട ഫാ. സിബി ചെറുതോട്ടിൽ വചനസന്ദേശം പങ്കുവെച്ചു. തുടർന്ന് വൈദികരുടെ നേതൃത്വത്തിൽ കൈവെയ്പ്പ് പ്രാർത്ഥനയും പ്രാർത്ഥനശുശ്രൂഷയും ഉണ്ടായിരുന്നു. അന്നേദിവസം വൈകിട്ട് 7 മണിക്ക് യാത്രയപ്പ് മീറ്റിംഗ് ഫിലോസഫി ബ്ലോക്കിന്റെ അടുത്തായി നടന്നു. ബഹുമാനപ്പെട്ട റെക്ടർ അച്ചനും ബഹുമാനപ്പെട്ട ജിബിൻ താഴേക്കാടൻ അച്ചനും ആശംസകൾ അറിയിച്ചു സംസാരിച്ചു.

**മരിച്ചവർക്കുവേണ്ടിയുള്ള ബലിയർപ്പണം**

സെമിനാരിയിലെ വൈദികരുടെയും വൈദികവിദ്യാർത്ഥികളുടെയും മരണമടഞ്ഞ പ്രിയപ്പെട്ടവർക്കുവേണ്ടിയുള്ള അനുസ്മരണബലി 15-ാം തിയതി അർപ്പിക്കപ്പെട്ടു. ബഹുമാനപ്പെട്ട സജി കണയങ്കൽ അച്ചൻ പ്രധാനകാർമ്മികനായിരുന്നു. ഫാ. സെബാസ്റ്റ്യൻ ചാലക്കൽ, ഫാ. പോൾ പുളിക്കൻ എന്നിവർ സഹകാർ മികരായി.

**മാസധ്യാനം**

2024 ഫെബ്രുവരി മാസത്തെ ധ്യാനം 16, 17 തിയതികളിലായി നടന്നു. തൃശൂർ അതിരൂപത അംഗമായ ഫാ. ടിജോ മുള്ളക്കരയാണ് ധ്യാനചിന്തകൾ നൽകിയത്. ക്രിസ്തുവിനോട് ചേർന്ന് നിൽക്കുന്ന പൗരോഹിത്യത്തെക്കുറിച്ചാണ് അച്ചൻ ധ്യാനചിന്തകൾ നൽകിയത്.

**സ്നേഹോത്സവം ഫോളോ അപ്പ്**

ഈ അധ്യയനവർഷം സ്നേഹോത്സവം നടത്തപ്പെട്ട ചേറൂർ, അയ്യന്തോൾ എന്നി ഇടവകളിലെ കുടുംബങ്ങളിൽ വൈദികവിദ്യാർത്ഥികൾ ഫെബ്രുവരി 25ാം തിയതി സന്ദർശനം നടത്തി. അന്നേദിവസം ഇടവകദേവാലയത്തിൽ ദൈവജനത്തോടൊപ്പം വിശുദ്ധ കുർബാനയിൽ സംബന്ധിച്ചു അവർക്കുവേണ്ടി പ്രതേകം പ്രാർത്ഥിച്ചു.

**യാത്രയയപ്പ്**

മേരിമാതാ സെമിനാരിയിൽ 6 വർഷത്തെ സേവനത്തിനു ശേഷം വിശ്രമ ജീവിതം നയിക്കുന്നതിനായി പോകുന്ന ബഹുമാനപ്പെട്ട ജോസഫ് തലോടി അച്ചന് മേരിമാതാ കുടുംബം 26-ാം തിയതി യാത്രയയപ്പു നൽകി. അന്നേദിവസം വൈകിട്ട് 6.30 നുള്ള ദിവ്യബലിക്ക് ബഹുമാനപ്പെട്ട ജോസഫ് തലോടി അച്ചൻ മുഖ്യകാർമ്മികനായി. തുടർന്ന് തിയോളജി ഊട്ടുമുറിയിൽ നടന്ന യോഗത്തിൽ തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തു പിതാവും സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവും സന്നിഹിതരാവുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട റെക്ടർ അച്ചൻ സ്വാഗതം ആശംസിക്കുകയും ബഹുമാനപ്പെട്ട വിൻസെൻറ് അച്ചൻ ആശംസകൾ അറിയിക്കുകയും ചെയ്തു. തുടർന്ന് സെമിനാരിയുടെ സ്നേഹോപഹാരം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവ് ജോസഫ് തലോടി അച്ചന് നൽകുകയും ചെയ്തു.

**പരീക്ഷകൾ**

2023-2024 അധ്യയന വർഷത്തിലെ രണ്ടാം സെമസ്റ്റർ പരീക്ഷ

കൾ മാർച്ച് 4 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ നടന്നു. ഈ അധ്യയന വർഷം തത്വശാസ്ത്രപഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ comprehensive written & oral പരീക്ഷകൾ യഥാക്രമം മാർച്ച് 1, 12 തിയതികളിലായി നടത്തപ്പെട്ടു.

**മാസധ്യാനം**

ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായുള്ള ഈ അധ്യയന വർഷത്തിലെ അവസാനത്തെ മാസധ്യാനവും മ്ശംശാന, ഹെവുപ്പദ്യാക്ക്ന, കാറോയാ എന്നീ പട്ടങ്ങൾ സ്വീകരിക്കുന്നതിനുള്ള ഒരുക്കവും മാർച്ച് മാസം 13, 14, 15 തിയ്യതികളിലായി നടന്നു. ബഹുമാനപ്പെട്ട റാഫേൽ മുത്തുപീടിക അച്ചനായിരുന്നു ധ്യാനം നയിച്ചത്. തത്വശാസ്ത്ര വിദ്യാർത്ഥികൾക്കായുള്ള ഈ അധ്യയന വർഷത്തിലെ അവസാനത്തെ മാസധ്യാനം മാർച്ച് മാസം 14, 15 തിയ്യതികളിലായി നടന്നു. ബഹുമാനപ്പെട്ട സന്തോഷ് തലച്ചിറ CSJBP

**അവധിക്കാലം**

സെമിനാരിപരിശീലനത്തിന്റെ ഒരു അധ്യയന വർഷംകൂടി പിന്നിട്ടു തങ്ങളുടെ രൂപതകളിലേക്കും സന്യാസ ഭവനങ്ങളിലേക്കും മാർച്ച് 15ന് ബ്രദേഴ്സ് യാത്രതിരിച്ചു. തങ്ങളുടെ കുടുംബാംഗങ്ങളുടെയും ഇടവകക്കാരുടെയും കൂടെയായിരുന്ന് പ്രായോഗിക അനുഭവങ്ങളും ബോധ്യങ്ങളും സ്വന്തമാക്കി മെയ് 30ന് അവർ സെമിനാരിയിൽ തിരിച്ചെത്തും.

**ബേഴ്സ് സ്ഥാപിച്ചവർ**

**Individual Patron Membership**

1. ശ്രീ. ജോസ് മാറോക്കി, മാറോക്കി ഹൗസ്, ചേറൂർ.
2. ശ്രീ. ജോസഫ് സി. കെ, ചക്കാലയ്ക്കൽ ഹൗസ്, ചേറൂർ.

**Individual Benefactor Membership**

1. ശ്രീമതി മേരീസ് കൊച്ചാപ്പു, പല്ലൻ ഹൗസ്, ചേറൂർ.
2. ശ്രീ. ജെൽസൻ പോൾ, നെീ ഇഗ്നി പോൾ, പാലമറ്റം ഹൗസ്, എൻജി. കോളേജ് പി. ഒ., തൃശ്ശൂർ.
3. റവ. സി. സുപ്പീരിയർ ജനറൽ CSS, ഹോളി സ്പിരിറ്റ് ജനറലേറ്റ്, മണ്ണുത്തി.
4. ശ്രീ നൈജോ ഫ്രാൻസിസ്, കാട്ടൂക്കാരൻ ഹൗസ്, എൻജി. കോളേജ് പി. ഒ., തൃശൂർ.

**Individual Well Wisher Membership**

1. റവ.ഫാ. ടൈസൻ മണ്ടുംപാൽ, മണ്ടുംപാൽ ഹൗസ്, ചൊവ്വന്നൂർ, കുന്ദംകുളം.
2. ശ്രീമതി മേരി ജോസഫ് അനട്ടി, പാറയിൽ ഹൗസ്, അയ്യന്തോൾ.
3. ശ്രീമതി ഗ്രേസി ജോണി, വടക്കേത്തല ഹൗസ്, അയ്യന്തോൾ.
4. ശ്രീ. ടെനിൽ വിക്ടർ, ചക്രമാക്കൽ ഹൗസ്, രാമവർമപുരം.

**ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ**
റെക്ടർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ഇന്ത്യയിലെ സ്വാശ്രയകോളേജുകളുടെ പട്ടികയിൽ 8-ാം സ്ഥാനം**

ഇന്ത്യയിലെ സ്വാശ്രയ കോളേജുകളുടെ പട്ടികയിൽ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് എട്ടാം സ്ഥാനം. കേരളത്തിലെ സ്വാശ്രയ കോളേജുകളുടെ ഇടയിൽ ഒന്നാം സ്ഥാനവും. നാഷണൽ മെഡിക്കൽ കമ്മീഷന്റെ കണക്കുകൾ പ്രകാരം നീറ്റ് പ്രവേശന പരീക്ഷയിൽ ഉന്നത റാങ്കുകൾ നേടിയ വിദ്യാർത്ഥികൾ പഠനത്തിനായി തിരഞ്ഞെടുക്കുന്ന രാജ്യത്തെ സ്വാശ്രയ കോളേജുകളുടെ പട്ടികയിൽ ആണ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മുൻനിരയിൽ സ്ഥാനം പിടിച്ചത്. ഏകദേശം ഒരു ലക്ഷം വിദ്യാർത്ഥികളാണ് രാജ്യത്ത് കഴിഞ്ഞ വർഷം മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയത്. ടൈംസ് ഓഫ് ഇന്ത്യ ആണ് ഈ വിഷയം പഠനത്തിന് വിധേയമാക്കിയത്.

**ദേശീയ പല്ലുവേദന ദിനം ആചരിച്ചു**

ദേശീയ പല്ലുവേദനാദിനത്തോടനുബന്ധിച്ച് സൗജന്യ ദന്തപരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തുടർന്ന് ഓറൽ കാൻസറിന്റെ ബോധവൽക്കരണ ക്ലാസിൽ ഡോ. ഡിപിൻ കെ. രാജൻ സംസാരിച്ചു.

**ജർമനിയിൽ നിന്നുള്ള നൂറംഗസംഘം ജൂബിലി ആയുർവേദ സന്ദർശിച്ചു.**

ജർമനിയിൽ നിന്നുള്ള നൂറ് പേർ അടങ്ങുന്ന വിദേശ സംഘം തൃശ്ശൂർ രാമവർമപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ സന്ദർശനം നടത്തി. ജൂബിലി ആയുർവേദ മിഷൻ ആശുപത്രി കൺസൾട്ടന്റുമാരായ ഡോ. സി. ഡൊണാറ്റ, ഡോ. എൻ. വി. ശ്രീവത്സ്, ഡോ. സി. നിർലീന, ഡോ. ഹാർവിൻ ജോർജ് എന്നിവർ ആയുർവേദത്തെക്കുറിച്ചുള്ള ക്ലാസുകൾക്ക് നേതൃത്വം നൽകി. തുടർന്ന് യോഗ ക്ലാസും, രാമവർമപുരം ജൂബിലി ആയുർവേദ ക്യാമ്പസിലുള്ള വിശാലമായ ഹെർബൽ ഗാർഡൻ സന്ദർശനവും ജൂബിലി മിഷൻ ആശുപത്രി സന്ദർശനവും നടത്തിയ ശേഷമാണ് സംഘം യാത്രയായത്.

**ജൂബിലിയുടെ ഗവേഷണ നേട്ടം**

ശ്വാസകോശ സംബന്ധമായ ചികിത്സാരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് കാരണമായേക്കാവുന്ന 2 പ്രോട്ടീനുകൾ ജൂബിലിയിലെ ഗവേഷണവിഭാഗം കണ്ടെത്തി. COPD എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ക്രോണിക് ഒബ്സ്ട്രക്ടീവ് പൾമണറി ഡിസീസ് എന്ന രോഗത്തിന്റെ മൂർച്ഛിച്ച അവസ്ഥയായ എക്സാസർബേഷനിലേക്ക് മാറാൻ സാധ്യതയുള്ള രോഗികളെ തിരിച്ചറിയാനാണ് ഈ ബയോമാർക്കറുകൾ ഭാവിയിൽ ഉപകാരപ്പെടുക.

**'നാറ്റകോൺ' നോട് അനുബന്ധിച്ച് ശിൽപശാല സംഘടിപ്പിച്ചു**

ക്ഷയവും, മറ്റ് ശ്വാസകോശരോഗങ്ങളുമായി ബന്ധപ്പെട്ട് ദേശീയ തലത്തിലുള്ള 78-ാമത് സമ്മേളനമായ നാറ്റകോൺ-ന്റെ ശിൽപശാല സംഘടിപ്പിച്ചു. ഇന്ത്യ ഒട്ടാകെയുള്ള ശ്വാസകോശ ചികിത്സാരംഗത്തെ പ്രഗത്ഭർ പങ്കെടുത്തു. ദ ട്യൂബർകുലോസിസ് അസോസിയേഷൻ ഓഫ് ഇന്ത്യ ആണ് നാറ്റ്കോണിന് നേതൃത്വം നൽകുന്നത്.

**100 % വിജയം**

രണ്ടാം സെമസ്റ്റർ ബി.എസ്.സി. നഴ്സിങ്ങ് യൂണിവേഴ്സിറ്റി പരീക്ഷയിൽ 18 ഡിസ്റ്റിങ്ഷനും 32 ഫസ്റ്റ് ക്ലാസ്സോടുകൂടി ജൂബിലി മിഷൻ കോളജ് ഓഫ് നഴ്സിങ്ങിലെ വിദ്യാർത്ഥികൾ 100 ശതമാനം വിജയം കരസ്ഥമാക്കി.

**സംസ്ഥാന ഇ.എൻ.ടി.കോൺഫറൻസ്**

തൃശ്ശൂരിൽ നടന്ന സംസ്ഥാന ഇ.എൻ.ടി. കോൺഫറൻസിൽ പി.ജി. വിദ്യാർത്ഥികൾക്കായി നടന്ന മത്സരങ്ങളിലെ എട്ട് വിജയികളിൽ ആറുപേരും ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ വിദ്യാർ ത്ഥികൾ. വിജയികളായ ഡോ. ആൻ മാത്യു, ഡോ.അഞ്ജു

മരിയ വർഗ്ഗീസ്, ഡോ. ചിത്ര സി.സി, ഡോ. നികിത മറിയം ജോൺ, ഡോ. എലിസബത്ത് സ്റ്റെല്ല മോറിസ് എന്നിവരെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അഭിനന്ദിച്ചു.

**ജൂബിലിയിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ്**

ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ രാമവർമ്മപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ വെച്ച് വിദഗ്ധ ആയുർവേദ ഡോക്ടർമാരുടെ നേതൃത്വത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്ന് വിതരണവും സംഘടിപ്പിച്ചു.

**നേത്രപരിശോധനാ ക്യാമ്പുകൾ**

തൃശ്ശൂർ ലയൺസ് ക്ലബിന്റെ സഹകരണത്തോടെ ചേറൂർ ക്രൈസ്റ്റ് വില്ലയിൽ സൗജന്യ നേത്രപരിശോധനാ ക്യാമ്പ് നടത്തി.

സന്മാർഗ്ഗദീപം ഗ്രാമീണ വായനശാല വടൂക്കരയിൽ സൗജന്യ നേത്രപരിശോധനാ ക്യാമ്പ് നടത്തി.

**അഭിനന്ദനങ്ങൾ**

ഡൽഹി എയിംസിൽ നടന്ന ദേശീയ മോളിക്യുലർ പത്തോളജി കോൺഫറൻസിൽ പോസ്റ്റർ അവതരണത്തിൽ പത്തോളജി അസിസ്റ്റന്റ് പ്രൊഫസർ ഡോ. രോഹിണി സെബാസ്റ്റ്യൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

നൈബർഹുഡ് യൂത്ത് പാർലമെന്റിന്റെ നേതൃത്വത്തിൽ നാഷണൽ യൂത്ത് പാർലിമെന്റ് ഫെസ്റ്റിവെൽ 2024 -ൽ വച്ച് നടത്തിയ പ്രസംഗ മത്സരത്തിൽ ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിലെ ജീവമരിയ ബെന്നി, ക്രിസ്മരിയ വി. ജി എന്നിവർ രണ്ടാം സ്ഥാനവും, മൂന്നാം സ്ഥാനവും  കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- വെനസ്ഡേ ക്ലബ്, എറണാകുളം
- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- എസ്. എച്ച് ചർച്ച്, നടത്തറ, തൃശ്ശൂർ
- നിക്സി പോൾസൺ, എലുവത്തിങ്കൽ ഹൗസ്, തൃശ്ശൂർ
- ഡാലി ഡെമിസ്റ്റ്, തൈക്കാട്ടിൽ ഹൗസ്, കുറ്റൂർ, തൃശ്ശൂർ
- മൊണാർക്ക് കുറീസ് പ്രൈ. ലിമിറ്റഡ്, തൃശ്ശൂർ
- ആന്റണി, ആട്ടോക്കാരൻ ഹൗസ്, തൃശ്ശൂർ

- ഷീന ജോസ്, അരണാട്ടുകര, തൃശ്ശൂർ
- ആന്റോ ഔസേപ്പ്, വെട്ടുകാട്, തൃശ്ശൂർ
- മെലീസ റോസ്, ഇ/ീ ഫാ. ജിന്റോ ചൂണ്ടൽ
- മേജോ സി ജേക്കബ്, വിയ്യൂർ
- സെന്റ് ആന്റണീസ് ചർച്ച്, അന്തിക്കാട്, തൃശ്ശൂർ
- തിരുന്നാൾ കമ്മിറ്റി, സെന്റ് ആന്റണീസ് ചർച്ച്, അന്തിക്കാട്, തൃശ്ശൂർ
- ഡോൺ ബോസ്കോ യൂണിറ്റ് & പ്രാർത്ഥന ഗ്രൂപ്പ്, സെന്റ് ആന്റണീസ് ചർച്ച്, അന്തിക്കാട്, തൃശ്ശൂർ
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഷിനോ ജോൺ, പുളിച്ചാമാക്കൽ ഹൗസ്, താഴേക്കട
- ഹരിഹരൻ, കാന്റീൻ സ്റ്റാഫ്, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ചെറുതുരുത്തി

## 1. Placement Drive - 2024

2024 ലെ Placement drive ന്റെ ഭാഗമായി സ്പെറീഡിയൻ ടെക്നോളജീസ്, ഹരിത ടെക്സെർവ് ആക്സിസ് ഗ്ലോബൽ ഓട്ടോമേഷൻ തുടങ്ങിയ കമ്പനികൾ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സന്ദർശിക്കുകയുണ്ടായി.

ജർമ്മനിയിലെ പോൾ കോസ്റ്റർ കമ്പനി കോളേജ് സന്ദർശിക്കുകയും വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ചെയ്യാനുള്ള അവസരങ്ങൾ ഒരുക്കുന്നതിനെപ്പറ്റി ചർച്ച നടത്തുകയും 16 ഓളം വിദ്യാർത്ഥികളെ ഫൈനൽ റൗണ്ട് ഇന്റർവ്യൂവിന് തെരഞ്ഞെടുക്കുകയും ചെയ്തു.

**2. ഇന്റർനാഷണൽ കോൺക്ലേവ്**

ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നടന്ന അന്താരാഷ്ട്ര വിദ്യാഭ്യാസ കോൺക്ലേവിൽ ചെക്ക് റിപ്പബ്ലിക്കിലെ ഓസ്ട്രാവ യൂണിവേഴ്സിറ്റി ഡീൻ ഡോ. റോബർട്ട് സെപ് അധ്യക്ഷത വഹിച്ചു. യൂറോപ്പിൽ നിന്നുള്ള പ്രമുഖ വിദ്യാഭ്യാസ വിദഗ്ദ്ധർ പങ്കെടുത്ത ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. ജോസ് പി തേറാട്ടിൽ, ഫാ. ഡോ. ജോസ് കണ്ണമ്പുഴ എന്നിവർ പ്രസംഗിച്ചു.

**3. രാജ്യാന്തര ശിൽപ്പശാല**

ബേസിക് സയൻസ് ആൻഡ് ഹ്യൂമാനിറ്റീസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ആപ്ലിക്കേഷൻ ഓഫ് സ്റ്റോക്കാസ്റ്റിക് പ്രോസ്സസ് എന്ന വിഷയത്തെ അധികരിച്ച് രാജ്യാന്തര ശിൽപശാല നടത്തി. തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ഗണിതശാസ്ത്ര വിഭാഗം മേധാവി പ്രൊഫ. ഡോ. വിശ്വനാഥ് സി. നാരായണൻ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പ്രൊഫ. ഡോ. വിശ്വനാഥ് സി. നാരായണൻ, പ്രൊഫ. കെ.പി. ജോസ്, പ്രൊഫ. ഡോ. അഗാസി മെലിക്കോവ്, ഡോ. ഗോപകുമാർ, ഡോ. ഇ. സന്ധ്യ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സമാപന സമ്മേളനത്തിൽ ടോക്കിയോ സർവ്വകലാശാലയിലെ പ്രൊഫ. മസാക്കിയോ മിയാസാവ, വകുപ്പ് മേധാവി പ്രൊഫ. രെഞ്ചു ഫ്രാൻസിസ്, കോർഡിനേറ്റർ ഇ. സന്ധ്യ എന്നിവർ പ്രസംഗിച്ചു.

**4. Placement Orientation Programme**

Capabl കമ്പനിയുടെ നേതൃത്വത്തിൽ മൂന്നാം വർഷ വിദ്യാർത്ഥികൾക്കായി 7-2-2024 ന് പ്ലേസ്മെന്റ് ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. കമ്പനി സി.ഇ.ഒ. ആയ മയങ്ക് അറോറ വിദ്യാർത്ഥികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയുണ്ടായി.

**5. പ്രീ-പ്ലേസ്മെന്റ് ട്രെയിനിങ്ങ്**

ഫെബ്രുവരി 1, 2 തിയ്യതികളിലായി പ്രൊഫ. ജിതിൻ കെ. ജോസിന്റെ നേതൃത്വത്തിൽ മൂന്നാം വർഷ വിദ്യാർത്ഥികൾക്കായി പ്രീ-പ്ലേസ്മെന്റ് ട്രെയിനിംഗ് നടത്തുകയുണ്ടായി. ഇന്റർവ്യൂ അഭിമുഖീകരിക്കുവാനും, ഇഢ തയ്യാറാക്കുവാനും സഹായകമായ പരിശീലനം നല്കി.

**6. ആന്വൽ സ്പോർട്സ് മീറ്റ്**

ഈ വർഷത്തെ ആന്വൽ സ്പോർട്സ് മീറ്റ് 3-2-2024 ന് നടത്തുകയുണ്ടായി. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ

ഷട്ടിൽ ബാഡ്മിന്റൺ കോച്ച്  ഡോ. റെനോൾ ജെയിംസ് ദീപശിഖ വിദ്യാർത്ഥികൾക്ക് കൈമാറിക്കൊണ്ട് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**7. Road Safety & Training for First Aid**

കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് 07.02.24 ന് റോഡ് സുരക്ഷയെക്കുറിച്ചും അത്യാവശ്യ സന്ദർഭങ്ങളിൽ നൽകേണ്ട പ്രഥമ ശുശ്രൂഷയെക്കുറിച്ചും പരിശീലനം നല്കി.  പരിപാടിയുടെ ഉദ്ഘാടനം തൃശൂർ ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്) ശ്രീ. ജെബി ഐ ചെറിയാൻ നിർവ്വഹിച്ചു. ശ്രീ. സന്തോഷ്കുമാർ. കെ. എ.എം. വി.ഐ. ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്)  ക്ലാസ്സുകൾക്ക് നേതൃത്വം നല്കുകയും ചെയ്തു.

**8. സംരോഹണം**

ചെറുതുരുത്തിയിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളായ ജ്യോതി എഞ്ചിനീയറിംഗ് കോളേജും PNNM ആയുർവ്വേദ മെഡിക്കൽ കോളേജും സംയുക്തമായി ' സംരോഹണം'- ആരോഗ്യകരമായ ജീവിതശൈലി സന്തോഷകരമായ വാർദ്ധക്യത്തിന്, എന്ന വിഷയത്തെക്കുറിച്ച് ശില്പശാല സംഘടിപ്പിച്ചു.  ആയുർവ്വേദ കോളേജിലെ പ്രഗത്ഭരായ പ്രൊഫ. ഡോ. സ്മിത, പ്രൊഫ. ഡോ. വിനിത, പ്രൊഫ. ഡോ. വർഗീസ് എന്നിവർ നേതൃത്വം നല്കി.

**9. പ്രീ പ്ലേസ്മെന്റ് ട്രെയിനിംഗ്**

പ്രൊഫ. ജിതിൻ കെ. ജോസിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 29, മാർച്ച് 1 തിയ്യതികളിലായി രണ്ടാം വർഷ വിദ്യാർത്ഥികൾക്കുള്ള പ്രീ പ്ലേസ്മെന്റ് ട്രെയിനിംഗ് നടത്തുകയുണ്ടായി. എങ്ങനെ ഒരു മറൈൻ എഞ്ചിനീയർ ആവാം ആയതിനുള്ള ഒരുക്കങ്ങൾ, ജോലി സാധ്യതകൾ എന്നിവയെപ്പറ്റി Samudra Institute opf Maritime Studies എന്ന സ്ഥാപനത്തിലെ വിദഗ്ദ്ധർ കോളേജിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി ട്രെയിനിംഗ് പ്രോഗ്രാം നടത്തി.

**10. നാഷണൽ സയൻസ് ഡേ**

ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ 2024 മാർച്ച് 2 ന് നാഷണൽ സയൻസ് ഡേ ആഘോഷിച്ചു.  പരിപാടിയുടെ ഉദ്ഘാടനം ഡോ. എ. കെ. ശിവദാസൻ (അസി. പ്രൊഫസർ, ഗവ. പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ, നവകേരളം പോസ്റ്റ് ഡോക്ടറൽ ഫെലോ) നിർവ്വഹിക്കുകയും, 'രാമൻ സ്പെക്ട്രോസ്കോപ്പി : ഒരു സംക്ഷിപ്ത ചരിത്രവും അടിസ്ഥാന വിവരണവും

ദൈനംദിന ജീവിതത്തിൽ'  എന്ന വിഷയത്തെപ്പറ്റി വിദ്യാർത്ഥികളുമായി സംവാദം നടത്തുകയും ചെയ്തു.

**11. വനിതാദിനാഘോഷം**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വിമിൻ ഡവലപ്മെന്റ് സെൽ സംഘടിപ്പിച്ച വനിതാദിനാഘോഷം 2024 മാർച്ച് 2 ന് തൃശൂർ കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. മേരി റെജീന എഫ്. ഉദ്ഘാടനം ചെയ്തു. തുടർന്ന് ആഘോഷങ്ങളുടെ ഭാഗമായി ജ്യോതിയിലെ പൂർവ്വവിദ്യാർത്ഥിനിയും സിനി ആർട്ടിസ്റ്റുമായ കാതറിൻ മരിയ സ്പോട്ട് കൊറിയോഗ്രാഫി അവതരിപ്പിച്ചു.

**12. Tink - Her - Hack 2.0**

ടിങ്ക്-ഹെർ-ഹാക്ക് 2.0 സ്ത്രീകൾക്ക് മാത്രമായുള്ള ഹാക്കത്തോൺ, ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ 2024 മാർച്ച് 2, 3 തിയ്യതികളിൽ, ടിങ്കർഹബ് JEC യുടെ സഹകരണത്തോടെ സംഘടിപ്പിച്ചു. കോളേജിലെ ടിങ്കർഹബ് IEDC, IIC, IEI, CSI, AIDA തുടങ്ങിയ ക്ലബ്ബുകളെ വളർത്തുക, കൂടാതെ സാങ്കേതികവിദ്യയിൽ സ്ത്രീകളുടെ പങ്ക് വർദ്ധിപ്പിക്കുക, അവർക്ക് അനുഭവ പരിചയം നൽകുക  തുടങ്ങിയവയായിരുന്നു ഈ ഹാക്കത്തോണിന്റെ പ്രധാന ലക്ഷ്യങ്ങൾ.

**13. Inauguration - Association of EEE**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ Association of EEE യുടെ ഉദ്ഘാടനം മാർച്ച് 7 ന് ബഹുമാനപ്പെട്ട അശോക് എം.പി (സെക്രട്ടറി – സീം കേരള ചാപ്റ്റർ, പ്രൊജക്റ്റ് ഡയറക്ടർ – അതുൽ എനർജി കൺസൽട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ്) നിർവ്വഹിച്ചു. പരിപാടിയിൽ കോളേജിലെ EEE ഡിപ്പാർട്ട്മെന്റിലെ അധ്യാപികയും സീം കേരള ചാപ്റ്റർ സോണൽ ഓഫീസറുമായ ശ്രീമതി. ഡെല്ലാ, കോളേജിന്റെ അക്കാഡമിക് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴ  എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**ഫാ. തോമസ് കാക്കശ്ശേരി**
എക്സിക്യൂട്ടീവ് മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
പിആർഒ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. മേജർ ആർച്ച് ബിഷപ്പിന് പ്രൗഢസ്വീകരണം**

തൃശ്ശൂർ സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റ സെന്റ്തോമസ് കോളേജ് മുൻ മാനേജർകൂടിയായ മാർ റാഫേൽ തട്ടിലിനു ഫെബ്രുവരി 26-ന് പാലോക്കാരൻ സ്ക്വയറിൽ സ്വീകരണമൊരുക്കി. അതോടൊപ്പംത്തന്നെ ഈ വർഷം വിരമിക്കുന്ന ശ്രീ. ജെയിംസ് വി. പി (മെക്കാനിക്ക്), ശ്രീ. സുനിൽ എ. കെ. (ലൈബ്രറി അസിസ്റ്റന്റ്) എന്നിവർക്ക് യാത്രയയപ്പും നൽകി. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ റവ.ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, എക് സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ, ഡോ. സി.എഫ്. ബിനോയ്, ഡീൻ ഓഫ് സയൻസ് & ജനറൽ കൺവീനർ തുടങ്ങി യവർ ചടങ്ങിൽ പങ്കെടുത്തു. പ്രസ്തുത ചടങ്ങിൽ വച്ച് കോളേജിന്റെ ശതാബ്ദി ആഘോഷ സ്മരണികയും ഗവേഷണ വിഭാഗങ്ങളുടെ സുവർണ ജൂബിലി സ്മരണികയും പ്രകാശനം ചെയ്തു. വീൽ ചെയർ വിതരണവും കോളജിലെ നിർധനനായ വിദ്യാർഥിക്കു ഭവന നിർമാണത്തിനായി 5 ലക്ഷം രൂപ ധനസഹായവും നൽകി.

**2. റിസർച്ച് സുവർണ ജൂബിലി ദേശീയ സെമിനാർ**

സെന്റ് തോമസ് കോളേജിൽ ഗവേഷണ വിഭാഗം ആരംഭിച്ചതി ന്റെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി ദേശീയ ദ്വിദിന കോൺഫറൻസ് നടന്നു. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ ലൈബ്രറി യിൽ നിന്ന് ഏറ്റവുമധികം പുസ്തകം വായിച്ച വിദ്യാർഥികളെ ആദ രിക്കുകയും ചെയ്തു. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. കെ. എൻ മദുസൂധനൻ മുഖ്യാതിഥിയായി ഉദ്ഘാടനം നിർവ്വഹിച്ച ചട ങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. മാർട്ടിൻ കൊളമ്പ്രത്ത് അദ്ധ്യ ക്ഷനായിരുന്നു. കോളേജ് ഗവേഷണ വിഭാഗം ഡീക്കൻ ഡോ. വി. എം ചാക്കൊ, കോ-ഓർഡിനേറ്റർ ഡോ. വിമല ജോസ്, ഡോ. സാബു പി.ജെ. തുടങ്ങിയവർ സംസാരിച്ചു. സുവർണ ജൂബിലി സുവനീർ സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിലും സി.ബി.സി.ഐ പ്രസിഡന്റും തൃശൂർ രൂപത ആർച്ച്

ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്തും, മാനേജർ മാർ ടോണി നീലങ്കാവിൽ, ഫാ. ബിജു പാണേങ്ങാടൻ എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

**3. പ്ലേസ്മെന്റ് സെൽ**

പ്ലേസ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ പ്ലേസ്മെന്റ് സെല്ലിലെ എല്ലാ അംഗങ്ങൾക്കുമായി ഒരു ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. രാജഗിരി കോളേജിലെ പ്ലേസ്മെന്റ് സെൽ ഓഫീസർ ഡോ. ബിജു പോൾ പ്ലേസ്മെന്റ് പോളിസികളെ കുറിച്ചും പുതിയ തൊഴിലവസരങ്ങളെ കുറിച്ചും സംസാരിച്ചു.

**4. ശ്രീ. ജോസ് ആലുക്കാസിനെ ആദരിച്ചു**

സെന്റ് തോമസ് കോളേജിന്റെ ലൈബ്രറിയായ സാന്തോം അഥേനിയത്തിന്റെ നിർമ്മാണത്തിനായി 1 കോടി രൂപ സംഭാവന ചെയ്ത ശ്രീ. ജോസ് ആലുക്കാസിനെ കോളേജ് ആദരിച്ചു.

**5. അഭിനന്ദനങ്ങൾ**

രണ്ടാം തവണയും സി.ബി.സി.ഐ യുടെ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട സെന്റ് തോമസ് കോളേജിന്റെ രക്ഷാധികാരി മാർ ആൻഡ്രൂസ് താഴത്തിന് കോളേജിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

**6. ഖേലോ ഇന്ത്യ**

ധനുഷ് പി ജെ അസമിലെ ഗുവാഹത്തിയിൽ നടന്ന 2023-2024 ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിൽ 100 മീറ്റർ ബാക്ക് സ്ട്രോക്ക് ഇനത്തിൽ വെള്ളി മെഡൽ നേടി. ജീവൻ കുമാർ ടി, അജിത്ത് ജോൺ എന്നിവർ 4ത100 മീറ്റർ റിലേയിൽ വെങ്കലം നേടി. അനസ് എൻ. ട്രിപ്പിൾ ജംപിൽ വെങ്കല മെഡൽ കരസ്ഥമാക്കി.

**7. മെറിറ്റ് ഡേ**

കൊമേഴ്സ് വിഭാഗം മെറിറ്റ് ഡേ സംഘടിപ്പിച്ചു. ശ്രീ. ഡോ. വി. വേണുഗോപാൽ മുഖ്യാതിഥിയായി എത്തിയിരുന്നു.

**8. മോഡൽ യൂത്ത് പാർലമെന്റ്: തരുൺ സഭ**

പൊളിറ്റിക്കൽ സയൻസ് ആൻഡ് ഹിസ്റ്ററി വകുപ്പിന്റെയും ഇലക്ടറൽ ലിറ്ററസി ക്ലബ്ബിന്റെയും നേതൃത്വത്തിൽ 'മോഡൽ യൂത്ത് പാർലമെന്റ്: തരുൺ സഭ' സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഫാ. ഡോ മാർട്ടിൻ കെ.എ അധ്യക്ഷത വഹിച്ച പരിപാടിയിൽ മുഖ്യാതിഥിയാ

യെത്തിയത് തൃശൂർ മണ്ഡലം എം.പി ശ്രീ. ടി. എൻ. പ്രതാപൻ ആയിരുന്നു.

**9. 'റൊമാന്റിസിസം പുനഃപരിശോധന'**

കോളേജിലെ ഒ.എസ്.എ, റിസർച്ച് ആൻഡ് പി.ജി ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ്, എന്നിവയുടെ സഹകരണത്തോടെ, ശ്രീ കേരള വർമ്മ കോളേജ്, തൃശൂർ, സെന്റ് അലോഷ്യസ് കോളേജ്, തൃശൂർ, വിമല കോളേജ്  ഒ.എസ്.എ എന്നിവർ സെന്റ് തോമസ് കോളേജിൽ വച്ച്, 'റൊമാന്റിസിസം പുനഃപരിശോധന' എന്ന വിഷയത്തിൽ ക്ഷണിത പ്രഭാഷണ പരമ്പരയുടെ രണ്ടാം പതിപ്പ് 2024 ഫെബ്രുവരിയിൽ സംഘടിപ്പിച്ചു.

**10. പ്രഗതി ലക്ചർ സീരീസ്**

സെന്റ് തോമസ് കോളേജിലെ റിസർച്ച്- പി.ജി. സാമ്പത്തിക ശാസ്ത്ര വിഭാഗം തുടർന്നു വരുന്ന പ്രഗതി 3.0 ലക്ചർ സീരീസിലെ 8-ാംമത് ലക്ചർ ഓൺലൈൻ വഴി നടത്തി. പ്രൊഫ. ജാക്വലീൻ ജോസഫ് ആയിരുന്നു മുഖ്യ പ്രഭാഷക.

**11. ഗവേഷണ ബിരുദം നേടി**

ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായ മിസ്. നിമ്മി സി. ഡൊമിനി ഗോസ്, ഡോ. ആന്റൊ പി.വി യുടെ നേതൃത്വത്തിൽ ഗവേഷണ ബിരുദം നേടി.

**12. എക്സ്റ്റൻഷൻ പ്രോഗ്രാം**

അക്കാദമിക് എക്സ്റ്റൻഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷ് (സെൽഫ് ഫിനാൻസ്) സ്കിൽ അപ്പ് എന്ന ഏക ദിന വർക്ഷോപ് കൊരട്ടിക്കര ഗവണ്മെന്റ് യു.പി സ്കൂളിൽ സംഘടിപ്പിച്ചു. ആൻസി റാഫേൽ ഈ പരിപാടി നയിച്ചു.

**13. ഇന്റർനാഷണൽ കോൺഫറൻസ് ഓൺ സോഷ്യൽ സയൻസ്**

സെന്റ് തോമസ് കോളേജും തരാനാണെല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളേജും സംയുക്തമായി ഇന്റർനാഷണൽ കോൺഫറൻസ് ഓൺ സോഷ്യൽ സയൻസസ് (ഐ.സി.എസ്.എസ്) യുടെ ഉദ്ഘാടനം സംഘടിപ്പിച്ചു

**14. ദേശീയ മത്സരത്തിന് തിരഞ്ഞെടുക്കപ്പെട്ടു**

കോളേജിലെ  ബികോം വിഭാഗത്തിലെ ജോസ് മോൻ സി.ഒ (എം.ടി.ബി സ്റ്റേറ്റ് സൈക്ളിങ്ങിൽ 6-ാം സ്ഥാനം), ക്രിമിനോളജി വിഭാഗത്തിലെ ജെസ്വിൻ ജോസഫ് (എം.ടി.ബി സ്റ്റേറ്റ് സൈക്ളിങ്ങിൽ

3-ാം സ്ഥാനം) എന്നിവർ ഹിമാചൽ പ്രദേശിൽ വച്ച് നടക്കുന്ന ദേശീയ മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

**15. എൻഡോവ്മെന്റ് ലക്ചർ**

കോളേജിലെ 1972-1975 ബി.എസ്.സി കെമിസ്ട്രി ബാച്ചും കെമിസ്ട്രി പൂർവവിദ്യാർഥി സംഘടനയുമായി ചേർന്ന് നാലാമത് എൻഡോവ്മെന്റ് ലക്ചർ സംഘടിപ്പിച്ചു. യുകെയിലെ യോർക്ക് സർവ്വകലാശാലയിൽ നിന്നും ഫ്രാൻസിലെ ടൗലൗസിലെ പോൾ സബാറ്റിയർ യൂണിവേഴ്സിറ്റിയിൽ നിന്നും ഡബിൾ ഡോക്ടറേറ്റ് പൂർത്തിയാക്കിയ ഡോ. അശ്വിൻ ചന്ദ്രൻ (ബി.എസ്.സി കെമിസ്ട്രി ബാച്ച് 2015-2018) ആയിരുന്നു റിസോഴ്സ് പേഴ്സൺ. ബി.എസ്.സി കെമിസ്ട്രിയിലെ മികച്ച പ്രകടനത്തിന് അവസാന വർഷ കെമിസ്ട്രി ബിരുദ വിദ്യാർത്ഥിനി അനിറ്റ റാഫേലിന് സ്കോളർഷിപ്പും നൽകി.

**16. പ്രൊഫ. പി.എൽ യേശുദാസൻ അനുസ്മരണവും മെറിറ്റ് ഡേയും**

സുവോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രൊഫ. പി.എൽ യേശുദാസൻ അനുസ്മരണവും മെറിറ്റ് ഡേയും സംഘടിപ്പിച്ചു. ഡോ. സി.എഫ്. ബിനോയ്, സുവോളജി വകുപ്പ് മേധാവി & ഡീൻ ഓഫ് സയൻസ് ആമുഖപ്രഭാഷണം നടത്തി.

**17. തൃശ്ശൂരിലെ ഒരു ബൊട്ടാണിക്കൽ ഇല്ലസ്ട്രേഷൻ മാസ്റ്റർക്ലാസ്**

സെന്റ് തോമസ് കോളേജ് ബൊട്ടാണിക്കൽ ചിത്രീകരണത്തിൽ ദേശീയ തലത്തിലുള്ള ഹാൻഡ്സ്-ഓൺ പരിശീലനം സംഘടിപ്പിച്ചു.

**18. പ്രഭാഷണ മത്സരം-2024**

ഇംഗ്ലീഷ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സെന്റിനറി മെമ്മോറിയൽ ദേശീയ പ്രഭാഷണ മത്സരം സംഘടിപ്പിച്ചു. മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ റവ. ഫാ.ഡോ. മാർട്ടിൻ കെ.എ മത്സരാർത്ഥികൾക്ക് സന്ദേശം നൽകി. റവ. ഫാ. ബിജു പാണേങ്ങാടൻ സമ്മാനദാനം നിർവഹിച്ചു.

**19. 'സൂഫെസ്റ്റ് ഫീനിക്സ് 2024'**

സുവോളജി വിഭാഗത്തിന്റെ 'സൂഫെസ്റ്റ് ഫീനിക്സ് 2024' ഡെപ്യൂട്ടി മേയർ എം.എൽ. റോസി, പ്രിൻസിപ്പൽ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്തിനു വൃക്ഷത്തൈ നൽകി ഉദ്ഘാടനം ചെയ്തു.

**20. ലോകതണ്ണീർ തടദിനാചരണം സംഘടിപ്പിച്ചു**

ലോകതണ്ണീർതട ദിനാചരണത്തിന്റെ ഭാഗമായി സുവോളജി

വിഭാഗത്തിന്റെ നേതൃത്വത്തിൽ 'കൽത്തുമ്പികളും തണ്ണീർതടങ്ങളും' എന്ന വിഷയത്തിൽ കൽത്തുമ്പി ഗവേഷക ഡോ. നിത ബോസ് കോളജ് വിദ്യാർത്ഥികളുമായി സംവദിച്ചു.

**21. വി കെയർ @ സെന്റ് തോമസ്**

സെന്റ് തോമസ് കോളേജ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് 'വി കെയർ' എന്ന സൗജന്യ മെഡിക്കൽ പരിശോധന നടത്തി.

**22. സൗജന്യ ഹെൽത്ത് കാരവൻ ക്യാമ്പ്**

സെന്റ് തോമസ് കോളേജിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റിലിന്റെ നേതൃത്വത്തിൽ സൗജന്യ ഹെൽത്ത് കാരവൻ ക്യാമ്പ് നടത്തി.

**24. ഒ.എസ്.എ – ഇക്കണോമിക്സ് ജനറൽ ബോഡി യോഗം – മെറിറ്റ് ഡെ**

സാമ്പത്തിക ശാസ്ത്ര വിഭാഗം ഒ.എസ്.എ– ഇക്കണോമിക്സ് ജനറൽ ബോഡി യോഗത്തോടൊപ്പം ശ്രീ. വിഷ്ണു കെ. വേണുഗോപാലിനെ (ഐ.ഇ.എസ്) ആദരിക്കുന്ന ചടങ്ങും മെറിറ്റ് ഡെയും ആഘോഷിച്ചു.

**25. അനുസ്മരണ സമ്മേളനങ്ങൾ**

കോളേജിലെ ഫിസിക്സ് വിഭാഗം പ്രൊഫ. ടി.ആർ.വിശ്വനാഥൻ അനുസ്മരണ സമ്മേളനവും പ്രൊഫ. കെ. സീതാരാമൻ അനുസ്മരണ പ്രഭാഷണവും നടത്തി.

**26. പുസ്തക പ്രകാശനം: എം.കെ.ഗാന്ധി**

കോളേജിലെ മേനാച്ചേരി ഹാളിൽ വച്ച് റവ.ഡോ.ജോസഫ് ജെ. ഡോക്ക് എഴുതിയ 'എം. കെ.ഗാന്ധി: ആൻ ഇന്ത്യൻ പാട്രിയറ്റ് അറ്റ് സൗത്ത് ആഫ്രിക്ക' എന്ന പുസ്തകം ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത സെന്റ് തോമസ് കോളേജ് മുൻ പ്രിൻസിപ്പലും ഇംഗ്ലീഷ് ഫാക്കൽറ്റിയുമായ റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരന്റെ പുസ്തകം കോളേജിലെ റീഡേഴ്സ് എൻ റൈറ്റേഴ്സ് ക്ലബ്ബിന്റെ സഹകരണത്തോടെ പൂർണ്ണോദയ പബ്ലിക്കേഷൻസ് മേനാച്ചേരി ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ തൃശൂർ പബ്ലിക് ലൈബ്രറി പ്രസിഡന്റ് വി.കൃഷ്ണൻ നായർ പ്രകാശനം ചെയ്യുകയും ഡോ. സി.കെ.തോമസ് (റിട്ട. ഡയറക്ടർ, ദൂരദർശൻ, തൃശൂർ) സ്വീകരിക്കുകയും ചെയ്തു.

**27. ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് വീൽചെയർ വിതരണം**

കോളേജിലെ കൊമേഴ്സ് വിഭാഗം (എസ്.എഫ്) കാരിറ്റാ കാൽഷ്യോ ദശവാർഷിക ആഘോഷങ്ങളുടെ ഭാഗമായി 7 വീൽ ചെയറുകൾ വ്യത്യസ്ത ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു.

**28. വിചാരംഗംഗ: ലക്ചർ 3**

സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് റിസർച്ച് വിഭാഗവും, സെന്റ് അലോഷ്യസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗവും, ഹോളി ക്രോസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗവും ചേർന്ന് വിചാരംഗംഗ എന്ന ഓൺലൈൻ ലക്ചർ സീരീസിന്റെ മൂന്നാമത് ലക്ചർ സംഘടിപ്പിച്ചു.

**29. വനിതാദിനം ആചരിച്ചു**

സെന്റ് തോമസ് കോളേജിലെ ഹിന്ദി വിഭാഗം 'മിസ്സ്' റപ്രസന്റേഷൻസ് : വുമൺ & സിൽവർ സ്ക്രീൻ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**30. ഡോ. റസിൻ ആർ.എസിന് അഭിനന്ദനങ്ങൾ**

ഗോവയിൽ വച്ച് നടന്ന ദേശീയ മാസ്റ്റേഴ്സ് ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പ് 2024 – ൽ ചാമ്പ്യന്മാരായ കേരള ടീമിന്റെ ക്യാപ്റ്റനും സെന്റ് തോമസ് കോളേജിന്റെ അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. റസിൻ ആർ.എസിന് അഭിനന്ദനങ്ങൾ.

**31. 'ഐ ടു ഐ' പുസ്തകം പ്രകാശനം ചെയ്തു.**

സെന്റ് തോമസ് കോളേജിന്റെ പൂർവ വിദ്യാർത്ഥിയായ ശ്രീ. ഡെറി പോളിന്റെ 'ഐ ടു ഐ' എന്ന പുസ്തകം  റീഡേഴ്സ് ആന്റ് റൈറ്റേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പ്രകാശനം ചെയ്തു.

**32. പുസ്തകം പ്രസിദ്ധീകരിച്ചു**

ഹിന്ദി വിഭാഗ (സ്വാശ്രയം)ത്തിലെ മേധാവിയും അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. ബിനി വർഗീസ് കെ. യുടെ 'രാഷ്ട്രകവി ഡോ. വിശ്രാന്ത് വശിഷ്ട് കെ ഖണ്ഡകാവ്യ 'അന്തിം നിർണയ്' മേം രാഷ്ട്രവാടി വിശ്ലേഷൻ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**ദേശീയ സെമിനാർ**

മാർച്ച് 2 ശനിയാഴ്ച ക്വാളിറ്റി എൻഹാൻസ്മെന്റ് ഇൻ എഡ്യുക്കേഷൻ കറന്റ് ട്രെൻഡ്സ്, ചലഞ്ചസ് ആന്റ് സ്ട്രാറ്റജീസ് എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. സെമിനാറിന്റെ ഉദ്ഘാടനം ഒറ്റപ്പാലം എൻ.എസ്.എസ് ട്രെയിനിംഗ് കോളേജിലെ പ്രിൻസിപ്പൽ ഡോ. അമ്പിളി അരവിന്ദ് നിർവഹിച്ച് സംസാരിച്ചു. കോളേജ് മാനേജർ മോൺ.ജോസ് കോനിക്കര അനുഗ്രഹ പ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ അധ്യക്ഷ പ്രസംഗം നടത്തി. ഭാരതിയർ യൂണിവേഴ്സിറ്റിയിലെ അസി.പ്രൊഫസർ ഡോ.എം.ബാലസുബ്രഹ്മണ്യം ഓൺലൈൻ സെഷൻ നേതൃത്വം വഹിച്ചു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പ്രബന്ധാവതരണം നടന്നു.

**സിനർജി സീരീസ്**

25-ാമത് സിനർജി സീരീസ് മാർച്ച് 4 തിങ്കളാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. 'മോഡേൺ ട്രെൻസ് ഇൻ ടീച്ചിംഗ് ഇന്നോവേറ്റീവ് പ്രാക്ടീസസ്' എന്ന വിഷയത്തിൽ മാർ ഒസ്തേതിയോസ് ട്രെയിനിംഗ് കോളേജ് അസി.പ്രൊഫസർ ഡോ.വർഗീസ് പി.എ പ്രഭാഷണം നടത്തി.

**ആർട്സ് ഡേ**

2022-2024 ബി.എഡ് ബാച്ചിന്റെ ആർട്സ് ഡേ 'ആരവ് 2024' മാർച്ച് 5 ചൊവ്വാഴ്ച ആഘോഷിച്ചു.

**അന്താരാഷ്ട്ര വനിത ദിനം ആചരിച്ചു**

Anti - ADAT ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 7 ന് അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ വനിതാദിന സന്ദേശം നൽകി.

**കോളേജ് ഡേ**

2023-2024 അധ്യയന വർഷത്തെ കോളേജ് ദിനം മാർച്ച് 15 വെള്ളിയാഴ്ച ആഘോഷിച്ചു. കോളേജ് മാനേജർ മോൺ.ജോസ് കോനിക്കര കോളേജ് ദിനം ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് മാനേജർ റവ.ഡോ.ഷിജു ചിറ്റിലപ്പിള്ളി മുഖ്യ പ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ഈ

അധ്യായനവർഷത്തെ കോളേജ് റിപ്പോർട്ടും, കോളേജ് യൂണിയൻ സെക്രട്ടറി മിസ്.ശിശിര രാജ് കെ.ആർ കോളേജ് യൂണിയൻ റിപ്പോർട്ടും അവതരിപ്പിച്ചു. ജി.ടി.എ പ്രസിഡന്റ് ശ്രീമതി. മിനി ചാക്കോ, അധ്യാപക പ്രതിനിധി മിസ്. നിധിക.എ.ആർ കോളേജ് യൂണിയൻ ചെയർപേഴ്സൺ മിസ്.എയ്ഞ്ചൽ മേരി ജെൻസൺ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

**വേനലവധി ആരംഭം**

മാർച്ച് 27 ബുധനാഴ്ച വേനലവധി ആരംഭത്തിന്റെ ഭാഗമായി കോളേജ് അടച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

## ത്യാഗരാജാർ പോളിടെക്നിക്ക് കോളേജ്, അളഗപ്പനഗർ

1. ഇന്ത്യൻ സൊസൈറ്റി ഓഫ് ടെക്നിക്കൽ എഡ്യുക്കേഷന്റെ ആഭിമുഖ്യത്തിൽ ഓറിയെന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. നാഷ്ണൽ എക്സിക്യൂട്ടീവ് കൗൺസിൽ മെമ്പറും തിരൂർ എസ്.എസ്.എം പോളിടെക്നിക്ക് കോളേജ് ലക്ചററുമായ ശ്രീ. സുബൈർ Importance of Professional body membership ISTE എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പാൾ ശ്രീ. സാബു എൻ. ജെ. അദ്ധ്യക്ഷത വഹിച്ചു. ISTE സെക്രട്ടറി ശ്രീ. ബെൻ ഓസ്റ്റിൻ സ്വാഗതവും, ശ്രീ. സിന്റോ സി. ജെ. നന്ദിയും പറഞ്ഞു.

2. തൃശ്ശൂർ സെന്റ് മേരീസ് കോളേജിലെ അസി. പ്രൊഫസറും ബയോ കെമിസ്ട്രി വിഭാഗത്തിന്റെ എച്ച്.ഒ.ഡിയുമായ ഡോ. ദീപ ജി മുരിക്കൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ എന്ന വിഷയത്തെ ആസ്പദമാക്കി വനിതാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ക്ലാസ്സ് എടുത്തു. എച്ച്.ഒ.ഡി. ശ്രീ. സിന്റോ സി ജെ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ലേഡി വെൽഫെയർ സെൽ കോർഡിനേറ്റർ ശ്രീമതി. ജീജ ആന്റണി (പ്രൊഫ. മാത്സ്) സ്വാഗതവും, വിദ്യാർത്ഥി പ്രതിനിധി അക്ഷയ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

3. മെക്കാനിക്കൽ ഡിപ്പാർട്ട്മെൻറിൽ പുതുതായി നിർമ്മിച്ച Advanced Machine Tool Lab ന്റെ ഉദ്ഘാടനം ഫാ. ജോസ് പുന്നോ

ലിപ്പറമ്പിലും, CNC Lathe Machin ന്റെയും, Metallurgical Microscope ന്റെ ഉദ്ഘാടനം ഗവേണിംഗ് കൗൺസിൽ ചെയർമാൻ മോൺ. ജോസ് കോനിക്കര നിർവ്വഹിച്ചു. പ്രിൻസിപ്പാൾ ശ്രീ. സാബു എൻ ജെ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ജിയോ തെക്കിനിയത്ത്, ഫാ. ജോൺസൻ ഐനിക്കൽ, ഫാ. ജോജോ എടത്തിരുത്തി എന്നിവർ ആശംസകൾ അർപ്പിക്കുകയും, ശ്രീ. സിന്റോ സി ജെ സ്വാഗതവും, ശ്രീ. റോബി സി ജെ നന്ദി പറയുകയും ചെയ്തു.

4. ഗാന്ധിജിയുടെ 76-ാം രക്തസാക്ഷിദിനത്തോടനുബന്ധിച്ച് കോളേജിലെ 24(K)BN NCC കേഡറ്റ്സ്, കെയർ ടേക്കർ ജെൽസൻ കെ ജെ യുടെ നേതൃത്വത്തിൽ പ്രിൻസിപ്പാൾ ശ്രീ. സാബു എൻ ജെ പുഷ്പാർച്ചന നടത്തി. തുടർന്ന് കോളേജ് അദ്ധ്യാപകരും, ചഇഇ കേഡറ്റ്സ്, മറ്റ് വിദ്യാർത്ഥികളും ഗാന്ധിജിയുടെ ചിത്രത്തിനു മുമ്പിൽ പുഷ്പാർച്ചന അർപ്പിച്ചു.

5. ആന്റി നാർക്കോട്ടിക് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ലഹരിയുടെ ഉപയോഗം കൊണ്ട് വ്യക്തി ജീവിതത്തിനും സമൂഹത്തിനും രാജ്യത്തിനും ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചും, ലഹരിയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന കുറ്റകൃത്യങ്ങളെക്കുറിച്ചും പുതുക്കാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ശ്രീ. എം രാമചന്ദ്രൻ, വിമുക്തി കോർഡിനേറ്റർ എക്സൈസ് റെയ്ഞ്ച് ഓഫീസ്, ഇരിഞ്ഞാലക്കുട ശ്രീ. സി വി രാജേന്ദ്രൻ എന്നിവർ ക്ലാസ്സെടുത്തു. പ്രിൻസിപ്പാൾ ശ്രീ. സാബു എൻ ജെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ആന്റീ നാർക്കോട്ടിക് സെൽ കോർഡിനേറ്റേഴ്സ് ആയ ശ്രീ. പോൾ എം എഫ് സ്വാഗതവും, ശ്രീ. ലിന്റോഷ് ജോൺ ടി നന്ദിയും പറഞ്ഞു.

6. ലേഡിവെൽഫെയർ സെല്ലിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി പുതിയ കാലഘട്ടത്തിൽ സോഷ്യൽ മീഡിയ സൈറ്റുകൾ വഴി കുട്ടികളെ വഴിതെറ്റിക്കുന്നതിനെക്കുറിച്ചും, പോക്സോ കേസുകളെക്കുറിച്ചുള്ള അവബോധവും അതിന്റെ നിയമങ്ങളെക്കുറിച്ചും, ശിക്ഷാ നടപടികളെക്കുറിച്ചും ഒരു ബോധവൽക്കരണ സെമിനാർ കോളേജ് കോൺഫൻസ് ഹാളിൽ വെച്ച് പുതുക്കാട് പോലീസ് സ്റ്റേഷൻ അസി. സബ് ഇൻസ്പെക്ടർ ശ്രീമതി. എ കെ ഷീബ ക്ലാസ്സെടുത്തു.

7. കോളേജിലെ എൻ.എസ്.എസ്. യൂണിറ്റിന്റെയും റെഡ് റിബ്ബൺ ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ കാൻസർ ദിനാചരണത്തിന്റെ ഭാഗമായി കോളേജിലെ വിദ്യാർത്ഥികൾക്കായി പുതിയ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്ന കാൻസർ രോഗത്തെക്കുറിച്ചും, ആധുനിക ചികിത്സാരീതിയിലൂടെ മുൻകൂട്ടി കണ്ടുപിടിച്ച് രോഗം ചികിത്സിച്ച്

ഭേദമാക്കുന്നതിനെക്കുറിച്ചും ഒരു ബോധവൽക്കരണ സെമിനാർ അമല കാൻസർ റിസർച്ച് സെന്ററിലെ ഇമ്മ്യൂണോളജി ഡിപ്പാർട്ട്മെന്റ് അസി. പ്രൊഫ. ഡോ. മനു കെ ആര്യൻ ക്ലാസ്സെടുത്തു.

8. അക്കാദമിക്ക് പ്രവർത്തനങ്ങളും മറ്റ് ഇതര കായിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വർഷത്തിൽ രണ്ട് ലക്കങ്ങളായി പ്രസിദ്ധീകരിക്കുന്ന രീതിയിലുള്ള ന്യൂസ് ലെറ്ററിന്റെ ആദ്യ പതിപ്പിൻറെ പ്രകാശനം പ്രിൻസിപ്പാൾ ശ്രീ. സാബു എൻ ജെ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗവേണിംഗ് കൌൺസിൽ ചെയർമാൻ മോൺ. ജോസ് കോനിക്കരയുടെ സാന്നിദ്ധ്യത്തിൽ കോളേജ് മാനേജ്മെൻറ് കമ്മിറ്റി മെമ്പർമാരായ ഫാ. ജോൺസൻ ഐനിക്കൽ ഫാ. ജോസ് പുന്നോലിപ്പറമ്പിലിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ഫാ. ജിയോ തെക്കിനിയത്ത്, ഫാ. ജോജോ എടത്തിരുത്തി ന്യൂസ് ലെറ്റർ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ ശ്രീമതി. സ്നേഹ ആന്റണി, ശ്രീ. ലിൻറോഷ് ജോൺ ടി, ശ്രീ. ബെൻ ഓസ്റ്റിൻ, ശ്രീ. വിബിൻ സി വി, ശ്രീമതി. രാഗിയ ജോസ്, ശ്രീമതി. ജാസ്മിൻ ഡേവീസ് എ, ശ്രീ. സിജോയ് കെ ജെ, ശ്രീ. റോയ്സൻ എന്നിവർ പ്രസംഗിച്ചു.

9. കോളേജിലെ NSS യൂണിറ്റിന്റെ നേതൃത്വത്തിൽ സമ്മതിദാന അവകാശം വിനിയോഗിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും, വോട്ടിങ്ങ് സംബന്ധിച്ചുള്ള ആളുകളുടെ സംശയനിവാരണത്തിനുമായുള്ള പുതുക്കാട് നിയോജകമണ്ഡലത്തിലെ വോട്ടു വണ്ടിയുടെ പര്യടനം പോളിടെക്നിക്ക് ക്യാംമ്പസിൽ നിന്നും പുതുക്കാട് നിയോജകമണ്ഡലത്തിൻറെ അസി. റിട്ടേണിംഗ് ഓഫീസർ ഡി.എഫ്. ഒ. ശ്രീമതി. ആർ ലക്ഷ്മി ഫ്ലാഗ് ഓഫ് ചെയ്തു. തഹസിൽദാർ ശ്രീ. നാരായണൻ സി, അസി. ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർ ശ്രീ. മനോജ്, ഡെപ്യൂട്ടി തഹസിൽദാർ ശ്രീമതി. രേഖ, കോളേജ് പ്രിൻസിപ്പാൾ ശ്രീ. സാബു എൻ ജെ, എന്നിവർ പ്രസംഗിച്ചു. NSS കോർഡിനേറ്റർ ശ്രീ. ജോഷി ആന്റേഴ്സൺ, ശ്രീമതി. മിബി തോമസ് എന്നിവർ നേതൃത്വം നൽകി. വോട്ടിങ്ങ് മെഷീൻ പരിചയപ്പെടുത്തുന്നതിനും മാതൃകാ വോട്ടിങ്ങിനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി.

10. 11 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ത്യാഗരാജാർ പോളിടെക്നിക്ക് കോളേജ് മാനേജ്മെന്റ് കമ്മിറ്റിയുടെ സെക്രട്ടറി കം ട്രഷറർ സ്ഥാനത്തുനിന്ന് മാറിപ്പോകുന്ന ഫാ. ജിയോ തെക്കിനിയത്തിന് കോളേജിലെ ജീവനക്കാരുടെ നേതൃത്വത്തിൽ യാത്രയയപ്പ് യോഗം നടത്തി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് കോളേജ് പ്രിൻസിപ്പാൾ ശ്രീ. സാബു എൻ ജെ

സ്വാഗതം ആശംസിച്ചു. ഡിപ്പാർട്ട്മെന്റ് HOD മാരായ ശ്രീ. സെബി എൻ പി, ശ്രീ. സിന്റോ സി ജെ, ശ്രീമതി. സിനോ ഫ്രാൻസിസ്, ജൂനിയർ സൂപ്രണ്ട് ശ്രീ. വിനോയ് ഡേവീസ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. പുതിയ സെക്രട്ടറി കം ട്രഷറർ ആയി സ്ഥാനം ഏറ്റെടുത്ത ഫാ. ജോജോ എടത്തിരുത്തിക്ക് യോഗത്തിൽ സ്വീകരണം നൽകി. സ്റ്റാഫ് കൗൺസിൽ ജനറൽ സെക്രട്ടറി ശ്രീ. ലിജോ ജോൺ യോഗത്തിന് നന്ദി പറഞ്ഞു.

**ലിന്റോഷ് ജോൺ ടി**

പി.ആർ.ഒ.

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**യാത്രയയപ്പ് സമ്മേളനവും വിജയോത്സവവും**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ വരുന്ന വിദ്യാലയങ്ങളിലെ ജീവനക്കാരിൽ ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന മുഴുവൻ സ്റ്റാഫ് അംഗങ്ങൾക്ക് യാത്രയയപ്പും ഏജൻസിയുടെ കീഴിൽ വരുന്ന വിദ്യാലയങ്ങളിൽ നിന്ന്, ഒന്നു മുതൽ ഒൻപതു വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രീകൃത മൂല്യ നിർണ്ണയ പരീക്ഷകളിലൂടെ മികച്ച പ്രകടനം കാഴ്ചവച്ച വിദ്യാർത്ഥികളെയും വിദ്യാലയങ്ങളെയും കണ്ടെത്തി വിജയോൽസവവും സംഘടിപ്പിച്ചു. DBCLC ഓഡിറ്റോറിയത്തിൽ വച്ച് 2024 മാർച്ച് 12 ന് ഉച്ചതിരിഞ്ഞ് നടത്തിയ ചടങ്ങിന് അതിരൂപതാ മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിക്കുകയും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങൾക്കുള്ള മെമെൻേറായും മികച്ച വിദ്യാലയങ്ങൾക്കുള്ള ട്രോഫികളും കൈമാറുകയും ചെയ്തു. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ച സമ്മേളനത്തിന്, അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. ജോയ് അടമ്പുകുളം സ്വാഗതമേകുകയും പുതുക്കാട് സെന്റ് ആന്റണീസ് എൽ. പി. സ്കൂൾ മാനേജർ വെ. റവ. ഫാ. പോൾ തേക്കാനത്ത്, എച്ച്. എം. ഫോറം സെക്രട്ടറി ശ്രീ കെ. എ. ബെന്നി മാസ്റ്റർ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളെ പ്രതിനിധീകരിച്ച് ശ്രീമതി ജെസ്സി പി ലാസർ, ശ്രീമതി ജെസ്സി പൊറിഞ്ചു, ശ്രീ

ഫ്രാൻസിസ് കെ. ജോസഫ്, ശ്രീമതി ഷീല തോമസ് സി., ശ്രീമതി റീന എ. ഐ., ശ്രീമതി കാതറിൻ വി. എൽ., ശ്രീമതി മേഴ്സി എ. ടി. എന്നിവർ മറുപടി പ്രസംഗം പറഞ്ഞു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**ഏപ്രിൽ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 3,4,5 – 10,11,12 – 24,25,26. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം– രാവിലെ 9.30 മുതൽ 3.30 വരെ.

**ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രി**

നമ്മുടെ അതിരൂപത കുടുംബ പ്രേഷിത കേന്ദ്രം ഇടവകകളിൽ ആരംഭിച്ച ട്രിനിറ്റി ദമ്പതി കൂട്ടായ്മ ഒരു സംഘടനയല്ല, മറിച്ച് വിവാഹമെന്ന കൂദാശയിൽ വളരുവാൻ ട്രിനിറ്റി കപ്പിൾസ് മിനിസ്ട്രി നടത്തുന്ന ഒരു പരിശീലന പരിപാടിയാണ്. ഇടവകകളിൽ ഈ

മിനിസ്ട്രി ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർ അല്ലെങ്കിൽ ഈ മിനിസ്ട്രിയെ കുറിച്ച് അറിയുവാൻ ആഗ്രഹിക്കുന്നവർ വിളിക്കുക 9605043327.

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**ഫൊറോന ആനിമേറ്റേഴ്സ് യോഗം**

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ ആനിമേറ്റേഴ്സ് അച്ചന്മാരുടെയും 16 ഫൊറോന കൺവീനർമാരുടെയും അതിരൂപത ഭാരവാഹികളുടെയും സംയുക്ത യോഗം മാർച്ച് 4-ാം തിയ്യതി തിങ്കൾ കാലത്ത് 11 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടന്നു. ഈ യോഗത്തിൽ (2024 ഏപ്രിൽ– 2025 മാർച്ച്) വാർഷിക പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും അംഗീകാരം നൽകുകയും ചെയ്തു. പങ്കെടുത്ത എല്ലാ ആനിമേറ്റർ അച്ചന്മാർക്കും അതിരൂപത, ഫൊറോന ഭാരവാഹികൾക്കും നന്ദി പറയുന്നു.

**പാലയൂർ ജാഗരണ പദയാത്ര**

അതിരൂപത പാലയൂർ തീർത്ഥാടന പദയാത്രക്ക് മുന്നോടിയായി മാർച്ച് 1-ാം തിയ്യതി വെള്ളിയാഴ്ച്ച രാത്രി 9.00 ന് പുത്തൻപള്ളിയിൽ നിന്ന് ആരംഭിച്ച ജാഗരണ പദയാത്രയിൽ കുടുംബകൂട്ടായ്മ ഭാരവാഹികൾ പങ്കെടുത്തു.

**അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ ജനറൽബോഡി യോഗം മോൺ. ജോസ് കോനിക്കര അച്ചന്റെ അദ്ധ്യക്ഷതയിൽ മാർച്ച 9-ാം തിയ്യതി ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് 2.30 ന് നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ ഉദ്ഘാടന കർമ്മം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. 2024 – 2025 വർഷത്തെ വാർഷിക പദ്ധതിയുടെ പ്രകാശനവും കുടുംബകൂട്ടായ്മയ്ക്കുവേണ്ടി തയ്യാറാക്കിയ പുതിയ പ്രാർത്ഥനാ പുസ്തകത്തിന്റെ പ്രകാശനവും കുടുംബ

കൂട്ടായ്മ ചലഞ്ച് എന്ന പ്രോഗ്രാമിന്റെ ഉദ്ഘാടനവും തദവസര ത്തിൽ നടന്നു. തുടർന്ന് കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി 2023 ൽ നടത്തിയ കലാ സാഹിത്യ മത്സര വിജയികൾക്കുള്ള സമ്മാനദാനവും, പ്രവർത്തനഫണ്ട് കൂപ്പൺ ഇടവകയ്ക്ക് നൽകിയത് നൂറുശതമാനവും ചിലവാക്കിയ ഇടവകകൾക്കും, 2023 മാർ ജോസഫ് കുണ്ടുകുളം അനുസ്മരണ ദിനത്തിൽ രക്തദാനം ചെയ്തവർക്കും ഈ യോഗത്തിൽ വച്ച് പ്രത്യേക ആദരവ് നൽകി. ഈ ജനറൽബേ ാഡി യോഗത്തിൽ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും യഥാക്രമം ജനറൽ സെക്രട്ടറി ഡോ. ജോർജ്ജ് അലക്സ്, ട്രഷറർ ജെയ്സൻ മാണി എന്നിവർ അവതരിപ്പിക്കുകയും യോഗാ നുമതിയോടെ പാസാക്കുകയും ചെയ്തു. യോഗത്തിന് ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ ആമുഖസന്ദേശവും ജന.കൺവീനർ ഷിന്റോ മാത്യു സ്വാഗതവും അസി. ഡയറക്ടർ ഫാ. അനിഷ് കൂത്തൂർ നന്ദിയും പറഞ്ഞു.

**ഉണർവ് - 2024**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് - 2024 അമ്മാടം, ചിയ്യാരം വിജയമാത, വെളു ത്തൂർ, വിയ്യൂർ, അടാട്ട് എന്നീ ഇടവകയിൽ മനോഹരമായി നടത്ത പ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 9605043327.

**മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം**

കുടുംബകൂട്ടായ്മയുടെ സ്ഥാപക പിതാവും 'പാവങ്ങളുടെ പിതാവ്' എന്ന അപരനാമത്തിൽ ലോകമെങ്ങും അറിയപ്പെട്ട തൃശ്ശൂർ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ ജോസഫ് കുണ്ടു കുളം പിതാവിന്റെ 26-ാം ചരമ വാർഷികത്തോടനുബന്ധിച്ച് ഈ വർഷവും തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വ ത്തിൽ 2024 ഏപ്രിൽ 14-ാം തിയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വെച്ച് മാർ ജോസഫ് കുണ്ടു കുളം അനുസ്മരണം സംഘടിപ്പിക്കുന്നു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുന്ന അനുസ്മരണ യോഗത്തിലേക്ക് അതിരൂപത,

ഫൊറോന, ഇടവക കുടുംബകൂട്ടായ്മ പ്രതിനിധികളെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**നേതൃത്വ പരിശീലന പ്രോഗ്രാം**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെയും അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെയും നേതൃത്വത്തിൽ അമ്മമാർക്കായി സഭയിലും സമൂഹത്തിലും നേതൃത്വ നിരയിലേക്ക് വളരുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന നേതൃത്വപരിശീലന പ്രോഗ്രമിന്റെ മൂന്നാമത്തെ സെമിനാർ ഏപ്രിൽ 10-ാം തിയ്യതി ബുധനാഴ്ച്ച 10 മണി മുതൽ 1 മണി വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ നേതൃത്വ പരിശീലന പ്രോഗ്രമിലേക്ക് താൽപര്യമുള്ള എല്ലാ മാതൃവേദി അമ്മമാരെയും മാതൃവേദിയിൽ ഇല്ലാത്ത അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. വരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിലേക്ക് (8921638080) വിളിക്കേണ്ടതാണ്.

**തൊപ്പി നിർമ്മാണ പരിശീലനം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ മാതൃവേദി അംഗങ്ങൾക്കായി തൊപ്പി നിർമ്മാണ പരിശീലനം ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ഏപ്രിൽ 10 ബുധനാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഉണ്ടായിരിക്കുന്നതാണ്. തൊപ്പി നിർമ്മാണ പരിശീലനത്തിന് പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. താൽപര്യമുള്ള എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**മിഷനെ അറിയുക**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ മിഷനെ അറിയുക, മിഷൻ പ്രവർത്തനങ്ങളെ മനസിലാക്കുക എന്ന

ലക്ഷ്യത്തോടെ ജെറുസലെം ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുന്ന ഇന്റർനാഷണൽ മിഷൻ കോൺഗ്രസ് സംഗമത്തിൽ മാതൃവേദിയിലെ എല്ലാ ഇടവകകളിൽ നിന്നുള്ള ഭാരവാഹികളും സംബന്ധിക്കേണ്ടതാണ്. ഏപ്രിൽ 11-ാം തിയ്യതി വ്യാഴാഴ്ച്ച കാലത്ത് 10 മണി മുതൽ 1 മണി വരെ ജെറുസലെം ധ്യാനകേന്ദ്രത്തിൽ വച്ചാണ് ഇത് സംഘടിപ്പിച്ചിരിക്കുന്നത്. ഇടവക ഭാരവാഹികളെയും ഫൊറോന ഭാരവാഹികളെയും അതിരൂപത ഭാരവാഹികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ഏപ്രിൽ 8 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചുട്ടുള്ള ഏലീശ്വാ സഹഗമനം ഏപ്രിൽ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ഏപ്രിൽ 14-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചു തരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ

ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**പ്രോലൈഫ് നേഴ്സസ് സെമിനാർ**

അതിരൂപതയിലെ വിവിധ ആശുപത്രികളിലായി സേവനം ചെയ്യുകയും നഴ്സുമാരാകാൻ പഠിക്കുകയും ചെയ്യുന്ന എല്ലാവരേയും നഴ്സസ് സെമിനാറിലേക്ക് സ്വാഗതം ചെയ്യുന്നു. ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സ്മാർക്ക് ഏറെ സഹായകരവും വിജ്ഞാനപ്രദവുമാണ് ഈ സെമിനാർ. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഹാളിൽ വച്ച് ഏപ്രിൽ 20-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ വൈകീട്ട് 3 വരെ നടത്തപ്പെടുന്ന ഈ സെമിനാറിൽ സംബന്ധിക്കാനായി സ്നേഹത്തോടെ ക്ഷണിക്കുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കാൻ പരിശ്രമിക്കുമല്ലോ.

**'ചിറക്'- നാടകം**

തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ജീവോന്മുഖ പ്രവർത്തനങ്ങൾക്കായും വലിയ കുടുംബ ക്ഷേമ പദ്ധതിയുടെ ധനശേഖരണത്തിനായും ജീവന്റെ മൂല്യം പ്രമേയമാക്കിയിട്ടുള്ള കോഴിക്കോട് സങ്കീർത്തന തിയ്യറ്റേഴ്സിന്റെ 'ചിറക്' എന്ന നാടകം തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക ഹാളിൽ വച്ച് 2024 ഏപ്രിൽ മാസം 28-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 6 pm ന് നടത്തപ്പെടുന്നു. ഈ നാടകം കാണാൻ ആഗ്രഹിക്കുന്നവർ 9846142576 എന്ന നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. പ്രവേശനം പാസ് മൂലമാണ്. എല്ലാ നാടക പ്രേമികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

# സി.സി.ഡബ്ല്യു.ഐ

എല്ലാ മേഖലകളിലും സ്ത്രീകൾ മുന്നോട്ട് വരണമെന്നും സമൂഹത്തെ മൂല്യാധിഷ്ഠിത പാതയിൽ നയിക്കുന്നതിൽ സ്ത്രീകൾക്ക് ഒരു വലിയ പങ്കുണ്ടെന്നും ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വ്യക്തമാക്കി. തൃശ്ശൂർ അതിരൂപത വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സർവദേശീയ വനിതാദിനാഘോഷം

ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കെ.സി.ബി.സി വനിതാ കമ്മീഷന്റെ സെക്രട്ടറി ജയിൻ ആൻസിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. 'സ്ത്രീകളും മൂല്യാധിഷ്ഠിത ജീവിതവും' എന്ന വിഷയത്തെ അധികരിച്ച് ഡോ. സോണിയ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, പ്രൊഫ. എലിസബത്ത് മാത്യു, ഓമന റാഫേൽ, എൽസി വിൻസെന്റ്, സിങ്കമ്മ കള്ളിയത്ത്, നിർമ്മല ആന്റോ എന്നിവർ പ്രസംഗിച്ചു. വിവിധ വനിതാ സംഘടനകൾ പരിപാടിയിൽ സംബന്ധിച്ചു.

**ഫാ.ഡെന്നി താണിക്കൽ** — **ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
ഡയറക്ടർ — പ്രസിഡന്റ്

## തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

### ക്രിസ്ത്യൻ ന്യൂനപക്ഷ പ്രശ്നം: മൂന്നംഗ കമ്മിറ്റി

സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക, പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നം പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് അഭിപ്രായം സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി. പൊതുഭരണ വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറിമാരാണ് മറ്റ് അംഗങ്ങൾ. രണ്ടാഴ്ച കൂടുമ്പോൾ കമ്മിറ്റി യോഗം ചേരും. ഓരോ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകൾ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെക്കൂടി പങ്കെടുപ്പിച്ച് പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തും. ഇതിനായി ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കും. ഫിഷറീസ്, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, ന്യൂനപക്ഷ ക്ഷേമ വകുപ്പുകൾക്ക് മുൻഗണന നൽകും. കുറഞ്ഞ സമയത്തിൽ നടപ്പാക്കാവുന്ന ശുപാർശകൾ പരിശോധിച്ച് ഒരു മാസത്തിനുള്ള മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

**റെയിൽവേ: 4650 തസ്തികകൾ**

റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് 4650 തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. 4208 കോൺസ്റ്റബിൾ, 452 എസ് ഐ തസ്തികകളിലാണ് ഒഴിവുള്ളത്. EWS സർട്ടിഫിക്കറ്റുള്ളവർക്ക് 10 ശതമാനം സംവരണം ഉണ്ട്. പരീക്ഷാഫീസ് ജനറൽ, ഒബിസി കുട്ടികൾക്ക് 500 രൂപയും SC,ST, സ്ത്രീ, എക്സ് സർവീസ് മെൻ ഇബിസി എന്നിവർക്ക് 250 രൂപയും ആയിരിക്കും. കമ്പ്യൂട്ടർ ബേസ്ഡ് ടെസ്റ്റ്, ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ്. ഡോക്യുമെന്റ് വെരിഫിക്കേഷൻ, മെഡിക്കൽ എക്സാമിനേഷൻ, ഫൈനൽ മെറിറ്റ് ലിസ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്. സബ്ഇൻസ്പെക്ടർക്ക് 35,400 രൂപയും കോൺസ്റ്റബിളിന് 21,700 രൂപയും ആയിരിക്കും ശമ്പളം അപേക്ഷ ലഭിക്കേണ്ട അവസാന തീയതി – 2024 മെയ് 14.

റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് ടെക്നീഷ്യന്മാരെ തെരഞ്ഞെടുക്കുന്നു. പത്താം ക്ലാസ്, പ്ലസ് ടു, ഐ.ടി.ഐ., ഡിഗ്രി, ഡിപ്ലോമ യോഗ്യതകൾ ഉള്ളവർക്ക് ടെക്നീഷ്യൻ പോസ്റ്റിന് അപേക്ഷിക്കാം. 9000 പോസ്റ്റുകൾ ഉണ്ട്. EWS സർട്ടിഫിക്കറ്റുള്ളവർക്ക് 10 ശതമാനം സംവരണം ഉണ്ട്.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി – 8 ഏപ്രിൽ 2024

**കേരള പബ്ലിക് സർവീസ് കമ്മിഷൻ ഫുഡ് സേഫ്റ്റി ഓഫീസർ, ഡയറ്റീഷ്യൻ, ഓവർസിയർ / ഡ്രാഫ്റ്റ്മേൻ തുടങ്ങിയ തസ്തികകളിലേക്ക് നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചു**

കേരള പബ്ലിക് സർവീസ് കമ്മിഷൻ ഫുഡ് സേഫ്റ്റി ഓഫീസർ, ഡയറ്റീഷ്യൻ, ഓവർസിയർ / ഡ്രാഫ്റ്റ്മേൻ തുടങ്ങിയ തസ്തികകളിലേക്ക് നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള സംസ്ഥാനത്തിന് കീഴിൽ സർക്കാർ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന അപേക്ഷകർക്ക് അപേക്ഷിക്കാം. തസ്തികകളും യോഗ്യത മാനണ്ഡങ്ങളും അപേക്ഷ സമർപ്പണത്തിനുള്ള നിർദേശങ്ങളും സെലക്ഷൻ നടപടികളും അടങ്ങിയ ഔദ്യോഗിക വിജ്ഞാപനം 1/3/2024 –ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. EWS സർട്ടിഫിക്കറ്റുള്ളവർക്ക് 10 ശതമാനം സംവരണം ഉണ്ട്.

പ്രായപരിധി : 18 വയസ്സിനും 36 വയസ്സിനും ഇടയിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി : 2024 ഏപ്രിൽ 3.

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**

ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005

ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' മാർച്ച് 9-ാം തിയ്യതി കാച്ചേരി സെന്റ്. മേരീസ് മൈനർ സെമിനാരിയിൽ വച്ച് നടന്നു. ലോഫിൽ നിന്നും പുറമെ നിന്നുമുള്ള കുടുംബങ്ങൾ പങ്കെടുത്തു. ദിവ്യകാരുണ്യ ആരാധന, കുർബാന, വചന സന്ദേശം എന്നിവയിൽ എല്ലാ കുടുംബങ്ങളും സന്തോഷ പൂർവ്വം പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും, സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

## LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം 2024 ഏപ്രിൽ 19, 20, 21 തിയ്യതികളിലായി നെടുപുഴ ജോർദ്ദാനിയ ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 19 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 21 ഞായറാഴ്ച വെകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF ACADEMIC SESSION

മാർച്ച് മാസത്തെ ലോഫ് അക്കാഡമിക് സെക്ഷൻ 24-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടന്നു. പ്രാർത്ഥന യ്ക്കും പങ്കുവെയ്ക്കലിനും ശേഷം നടന്ന സഭാ പഠനത്തിന് ഡോ. വിമൽ, അഡ്വ. റീനു ദമ്പതികൾ നേതൃത്വം നൽകി. പങ്കെടുക്കു

കയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി പറയുന്നു.

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# മദ്യവിരുദ്ധസമിതി

**1. പിതൃദിനാചരണം പരിയാരം പള്ളിയിൽ**

മാർ യൗസേപ്പിതാവിനെ സുബോധമുള്ള മാതൃകാകുടുംബനാഥനായി അനുസ്മരിച്ചാദരിക്കുവാൻ മാർച്ച് 19 പിതൃദിനമായി കൊണ്ടാടുകയാണ്. പരിയാരം സെന്റ് ജോസഫ് ദൈവാലയമാണ് വേദി. കാലത്ത് 10 ന് സമാരംഭിക്കുന്ന സമൂഹ ദിവ്യബലിക്ക് റവ. ഫാ. ബെന്നി കിടങ്ങൻ മുഖ്യകാർമ്മികനായിരിക്കും. ബഹു. സിന്റോ പൊന്തേക്കൻ അച്ചൻ തിരുനാൾ സന്ദേശം പങ്കുവയ്ക്കുന്നതാണ്. തുടർന്നു ചേരുന്ന പൊതുസമ്മേളനം അതിരൂപത ഡയരക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്യുന്നതാണ്. അതിരൂപത പ്രസിഡന്റ് വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ വികാരിയും മുൻ അതിരൂപത മദ്യവിരുദ്ധ സമിതി ഡയരക്ടറുമായ ഫാ. ഡേവീസ് ചക്കാലയ്ക്കൽ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. ശ്രീമതി ലിജി ടീച്ചർ, ശ്രീ റോബിൻ തുടങ്ങിയവരാണ് പരിപാടിക്ക് നേതൃത്വം നൽകുന്നത്. റവ. സി. എൻസ്വീഡ് (ആനിമേറ്റർ), സിജോ ഇഞ്ചോടിക്കാരൻ (സെക്രട്ടറി), കൊച്ചുവർക്കി തരകൻ (ട്രഷറർ) തുടങ്ങിയവർ പങ്കെടുക്കുന്നതായിരിക്കും. ബഹു. ബ്രദർ ലൂയിസ് മഞ്ഞളി എം.എം.ബി. രചിച്ച 'ഒലിവുപൂക്കൾ' എന്ന കൃതി യൗസേപ്പ് നാമധാരികൾക്കെല്ലാം തിരുനാൾ സ്മാരകമായി വിതരണം ചെയ്യുന്നുണ്ട്.

**2. ഈസ്റ്റർ മദ്യവിമുക്തമാക്കുക: ഉപവാസ പ്രാർത്ഥന**

ഈസ്റ്റർ പോലുള്ള വിശുദ്ധ ദിനങ്ങൾ മദ്യവും മയക്കുമരുന്നുകളും ഉപയോഗിച്ച് ദുഷിപ്പിച്ച് ദുർമാതൃകാ ദിവസങ്ങളാക്കരുതെന്ന് ആഹ്വാനം ചെയ്തുകൊണ്ട് അതിരൂപത ഡയറക്ടറും സഹപ്രവർത്തകരും 23.03.2024 ശനിയാഴ്ച ഉപവസിക്കുന്നു. പട്ടിക്കാട്

സെന്ററിൽ രാവിലെ 9.45 മുതൽ വൈകീട്ട് 5 മണി വരെയാണ് പ്രാർത്ഥനാ ഉപവാസം. സഹായമെത്രാൻ മാർ ടോണി നീലങ്കാവിലാണ് ഈ സംരംഭം ഉദ്ഘാടനം ചെയ്യുന്നത്. പട്ടിക്കാട് സെന്റ് ഫ്രാൻസിസ് സേവ്യർ ഫൊറോന പള്ളി വികാരി വെരി റവ. ഫാ. ജിജോ വള്ളൂപ്പാറ അദ്ധ്യക്ഷത വഹിക്കുന്നു. മേരിമാത മേജർ സെമിനാരി റെക്ടർ റവ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ മുഖ്യപ്രഭാഷണം നടത്തുന്നതാണ്. ഫൊറോന ആനിമേറ്റർ റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ, പ്രസിഡന്റ് വി.എം. അഗസ്റ്റിൻ, സെക്രട്ടറി സിജോ ഇഞ്ചോടിക്കാരൻ, ശ്രീ. ടി.എസ്. അബ്രാഹം, ശ്രീ. സി.പി. ഡേവീസ്, ശ്രീ. ഇ.എ. ജോസഫ് തുടങ്ങിയവർ പ്രസംഗിക്കുന്നു. കൺവീനർ ശ്രീ. രാജു, ആനിമേറ്റർ സി. എൻസ്വീഡ് സി.എസ്.സി. കൊച്ചുവർക്കി തരകൻ തുടങ്ങിയവർ നേതൃത്വം നൽകുന്നുണ്ട്. പരിപാടിയുടെ വിജയത്തിനായി 14.03.2024 വ്യാഴാഴ്ച ഫൊറോന വികാരിയുടെ മഹനീയ അദ്ധ്യക്ഷതയിൽ കൂടിയാലോചന നടത്തി. റവ. ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ എം.സി.ബി.എസ്. ആണ് സമാപന സന്ദേശം പകരുക. ഈസ്റ്റർ ലഹരി വിമുക്തമാക്കുവാൻ പട്ടിക്കാട് സെന്ററിൽ അരങ്ങേറ്റുന്ന പരിപാടിയുടെ മാതൃകയിൽ യൂണിറ്റുകളിൽ പ്രതീകാത്മകവും സന്ദർഭോചിതവുമായ ചടങ്ങുകൾ സംഘടിപ്പിക്കുവാൻ ശ്രമിക്കുമല്ലോ.

**3. ശ്രീ. ജെയ്മോഹന് പിന്തുണ**

'മഞ്ഞുമ്മൽ ബോയ്സ്' എന്ന സിനിമ മലയാളികൾക്ക് നാണക്കേടാണെന്നും അതിലെ കുടിസീനുകൾ മദ്യാസക്തിയെ വർദ്ധിപ്പിക്കുമെന്നും ദേശീയ തലത്തിൽ കേരള സമൂഹത്തെ അപഹാസ്യമാക്കുമെന്നും തുറന്നടിച്ച ജെയ്മോഹൻ എന്ന കലാകാരനെ തൃശൂർ അതിരൂപത മദ്യവിരുദ്ധ സമിതി മുക്തകണ്ഠം പ്രശംസിച്ചു. ധർമ്മബോധമുള്ള ഏതൊരു വ്യക്തിയും 'രാജാവ് നഗ്നനാണെന്ന്' സധൈര്യം പ്രഖ്യാപിച്ച ഈ മാധ്യമ പ്രവർത്തകനെ പിന്തുണയ്ക്കണമെന്ന് വെരി റവ. ഫാ. ജിജോ വള്ളൂപ്പാറ പ്രഖ്യാപിച്ചു. ഇതു സംബന്ധിച്ച് അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട് വി.എം. അഗസ്റ്റിൻ, രാജു പട്ടിക്കാട്, കൊച്ചുവർക്കി തരകൻ തുടങ്ങിയവർ പ്രസംഗിച്ചു.

| | |
|---|---|
| **ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ** | **ശ്രീ. ലിന്റോ ഫ്രാൻസിസ്** |
| ഡയറക്ടർ | പി.ആർ.ഒ. |

# ചിൽഡ്രൻസ് മിനിസ്ട്രി

**ആനിമേറ്റേഴ്സ് പരിശീലന ക്യാമ്പ്**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., ആൾത്താരസംഘം, എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സിനുവേണ്ടിയുള്ള പരിശീലന ക്യാമ്പ് തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ വെച്ച് ഏപ്രിൽ 2-ാം തിയതി സംഘടിപ്പിക്കുന്നു. രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4 ന് അവസാനിക്കുന്ന വിധത്തിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. മൂന്ന് സംഘടനകളിലേയും ആനിമേറ്റേഴ്സിന് സംഘടനാടിസ്ഥാനത്തിൽ വ്യത്യസ്ത ക്ലാസ് മുറികളിലായിരിക്കും ക്യാമ്പ് നടത്തപ്പെടുക. രജിസ്ട്രേഷൻ ഫീസ് ഒരു ആനിമേറ്റർക്ക് 100/- രുപയാണ്.

**അതിരൂപതതല നേതൃത്വ പരിശീലന ക്യാമ്പുകൾ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിലുള്ള തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ ഭാരവാഹികൾക്കായി അതിരൂപതതല നേതൃത്വപരിശീലന ക്യാമ്പുകൾ തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ വെച്ച് സംഘടിപ്പിക്കുന്നു. തിരുബാലസഖ്യം കുട്ടികൾക്കായി സ്പർശ് ക്യാമ്പ് ഏപ്രിൽ 3, 4 (ബുധൻ, വ്യാഴം) തിയതികളിലും, അൾത്താരസംഘം കുട്ടികൾക്കായി ബെർക്കുമെൻസ് ക്യാമ്പ് ഏപ്രിൽ 9, 10 (ചൊവ്വ, ബുധൻ) തിയതികളിലും, ജൂനിയർ സി.എൽ.സി കുട്ടികൾക്കായി ക്രിസ്ത്യൻ ലൈഫ് ക്യാമ്പ് ഏപ്രിൽ 11, 12 (വ്യാഴം, വെള്ളി) തിയതികളിലുമായി നടത്തപ്പെടുക. ഒന്നാം ദിവസം രാവിലെ 9 ന് ആരംഭിച്ച് രണ്ടാം ദിവസം വൈകീട്ട് 4.00 ന് അവസാനിക്കുന്ന വിധത്തിലാണ് എല്ലാ ക്യാമ്പുകളും ക്രമീകരിച്ചിരിക്കുന്നത്. ഈ ക്യാമ്പുകളിൽവെച്ചാണ് ഫൊറോന അതിരൂപതാ ഭാരവാഹികളെ നിശ്ചയിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 150/- രുപയാണ്.

**BCL, SFL, MCL Leagues 2024**

അൾത്താരസംഘം കുട്ടികൾക്കായി ഏപ്രിൽ 15,16 തിയതികളിൽ തൃശ്ശൂർ, തോപ്പ് സ്റ്റേഡിയത്തിൽ ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗും (BCL), ഏപ്രിൽ 22,23 തിയതികളിൽ കുരിയച്ചിറ – നെഹ്റു നഗർ, Diego Sports Hub ൽ ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈവ്സ് ഫുട്ബോൾ ലീഗും (SFL), ജൂനിയർ സി.എൽ.സി. കട്ടികൾക്കായി ഏപ്രിൽ 29 ന് മരിയൻ ക്യാരംസ് ലീഗും (MCL),

ഏപ്രിൽ 30 ന് മരിയൻ ചെസ്സ് ലീഗും (MCL) സംഘടിപ്പിക്കുന്നു. രജിസ്റ്റർ ചെയ്ത ടീമുകൾ അവർക്ക് ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് മത്സരങ്ങളിൽ പങ്കെടുക്കേണ്ടതാണ്.

**Rainbow, Colours & Hesed**

2024 മെയ് മാസം മുതൽ ഈ വർഷം മുഴുവൻ അവധി ദിവസങ്ങളിൽ ചിൽഡ്രൻസ് മിനിസ്ട്രിയിലെ കുട്ടികൾക്കായി ഏകദിന പരിശീലന ക്യാമ്പുകൾ (Rainbow, Colours & Hesed) നേരത്തെ ബുക്ക് ചെയ്യുന്ന ഇടവകകകൾക്കും സ്കുളുകൾക്കും നടത്തികൊടുക്കുന്നു. ഇതിനോടകം പത്തോളം സ്കുളുകളിലും ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് Rainbow ക്യാമ്പും, എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് Colours ക്യാമ്പും, അൾത്താരസംഘം കുട്ടികൾക്ക് Hesed ക്യാമ്പും വിഭാവനം ചെയ്തിരിക്കുന്നു. ബുക്കിങ്ങിനായി ഡയറക്ടറച്ചന്റെ ഫോണിൽ ബന്ധപ്പെടുക (Ph. 8157096969).

**യൂണിറ്റ് രജിസ്ട്രേഷൻ 2024**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2024 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ പരിപാടികളിലും പങ്കെടുക്കുന്നതിന് യൂണിറ്റ് രജിസ്ട്രേഷൻ നിർബന്ധമാണ്. ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് നേരിട്ട് 100 രൂപ അടച്ച് ഓരോ യൂണിറ്റുകളും അതാതു സംഘടനാകളുടെ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**എയ്ഞ്ചലോസ് 2024**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2023 മെയ് 19-ന് അതിരൂപതതലത്തിൽ ഈ വർഷം ആഘോഷമായ കുർബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 5 മണിവരെ തൃശ്ശൂർ ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ വച്ച് സ്വീകരണം നൽകുന്നു. എല്ലാ ഇടവകകളിൽ നിന്നും പങ്കാളിത്വവും സഹകരണവും പ്രതീക്ഷിക്കുന്നു.

പ്രാർത്ഥിക്കാം, പ്രവർത്തിക്കാം

തിരുവചനം: ''കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷ പ്രാപിക്കും.'' (അപ്പ 2: 21)

സുകൃതജപം: ഓ പാവനാത്മാവേ എന്നിൽ വന്നു നിറയണമേ!

പ്രാർത്ഥനാ നിയോഗം: തിരുസഭയിൽ ധാരാളം നല്ല ദൈവവിളികൾ ഉണ്ടാകു**ന്നതിന്.**

പരിചയപ്പെടുന്ന വിശുദ്ധൻ: ''ദരിദ്രർ സദാ നിങ്ങളോടുകൂടെ

ഉണ്ടായിരിക്കും'' എന്ന ദിവ്യരക്ഷകന്റെ വാക്കുകൾ നാം ഈ മാസം പരിചയപ്പെടുവാൻ പോകുന്ന വിശുദ്ധന്റെ കാര്യത്തിൽ അനുസ്മരിക്കാം. എല്ലാ ഭിക്ഷുക്കളും വഞ്ചകരാണെന്ന് മുദ്രയടിക്കരുത് അവരിൽ വിശുദ്ധാത്മാക്കളും ഉണ്ടാവാം. അങ്ങനെ തിരുസഭയ്ക്ക് ലഭിച്ച വിശുദ്ധനാണ് ഫ്രാൻസിലെ വി. ബെനഡിക്ട് ജോസഫ് ലാബ്രേ. ട്രാപിസ്റ്റ് സന്യാസ സഭയിൽ ട്രാപിസ്റ്റ് നിയമമനുസരിച്ച് ജീവിക്കുവാൻ കഴിവില്ലെന്നുള്ള കാരണത്താൽ ബനഡിക്ട് നേ ാവിഷേറ്റിൽ നിന്നും പോന്നു. ഭിക്ഷാടനം ചെയ്ത് തീർത്ഥാടനസ്ഥലങ്ങൾ സന്ദർശിക്കവെ അനേകം ഭക്തർക്ക് അദ്ദേഹത്തിന്റെ ദൈവഭക്തി ഉത്തേജനം നല്കി. സഖലോലുപരെ അദ്ദേഹത്തിന്റെ ജീവിതം ലജ്ജിപ്പിച്ചു. തനിക്ക് ലഭിച്ചിരുന്ന ധർമ്മത്തിൽ നിന്ന് ആവശ്യത്തിൽ കൂടുതലുള്ളത് അദ്ദേഹം അടുത്ത ഭിക്ഷുവിന് നല്കിയിരുന്നു. എട്ട് വർഷത്തോളം ഭിക്ഷാടനത്തിൽ കഴിഞ്ഞ് ഭിക്ഷുക്കളുടെ ഇടയിൽ കഴിഞ്ഞു. 1783 ൽ വലിയ നോമ്പിലെ ഒരു വലിയ ബുധനാഴ്ച്ച വിശുദ്ധ കുർബാന കണ്ടുകൊണ്ടിരിക്കവെ നല്ല ഒരു മരണം കൈവരിക്കുവാൻ ഈ ഭാഗ്യപ്പെട്ട വിശുദ്ധന് സാധിച്ചു. ഈ വിശുദ്ധനെ തിരുസഭയിൽ സ്മരിക്കുന്നത് ഏപ്രിൽ 16 നാണ്.

പ്രവർത്തനം: ഈ വേനലവധിക്ക് എല്ലാ ദിവസവും മുടങ്ങാതെ ദിവ്യബലിയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# സി.എൽ.സി.

**2024 – 2025 വർഷത്തെ പുതിയ ഭാരവാഹികൾ**

തൃശ്ശൂർ അതിരൂപത സി.എൽ.സി. 2024–2025 വർഷത്തെ പുതിയ ഭാരവാഹികൾ ചുമതലയേറ്റു. അതിരൂപത ഫാമിലി അപ്പാസ്തോലേറ്റിൽ വച്ച് നടന്ന ചടങ്ങിൽ അതിരൂപത സി.എൽ.സി. ജനറൽ കോർഡിനേറ്റർ ജോമി ജോൺസൻ സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ഡോംസൺ സൈമൺ അധ്യക്ഷത വഹിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ. ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനവും തുടർന്ന് പുതിയ ഭാരവാഹികൾക്ക് പീത്തയും വിതരണം ചെയ്തു.

സംസ്ഥാനരൂപത പ്രമോട്ടർ പഴയ എക്സിക്യൂട്ടിവ് അംഗങ്ങൾക്ക് മൊമെന്റോ വിതരണം ചെയ്യുകയും തുടർന്ന് അതിരൂപത സി.എൽ. സി. പ്രൊമോട്ടർ ഫാ.ഫ്രജോ വാഴപ്പിള്ളി, സീനിയർ വിഭാഗം മുൻ പ്രസിഡന്റ് എ ഡി ഷാജു എന്നിവർ പുതിയ ഭാരവാഹികൾക്ക് അനുമോദനം അറിയിച്ചു. അസിസ്റ്റന്റ് പ്രൊമോട്ടർ ഫാ. സിബിൻ ഊക്കൻ അംഗങ്ങൾക്ക് സത്യപ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ആശംസ അറിയിക്കുകയും ചെയ്തു. പ്രസിഡന്റ് ആയി സ്ഥാനമേറ്റ ജെറിൻ ജോസ്, വിനേഷ് കൊള്ളേങ്ങാടൻ (സി.എൽ.സി. സീനിയർ) എന്നിവർ നയപ്രഖ്യാപന പ്രസംഗം നടത്തി. അതിരൂപത സീനിയർ സി.എൽ.സി. സെക്രട്ടറി ഡെനസ് പല്ലിശ്ശേരി നന്ദി പറഞ്ഞു. അനിമേറ്റർ സി. ജ്യോതിസ്, സംസ്ഥാന നേഷ്ണൽ സി.എൽ.സി. ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു.

### സി.എൽ.സി. യുടെ ഹോളി റൈഡ്

തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഹോളി റൈഡ് റവ. ഫാ ഫ്രജോ വാഴപ്പിള്ളിയുടെയും റവ. ഫാ. പോൾ മാളിയമാവിന്റെയും റവ. ഫാ. റിജോയ് തൈവളപ്പിലിന്റെയും ആത്മീയ നേതൃത്വത്തിൽ ഒല്ലൂർ വിശുദ്ധ ഏവുപ്രാസ്യമ്മയുടെ കബറിടത്തിൽ നിന്നും വിശുദ്ധ ബലിയോട് കൂടിയാണ് ആരംഭിച്ചത്. യുവാക്കളിൽ ആത്മീയ ഉണർവ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി അതിരൂപത സി.എൽ.സി. നേതൃത്വം നൽകി കേരളത്തിലെ നാല് വിശുദ്ധരുടെ കബറിടങ്ങളിലേക്ക് ബൈക്കിലൂടെ ഒരു വിശുദ്ധ യാത്രയാണ് സംഘടിപ്പിച്ചത്. ഒല്ലൂർ വിശുദ്ധ ഏവുപ്രാസ്യമ്മയുടെ കബറിടത്തിൽ നിന്നും കുഴിക്കാട്ടുശ്ശേരി വിശുദ്ധ മറിയം ത്രേസ്യയുടെ കബറിടത്തിലേക്ക് തുടർന്ന് മാന്നാനം വിശുദ്ധ ചാവറ അച്ചന്റെ കബറിടത്തിലേക്കും അവസാനം ഇന്ത്യയിലെ ആദ്യ വിശുദ്ധ എന്നറിയപ്പെടുന്ന അൽഫോൺസാമ്മയുടെ കബറിടത്തിൽ എത്തി സമാപിച്ചു. യാത്രയിൽ 25-ഓളം ബൈക്കുകൾ പങ്കുകാരായി.

### രോഗിദിനം

രോഗി ദിനത്തോട് അനുബന്ധിച്ച് തൃശ്ശൂർ അതിരൂപത സി.എൽ. സി. പേരാമംഗലം മരിയ ഭവൻ സന്ദർശിക്കുകയുണ്ടായി. അവിടേക്കുള്ള അവശ്യവസ്തുക്കൾ എത്തിച്ചു കൊടുക്കുകയും അവരോടൊപ്പം കലാപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു.

### തൃശ്ശൂർ അതിരൂപത സി.എൽ.സി. ജനറൽ ബോഡി യോഗം

അതിരൂപത സി.എൽ.സി.യുടെ ഈ വർഷത്തെ ആദ്യ ജനറൽ ബോഡി യോഗം ഫെബ്രുവരി 25 ഞായാഴ്ച്ച (25/2/2024) കാലത്ത് 10:30 ന് തൃശ്ശൂർ സെന്റ്. ക്ലെയേഴ്സ് സ്കൂളിൽ വച്ച് നടന്നു. യോഗം

തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഉദ്ഘാടനം നിർവഹിച്ചു. സി.എൽ.സി. പ്രമോട്ടർ റവ. ഫാ. ഫ്രെജോ വാഴപ്പിള്ളി ആമുഖപ്രഭാഷണം നടത്തി. പ്രസിഡണ്ട് ജെറിൻ ജോസ് അധ്യക്ഷനായിരുന്ന യോഗത്തിൽ ട്രഷറർ നൈബിൻ ആന്റണി സ്വാഗതവും, സെക്രട്ടറി ഗ്ലോറിൻ ജോയ് റിപ്പോർട്ടും അവതരിപ്പിച്ചു. 2024 വർഷത്തെ വാർഷിക പദ്ധതി പ്രകാശനം ചെയ്തു. കൂടാതെ, കഴിഞ്ഞ വർഷത്തെ മദർ തെരേസ ചിത്രരചന മത്സരവിജയികൾക്കുള്ള സമ്മാന വിതരണവും ഉണ്ടായിരുന്നു. സമ്മാനർഹരായവർക്കായി അതിരൂപത സി.എൽ.സി. അസിസ്റ്റന്റ് പ്രമോട്ടർ ഫാ. സെബി വെളിയൻ അനുമോദനമറിയിച്ചു സംസാരിച്ചു.

**സി.എൽ.സി. വനിതാ ദിനം ആഘോഷിച്ചു**

തൃശ്ശൂർ അതിരൂപത സി.എൽ.സി. യുടെ നേതൃത്വത്തിൽ മാർച്ച് 8 ന് ലോക വനിതാ ദിനം ആചരിച്ചു. ജീവിതത്തിന്റെ തിരക്കിൽ പെട്ടു പോവുന്ന സ്ത്രീകളുടെ ജീവിതത്തിലേക്ക് ആകസ്മികമായി കയറി ചെന്ന് സമ്മാനവും വനിതാ ദിനത്തിന്റെ മധുരവും നൽകി കൊണ്ടായിരുന്നു ലോക വനിതാ ദിനം ആഘോഷിച്ചത്. അതോടൊപ്പം ലോക ബ്ലൈൻഡ് ഗെയിംസിൽ സ്വർണം നേടിയ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിലെ മലയാളി സാന്നിധ്യമായ സാന്ദ്ര ഡേവിസിനെ ആദരിക്കുകയും ചെയ്തു. വൈസ് പ്രസിഡന്റ് മീട്ടു മനോജ്, ജോയിന്റ് സെക്രട്ടറി സിയ, അതിരൂപത ഭാരവാഹികളായ അനഘ, ആൻസ്, അഞ്ജന, നിരഞ്ജന എന്നിവർ നേതൃത്വം നൽകി.

**ഫാ. ഫ്രജോ വാഴപ്പിള്ളി** — **ജെറിൻ ജോസ്**
പ്രമോട്ടർ — പ്രസിഡന്റ്

## ജീസസ്സ് യൂത്ത്

**കേപ്പാ ലീഡേഴ്സ് ട്രെയിനിങ്ങ് രണ്ടാമത്തെ മൊഡ്യൂളിലേക്ക്**

'ഞാൻ നിന്നോട് പറയുന്നു: നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും.' (വി. മത്തായി 16:18) എന്ന തിരുവചനത്തെ ആസ്പദമാക്കികൊണ്ട് ജീസസ് യൂത്ത് തൃശൂർ സോണിലെ യുവജനങ്ങൾക്കുവേണ്ടി പത്തുമാസം നീണ്ടു നിൽക്കുന്ന 'കേപ്പാ' എന്ന പേരിലുള്ള നേതൃത്വപരിശീലന പരിപാടി രണ്ടാമത്തെ മൊഡ്യൂളിലേക്ക് പ്രവേശിച്ചു. 2024 മാർച്ച് 1

വെള്ളിയാഴ്ച വൈകിട്ടു 7 മണി മുതൽ മാർച്ച് 3 ഞായറാഴ്ച ഉച്ചയ്ക്ക് 12 വരെ ജോർഥാനിയ റിട്രീറ്റ് സെന്ററിൽ വെച്ച് ട്രെയിനിങ്ങിൽ പങ്കെടുക്കുന്ന യുവജനങ്ങളുടെ ആത്മീയ ജീവിതത്തെ വളർത്തിയെടുക്കാൻ ഉതകുന്ന ധ്യാനം സംഘടിപ്പിക്കപ്പെട്ടു. ദൈവസ്നേഹത്തെകുറിച്ചും ദൈവസ്നേഹത്തിൽ നിന്ന് നമ്മെ അകറ്റുന്ന പാപത്തെകുറിച്ചും വിശുദ്ധ കുമ്പസാരത്തിലൂടെ ലഭിക്കുന്ന പാപമോചനത്തെകുറിച്ചും പരിശുദ്ധാത്മാവിനെ കുറിച്ചുമുള്ള സെഷനുകൾക്ക് സജി പന്നിയാർക്കുട്ടി, റവ. ഫാ. ഡിറ്റോ ദേവസി, ബിനോയ് ഇരിഞ്ഞാലക്കുട എന്നിവർ നേതൃത്വം നൽകി. മുപ്പത്തിയഞ്ചോളം യുവജനങ്ങൾ ഇതിൽ പങ്കെടുക്കുകയും അനുഭവവേദ്യമാവുകയും ചെയ്തു.

ഇതിനോടൊപ്പം കേപ്പാ നേതൃത്വപരിശീലന പരിപാടിയിലെ ആദ്യ മോഡ്യൂളിന്റെ ഭാഗമായി ഫെബ്രുവരി 18 ഞായറാഴ്ച രാവിലെ വിശുദ്ധ ബലിക്കുശേഷം യുവജനങ്ങൾ കനകമലയിലേക്ക് പരിഹാരയാത്ര നടത്തുകയും നോമ്പുകാല ചൈതന്യത്തിൽ, പാപപരിഹാരാർത്ഥം കുരിശിന്റെ വഴി ധ്യാനിച്ചുകൊണ്ട് കനകമല കയറുകയും ചെയ്തു.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ**
അസി. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**മേഖല കൺവൻഷൻ**

ഇടവക പ്രാർത്ഥന കൂട്ടായ്മകളെ ശക്തിപെടുത്തുന്നതിനും ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളെ മനസിലാക്കി കരിസ്മാറ്റിക് നവീകരണ ശുശ്രൂഷകൾ സഭാത്മകമായി മുന്നോട്ട് പോകുന്നതിനും വേണ്ടി കത്തോലിക്ക കരിസ്മാറ്റിക്ക് കൺവൻഷൻ നാല് മേഖലകളിലായി ഫെബ്രുവരി 19, 20, 21, 22 തീയതികളിൽ നടത്തപ്പെട്ടു. കേരള സർവ്വീസ് ടീമും, തൃശൂർ സോണൽ സർവ്വീസ് ടീമും ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ഫെബ്രുവരി 19ന് വേലൂർ, എരുമപ്പെട്ടി, ചേലക്കര, വടക്കാഞ്ചേരി സബ് സോണുകളുടെ നേതൃത്വത്തിൽ മേഖല കൺവൻഷൻ നടത്തി. വടക്കാഞ്ചേരി ഫെറോന പള്ളിയിൽവെച്ച് കാലത്ത് 10 മണിക്ക് ഫെറോന വികാരി റവ. ഫാ തരകൻ വർഗീസ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ആ്യ. സെബാസ്റ്റ്യൻ താണിക്കൻ വചന ശ്രുശൂഷയ്ക്ക് നേതൃത്വം നൽകി. തൃശൂർ അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ വി. ബലി അർപ്പിച്ച് ദിവ്യകാരുണ്യ ആരാധന നടത്തി, ആശീർവാദം നൽകി.

ഫെബ്രുവരി 20ന് പാലയൂർ, പറപ്പൂർ, കണ്ടശ്ശാംകടവ്, മറ്റം സബ് സോണുകളിൽ മേഖല കൺവൻഷൻ പാവർട്ടി തീർത്ഥകേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ടു. കാലത്ത് 10 മണിക്ക് പറപ്പൂർ ഫെറോന വികാരി റവ. ഫാ. സെബി പുത്തൂർ ഉദ്ഘാടനം ചെയ്തു. കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ വി. ബലിക്കും ആരാധനക്കും നേതൃത്വം നൽകി.

ഫെബ്രുവരി 21ന് പുത്തൂർ, പുതുക്കാട്, പഴുവിൽ, ഒല്ലൂർ സബ് സോണുകളുടെ മേഖല കൺവഷൻ ഒല്ലൂർ മേരിമാത പള്ളിയിൽവെച്ച് കാലത്ത് 10 മണിക്ക് ഒല്ലൂർ ഫെറോന വികാരി റവ. ഫാ ആന്റണി ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു. വി. ബലിയും, ആരാധനയും കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ റോയ് വേളക്കൊമ്പിൽ.

ഫെബ്രുവരി 22 ന് ലൂർദ്ദ്, ബസിലിക്ക, പട്ടിക്കാട്, കൊട്ടേക്കാട് സബ് സോണുകളുടെ മേഖല കൺവെൻഷൻ ബസിലിക്കയിൽവെച്ച് നടന്നു. കാലത്ത് 10 മണിക്ക് തൃശ്ശൂർ ബസിലിക്ക വികാരി റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. കരിസ്മാറ്റിക് ഡയറക്ടർ റവ.ഫാ. റോയ് വേളക്കൊമ്പിൽ വി. ബലിയും ആരാധനയും നടത്തി.

**ഫാ. റോയ് വേളക്കൊമ്പിൽ**
ഡയറക്ടർ

**ഫാ. സിന്റോ പൊന്തേക്കൻ**
അസി. ഡയറക്ടർ

**Statement about ownership and particulars about the magazine "Trichur Archdiocesan Bulletin" (English / Malayalam ) (Form IV SEE RULE 8)**

| | | |
|---|---|---|
| 1. Place of publication | : | Trichur |
| 2. Periodic of its, publication | : | Monthly |
| 3. Selling price | : | Rs.25/- |
| 4. Printer's name | : | Dr. Francis Aloor |
| Nationality | : | Indian |
| Address | : | Editor, Trichur Archdiocesan Bulletin<br>Catholic Archbishop's House, East Fort, Thrissur - 680 005 |
| 5. Publisher's name | : | As in 4 |
| 6. Editor's name | : | As in 4 |

7. Name and addressof the individuals who own the periodical and the partners or shareholders holding more than one percent of the total capital.

Editor,
Trichur Archdiocesan Bulletin
Catholic Archbishop's House
East Fort,Thrissur - 680 005

I, Dr. Francis Aloor, hereby declare that the particulars given above are true to the best of my knowledge and belief.

Sd/- 15.04.2018
Dr. Francis Aloor Thrissur
*(Publisher)*








**തൃശ്ശൂർ അതിരൂപത സമുദായ ജാഗ്രത സമ്മേളനം**

**2024 ഫെബ്രുവരി 25**

**മാർ ജോസഫ് കുണ്ടുകുളം നഗർ, തൃശ്ശൂർ**

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.03.2024
**April - 2024**




**27–ാ മത് പാലയൂർ മഹാതീർത്ഥാടനം**
**2024 മാർച്ച് 17**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor